بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ    نَحۡمَدُہٗ وَنُصَلِّیۡ عَلٰی رَسُوۡلِہِ الۡکَرِیۡمِ    وَعَلٰی عَبۡدِہِ الۡمَسِیۡحِ الۡمَوۡعُوۡدِ

وَلَقَدۡ نَصَرَکُمُ اللّٰہُ بِبَدۡرٍ وَّاَنۡتُمۡ اَذِلَّۃٌ

വാള്യം 6 | ലക്കം 50

# ബദർ

വീക്കിലി ഖാദിയാൻ

Weekly BADAR Qadian Malayalam

വാർഷിക വരിസംഖ്യ 575 രൂപ

പത്രാധിപർ എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ മുഹമ്മദ് ഇസ്മായീൽ

www.akhbarbadrqadian.in

2021 ഡിസംബർ 16/ഹി.ശം. 1400 ഫതഹ് 16/1443 ജമാദുൽ അവ്വൽ 11

## അല്ലാഹുവിന്റെ വചനം

وَقَالُوۡا لَوۡلَاۤ اُنۡزِلَ عَلَیۡہِ مَلَکٌ ؕ وَلَوۡ اَنۡزَلۡنَا مَلَکًا لَّقُضِیَ الۡاَمۡرُ ثُمَّ لَا یُنۡظَرُوۡنَ ۝

(سورۃ الانعام:9)

'അവർ പറയുന്നു: 'അവന്റെ അടുത്തു ഒരു മലക്ക് ഇറക്കപ്പെടാത്തതെന്തുകൊണ്ടാണ്? എന്നാൽ, നാമൊരു മലക്കിനെ ഇറക്കിയിരുന്നെങ്കിൽ കാര്യം തീരുമാനിക്കപ്പെട്ടു കഴിഞ്ഞേനേ. പിന്നീട് അവർക്ക് ഒന്നിനും ഇടനല്കപ്പെടുമായിരുന്നില്ല.'(6:9)

## അഹ്മദിയ്യാ വാർത്ത

അൽഹംദുലില്ലാഹ്. സയ്യിദുനാ ഹദ്റത്ത് അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലാഹുത്തആല ബിനസ്രിഹിൽ അസീസ് ദൈവകൃപയാൽ സുഖത്തിലും ക്ഷേമത്തിലുമാണ്. സഹോദരങ്ങൾ അമീറുൽമുഅ്മിനീന്റെ ആയുരാരോഗ്യത്തിനും സ്വാസ്ഥ്യത്തിനും ഉന്നതലക്ഷ്യങ്ങളിൽ വിജയവും പ്രത്യേക കാവലും ഉണ്ടാകുന്നതിനും ദുആ ചെയ്യുക.

അല്ലാഹു എപ്പോഴും നമ്മുടെ പ്രിയങ്കരനായ ഇമാമിന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. ആമീൻ

## നബിﷺയുടെ സാരോപദേശം:

### ഹജ്റുൽ അസ്‌വദിനെ വടികൊണ്ടു തൊടുക

(1607) ഹദ്റത്ത് ഇബ്നു അബ്ബാസ്رضی اللہ عنہ നിവേദനം. അദ്ദേഹം പറഞ്ഞു: 'ഹജ്ജത്തുൽ വദായിൽ ഒട്ടകപ്പുറത്തിരുന്ന് ഒരു വടികൊണ്ട് ഹജ്റുൽ അസ്‌വദിനെ തൊട്ടുകൊണ്ടാണ് നബിﷺതിരുമേനി ത്വവാഫ് ചെയ്തത്.'

(1632) ഹദ്റത്ത് ഇബ്നു അബ്ബാസ്رضی اللہ عنہ നിവേദനം. അദ്ദേഹം പറഞ്ഞു: 'നബിﷺതിരുമേനി ഒരു ഒട്ടകപ്പുറത്ത് കയറിക്കൊണ്ട് കഅ്ബയെ ത്വവാഫു ചെയ്തു. ഹജ്റുൽ അസ്‌വദിന്റെ അടുത്തെത്തിയപ്പോൾ തന്റെ കൈയിലുള്ള ചിലതുകൊണ്ട് അതിന്റെ നേരം ചൂണ്ടി. തക്ബീർ ചൊല്ലുകയും ചെയ്തു. *(സ്വഹീഹ് ബുഖാരി, വാള്യം 3, കിതാബുൽഹജ്ജ്, പ്രസാധനം ഖാദിയാൻ 2008)*

## ഞാൻ സത്യമായും പറയുന്നു:അബൂബക്ർ സിദ്ദീഖ്رضی اللہ عنہ ഇസ്‌ലാമിന് രണ്ടാമത്തെ ആദമാണ്. അവിടത്തെ സൽഗുണങ്ങളുടെ സ്വാധീനം അദ്ദേഹത്തിൽ പതിഞ്ഞിട്ടുണ്ടായിരുന്നു. ഹൃദയം അനുഭവജ്ഞാനത്തിന്റെ പ്രകാശത്താൽ നിറഞ്ഞിട്ടുണ്ടായിരുന്നു.

### സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്علیہ السلام ന്റെ ഉപദേശങ്ങൾ

അക്കാലത്തും മുസയ്‌ലിമ നിഷിദ്ധമായ നിലയിൽ ജനങ്ങളെ ഒരുമിച്ചുകൂട്ടി വെച്ചിരുന്നു. അത്തരം നേരത്താണ് ഹദ്റത്ത് അബൂബക്ർرضی اللہ عنہ ഖലീഫയായത്. എത്രമാത്രം ബുദ്ധിമുട്ടുകൾ അദ്ദേഹത്തിന് നേരിടേണ്ടിവന്നിട്ടുണ്ടാകുമെന്ന് മനുഷ്യന് ചിന്തിക്കാവുന്നതേയുള്ളു. അദ്ദേഹം കരുത്തുറ്റ മനസ്സിന്റെ ഉടമയായിരുന്നില്ലെങ്കിൽ നബിﷺതിരുമേനിയുടെ ഈമാനിന്റെ നിറം അദ്ദേഹത്തിന്റെ ഈമാനിൽ പിടിച്ചിട്ടില്ലായിരുന്നെങ്കിൽ അത്യധികം ബുദ്ധിമുട്ടുകളുണ്ടാകുമായിരുന്നു. പരിഭ്രമിച്ചു പോകുമായിരുന്നു. പക്ഷേ, നബിﷺതിരുമേനിയുടെ അയൽവാസിയായിരുന്നു സിദ്ദീഖ്رضی اللہ عنہ അവിടത്തെ സൽഗുണങ്ങളുടെ സ്വാധീനം അദ്ദേഹത്തിൽ പതിഞ്ഞിട്ടുണ്ടായിരുന്നു. ഹൃദയം അനുഭവജ്ഞാനത്തിന്റെ പ്രകാശത്താൽ നിറഞ്ഞിട്ടുണ്ടായിരുന്നു. അതുകൊണ്ട് അദ്ദേഹം ധീരതയും സ്ഥൈര്യവും കാണിച്ചു. നബിﷺതിരുമേനിക്കുശേഷം അതിനുദാഹരണം ലഭിക്കുക ദുഷ്കരമാണ്. അദ്ദേഹത്തിന്റെ മരണം ഇസ്‌ലാമിന്റെ ജീവിതമായിരുന്നു. ഇതെങ്ങനെയുള്ള പ്രശ്നമാണെന്നാൽ അതിനെ കുറിച്ച് കൂടുതൽ ചർച്ച ചെയ്യേണ്ട ആവശ്യംതന്നെയില്ല. അക്കാലത്തെ അവസ്ഥകൾ വായിക്കുക. പിന്നീട് ഹദ്റത്ത് അബൂബക്ർرضی اللہ عنہ ഇസ്‌ലാമിനു ചെയ്ത സേവനം വിലയിരുത്തുക. ഞാൻ സത്യമായും പറയുന്നു:അബൂബക്ർ സിദ്ദീഖ്رضی اللہ عنہ ഇസ്‌ലാമിന് രണ്ടാമത്തെ ആദമാണ്. നബിﷺതിരുമേനിക്കുശേഷം ഹദ്റത്ത് അബൂബക്ർ എന്ന വ്യക്തിത്വം ഇല്ലായിരുന്നെങ്കിൽ ഇസ്‌ലാമും ഉണ്ടാകുമായിരുന്നില്ലെന്ന് ഞാൻ ദൃഢമായും വിശ്വസിക്കുന്നു. അബൂബക്ർرضی اللہ عنہ വളരെ വലിയ ഔദാര്യമാണ്, അദ്ദേഹം ഇസ്‌ലാമിനെ വീണ്ടും സ്ഥാപിച്ചുവെന്നത്. തന്റെ ഈമാനികശക്തികൊണ്ട് എല്ലാ രാജദ്രോഹികൾക്കും ശിക്ഷ നല്കുകയും സമാധാനം സ്ഥാപിക്കുകയും ചെയ്തു. ഇങ്ങനെ താൻ സത്യവാനായ ഖലീഫയുടെമേൽ സമാധാനം സ്ഥാപിക്കുന്നതാണെന്ന് അല്ലാഹു പറയുകയും വാഗ്ദാനം ചെയ്യുകയും ചെയ്തിരുന്നു. ഈ പ്രവചനം ഹദ്റത്ത് സിദ്ദീഖിന്റെ ഖിലാഫത്തിൽ പുലർന്നു. ആകാശവും ഭൂമിയും അവയുടെ കർമപരമായ നിലയിൽ അതിന് സാക്ഷ്യം നല്കി. അതിനാൽ ഇത് സിദ്ദീഖിന്റെ പ്രശംസയാണ്. അതിൽ സത്യസന്ധതയും ഈ നിലയും ശ്രേഷ്ഠതയും ഉണ്ടാകേണ്ടതാണ്. ദൃശ്യങ്ങൾ കാണുന്നതുകൊണ്ട് പ്രശ്നങ്ങൾ വളരെ പെട്ടെന്ന് പരിഹരിക്കപ്പെടുന്നു. (മൽഫൂദാത്ത് വാള്യം 1, പേജ് 344, പ്രസാധനം ഖാദിയാൻ 2018)

## മാനുഷികമായ നിയമങ്ങളിൽ എപ്പോഴും ഈ കുറവുണ്ടാകുന്നു, ചിലരുടെ അവകാശങ്ങൾ അപഹരിക്കപ്പെടുന്നു, ചിലർക്ക് കൂടുതൽ നല്കപ്പെടുന്നു.

സയ്യിദുനാ ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്رضی اللہ عنہ സൂറത്തുന്നഹ്‌ലിലെ 10-ാമത്തെ വചനമായ **വ അലല്ലാഹി ഖസ്വ്ദുസ്സബീലി വ മിൻഹാ ജാഇറുൻ, വലൗ ശാഅ ലഹദാക്കും അജ്മയീന** എന്നതിന്റെ തഫ്സീറിൽ പറയന്നു: **വ അലല്ലാഹി ഖസ്വ്ദുസ്സബീലി** എന്നതിന്റെ അർഥം, 'നേർമാർഗം കാണിച്ചുകൊടുക്കുക എന്നത് അല്ലാഹുവിന്റെ ബാധ്യതയാണ്' എന്നാകുന്നു. അതായത് **ഹഖ്ഖുൻ അലല്ലാഹി ബയാനു ഖസ്വ്ദിസ്സബീലി.** ഇതേ വിഷയം മറ്റൊരു സ്ഥലത്ത് ഈ വാക്കുകളിൽ വിവരിച്ചിരിക്കുന്നു: **ഇന്ന അലയ്നാ ലൽഹുദാ** (92:13) അതായത് സന്മാർഗം വിവരിച്ചു നല്കുകയെന്നത് നമ്മുടെതന്നെ ജോലിയാണ്. നമ്മുടെതന്നെ ബാധ്യതയാണ്. ഖസ്വ്ദുസ്സബീലി കൊണ്ടു പറഞ്ഞു: നേരായ വഴി അല്ലെങ്കിൽ മധ്യമ നിലയിലുള്ള സുരക്ഷിതമായ വഴി പറഞ്ഞുതരാൻ അല്ലാഹുവിനെ കഴിയൂ. ഇല്ലെങ്കിൽ മനുഷ്യൻ ഭൗതിക കാര്യത്തിന് എന്തെങ്കിലും വഴി ആസൂത്രണം ചെയ്യുമ്പോൾ അതിൽ മധ്യമമല്ലാത്ത വഴികൊണ്ട് പ്രവർത്തിക്കുന്നു. ഇതിൽ ഇങ്ങനേയും പറഞ്ഞിരിക്കുന്നു, (അല്ലാഹുവിന്റെ മേൽനോട്ടത്തിലല്ലാത്ത) ഒരു മനുഷ്യനും ഭാഗംപിടിക്കാത്തവനായിട്ടില്ല. ചിലരോടു അവന് ശത്രുതയുണ്ടാകുന്നു. ചിലരോടു സ്നേഹമുണ്ടാകുന്നു. ചിലരെ തന്റെ സ്വന്തക്കാരനായി മനസ്സിലാക്കുന്നു. ചിലരെ അന്യനായി മനസ്സിലാക്കുന്നു. അതുകൊണ്ട് മാനുഷികമായ നിയമങ്ങളിൽ എപ്പോഴും ഈ കുറവുണ്ടാകുന്നു, ചിലരുടെ അവകാശങ്ങൾ അപഹരിക്കപ്പെടുന്നു, ചിലർക്ക് കൂടുതൽ നല്കപ്പെടുന്നു. അതുകൊണ്ട് എല്ലാവർക്കും സമമായ അവകാശം നല്കുന്ന നിയമം-അതിൽ എല്ലാവരുടേയും അവകാശങ്ങൾ ശ്രദ്ധിക്കപ്പെടുന്നതായിരിക്കും, ഒരാളുടെ അവകാശത്തിലും കറുവു വരികയില്ല, ഒരാളുടെ അവകാശമെടുത്ത് മറ്റൊരാൾക്ക് കൂടുതൽ നല്കുകയുമില്ല-ആ നിയമമുണ്ടാക്കാൻ സൃഷ്ടികളുടെ സഹായത്തിന് ആശ്രിതനല്ലാത്തവനായ അല്ലാഹവിനു മാത്രമെ സാധിക്കുകയുള്ളു;എല്ലാവരും അവന്റെ ദാസരാണ്.

ഇതെത്രമാത്രം ഗംഭീരമായ സത്യതയാണ്. ആയിരക്കണക്കിന് വർഷങ്ങളായി മനുഷ്യൻ നിയമങ്ങളുണ്ടാക്കിക്കൊണ്ടിരിക്കുന്നു. എന്നാൽ, എങ്ങനെയാണ് അതിൽ ചിലരുടെ അവകാശങ്ങൾ അപഹരിക്കപ്പെടുന്നത്, ചിലർക്ക് അവകാശങ്ങൾ കൂടുതൽ നല്കുന്നത്. ഇക്കാലത്തെ രാഷ്ട്രീയപരമായ ഭിന്നിപ്പുകളെത്തന്നെ നോക്കുക. ചില ഭരണകൂടങ്ങൾ തൊഴിലാളികളുടെ അവകാശം അപഹരിക്കുമ്പോൾ ചിലത് അവർക്കുതന്നെ എല്ലാം നല്കി മറ്റുളളവർക്ക് മനുഷ്യാവകാശങ്ങൾ നിഷേധിച്ചുകൊണ്ടിരിക്കുന്നു.

ഇപ്രകാരം മനുഷ്യൻ വികാരങ്ങൾക്ക് അടിമയാണ്. നിയമമുണ്ടാക്കുന്നവൻ സ്വന്തം വികാരങ്ങളെ പ്രകടിപ്പിക്കുന്നു. മുഴുലോകത്തിന്റേയും വികാരങ്ങൾ ഗൗനിക്കുകയില്ല. ഗൗനിക്കാൻ സാധ്യവുമല്ല. സന്യാസത്തിലേക്ക് ചായുന്നവൻ ഭൗതികം ഉപേക്ഷിക്കുന്നതിന്റെ പേര് നന്മ എന്നു വെക്കുകയാണെങ്കിൽ ഭൗതികതയുടെ അത്യാർത്തി ഭൗതികമായ അഭിവൃദ്ധിയുടെപേര് നന്മ എന്നു വെക്കുന്നു. ഈ പോരായ്മകളിൽ നിന്ന് മുക്തിനല്കാൻ മനുഷ്യനെ സൃഷ്ടിച്ചവനിൽനിന്ന് വരുന്ന അധ്യാപനത്തിനെ കഴിയു;അവൻ എല്ലാ മനുഷ്യരുടേയും വികാരങ്ങൾ അറിയുന്നവനും എല്ലാവരുടേയും വികാരങ്ങളെ ഉചിതമായ പരിധിവരെ പരിഹരിക്കാൻ ശ്രദ്ധിക്കുന്നവനുമാകണം.*(തഫ്സീറെ കബീർ വാള്യം 4, പേജ് 133, പ്രസാധനം 2010 ഖാദിയാൻ)*

ക്യൂആർ കോഡ് സ്കാൻ ചെയ്യൂ... ഞങ്ങളുടെ വെബ്സൈറ്റ് സന്ദർശിക്കൂ...

The Weekly BADR Qadian (Malayalam)

നൂറുൽ ഇസ്‌ലാം വകുപ്പിന്റെ പ്രവർത്തന സമയം:

രാവിലെ 9 മണി മുതൽ രാത്രി 11 മണിവരെ.
വെള്ളിയാഴ്ച ദിവസം അവധിയായിരിക്കും.

TOLL FREE NUMBER
1800 3010 2131

AHMADIPEDIA

AhmadiPedia.ORG is an official publication of the World-wide Ahmadiyya Muslim Jamaat, edited and managed by the Ahmadiyya Archive & Research Centre. It is a concise reference work on all aspects of Ahmadiyyat.

## ഈ ലക്കത്തിൽ

ജുമുഅ ഖുത്വ്ബ
5-11-2021, 12-11-2021
സമ്പൂർണ പരിഭാഷ

അമീറുൽമുഅ്മിനീന്റെ
യൂറോപ്യൻ പര്യടന റിപ്പോർട്ട്

പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്‌ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത്: പ്രൊപ്രൈറ്റർ നിഗ്‌റാൻ ബദർ ബോർഡ്,ഖാദിയാൻ

## ഖുത്ബ ജുമുഅ

അഹ്മദികൾ അല്ലാഹുവിന്റെ മാർഗത്തിൽ ചെലവഴിക്കുന്നത് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ദൗത്യത്തെ പൂർത്തീകരിക്കണമെന്നും നബി(സ)തിരുമേനിയുടെ പതാക ലോകത്ത് പറത്തണമെന്നുമുള്ള ചിന്തയോടുകൂടിയാണ്.

**തഹ്രീക്കെ ജദീദിന്റെ വിജയകരമായ 87 വർഷവും അനുഗൃഗീത സമാപനവും 88-ാം വർഷത്തിന്റെ വിളംബരവും**

ദൈവകൃപകൊണ്ട് തഹ്രീക്കെ ജദീദിനുള്ള സാമ്പത്തിക സഹായത്തിൽ 15.3 മില്യൺപൗണ്ട് ത്യാഗം ചെയ്യാൻ തൗഫീഖ് ലഭിച്ചിരിക്കുന്നു. ഇത് കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് 8 ലക്ഷത്തി 42-ായിരം പൗണ്ട് അധികമാണ്.

അല്ലാഹുവിന്റെ അനുഗ്രഹത്താൽ ജമാഅത്ത് തങ്ങളുടെ പരിമിതമായ ചുറ്റുപാടിൽ ആരംഭിക്കുന്ന ഏതൊരു പ്രവർത്തനത്തിലും അല്ലാഹു അനുഗ്രഹം ചൊരിയുന്നു. അത് കാണുന്നവർ മനസിലാക്കുന്നത് അതിൽ ഒരുപക്ഷേ, നിരവധി മില്യൻ പൗണ്ട് ചെലവഴിക്കുന്നുണ്ടെന്നാണ്. ദരിദ്രരായ ജനങ്ങളുടെ പൈസയിൽ അല്ലാഹുവിൽ നിന്നുള്ള അനുഗ്രഹം വർഷിക്കുകയാണെന്ന് ചെയ്യുന്നതെന്ന് അവർ അറിയുന്നില്ല. അതിന്റെ ഫലമായി നമ്മുടെ നിസ്സാര പ്രവർത്തനങ്ങളും വളരെ വലുതായി കാണപെടുന്നു.

അല്ലാഹു ഭൗതിക ലാഭങ്ങൾകൊണ്ടും അനുഗ്രഹിക്കാറുണ്ട്. അതുമുഖേനയും ഒരു അഹ്മദിക്ക്, 'ഇതൊന്നും തന്റെ സാമർഥ്യംകൊണ്ടല്ലെന്നും മറിച്ച് ത്യാഗത്തിന്റെ ഫലമാണെന്നും അറിയാൻ കഴിയുന്നു. ഇതാണ് ഒരോ അഹ്മദിയുടെ ചിന്ത. മറ്റാർക്കും ഈ ചിന്ത ഉണ്ടാകണമെന്നില്ല.

പുതിയ അഹ്മദികളാണെങ്കിലും പഴയ അഹ്മദികളാണെങ്കിലും അഹ്മദിയ്യാ ജമാഅത്ത് എങ്ങനെയാണ് പണം ചെലവഴിക്കുന്നതെന്നും എവിടെയെല്ലാമാണ് ചെലവഴിക്കുന്നതെന്നും കേൾക്കുമ്പോൾ ഒരു പ്രത്യേക പ്രഭാവം ഉണ്ടാകുന്നു. ഏതെങ്കിലും ജമാഅത്തിൽ ഇക്കാര്യത്തിലേക്ക് ശ്രദ്ധ കുറവാണെങ്കിൽ ശ്രദ്ധ ക്ഷണിക്കുക. ഉദ്ദേശ്യങ്ങൾ വിവരിച്ചു കൊടുക്കുക. പ്രാധാന്യം പറഞ്ഞുകൊടുക്കുക അങ്ങനെയായാൽ അവരുടെ ചന്ദ വർധിക്കുന്നതാണ്.

**ഖുത്ബ ജുമുഅ 2021 നവംബർ 05/1400 നുബുവ്വത്ത് 05, മസ്ജിദ് മുബാറക് ഇസ്‌ലാമാബാദ്, ടിൽഫോർഡ്, (സർറെ)യു.കെ.**

ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്
ایدہ اللہ تعالیٰ بنصرہ العزیز

اَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَاَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَ رَسُوْلُهٗ
اَمَّا بَعْدُ فَاَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ ○ بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ ○
اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ ○ الرَّحْمٰنِ الرَّحِيْمِ ○ مٰلِكِ يَوْمِ الدِّيْنِ ○ اِيَّاكَ نَعْبُدُ وَاِيَّاكَ نَسْتَعِيْنُ ○
اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ ○ صِرَاطَ الَّذِيْنَ اَنْعَمْتَ عَلَيْهِمْ ۙ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ ○

അല്ലാഹു വിശുദ്ധ ഖുർആനിൽ മുഅ്മിനീങ്ങളുടെ പ്രത്യേകതകൾ വിവരിച്ചിട്ടുണ്ട്. അതിലൊന്ന് അവർ തങ്ങളുടെ സമ്പത്ത് അല്ലാഹുവിന്റെ മാർഗത്തിൽ ചെലവഴിക്കുന്നു എന്നതാണ്. വിശുദ്ധ ഖുർആനിൽ അല്ലാഹു സമ്പത്ത് ചെലവഴിക്കുന്നതിനെ സംബന്ധിച്ച് പറഞ്ഞിടത്തെല്ലാം ധനം ചെലവ് ചെയ്യുന്നവർ മുഅ്മിനീങ്ങൾ മാത്രമാണെന്നും പറയുന്നു. ചില സന്ദർഭങ്ങളിൽ സ്വദഖളെ (ധാനധർമങ്ങളെ) സംബന്ധിച്ച് ശ്രദ്ധ ക്ഷണിച്ചുകൊണ്ട് പരാമർശങ്ങളുണ്ട്. ചിലപ്പോൾ സക്കാത്തിനെ പരാമർശിച്ചുകൊണ്ട് ചെലവഴിക്കുന്നതിനെ പറ്റി പറയുന്നു. മാത്രമല്ല അല്ലാഹുവിന്റെ മാർഗത്തിൽ ധനത്യാഗം ചെയ്യുന്നവരുടെ സമ്പത്ത് എങ്ങനെ എവിടെ ചെലവഴിക്കണമെന്നും പറയുന്നുണ്ട്. ദൈവിക പ്രസ്ഥാനങ്ങളുടെ ചര്യയനുസരിച്ച് തങ്ങളുടെ സമ്പത്ത് പരിശുദ്ധീകരിക്കാനും അല്ലാഹുവിന്റെ അനുഗ്രഹാതിരേകത്താൽ അവന്റെ തൃപ്തികരസ്ഥമാക്കാനും അവർ ദൈവ മാർഗത്തിൽ ചെലവഴിക്കുന്നു.

ജമാഅത്തിലും ഇതേ വിധത്തിൽ സാമ്പത്തിക ത്യാഗത്തിന്റെ ശൃംഖല തുടർന്നുവരുന്നു. അല്ലാഹുവിന്റെ കല്പനയാണെന്നും അവർ ചെയ്യുന്ന ത്യാഗങ്ങൾ എങ്ങനെയാണ് വിനിയോഗിക്കപ്പെടുന്നതെന്നും ജമാഅത്തിലുള്ളവർക്ക് നല്ലവണ്ണം അറിയാം. ഹദ്റത്ത് മസീഹ് മൗഊദ്(അ) കൊണ്ടുവന്ന മിഷന്റെ ഉദ്ദേശ്യം അല്ലാഹുവിന്റെ തൗഹീദ് ലോകത്ത് സ്ഥാപിക്കുകയും ഇസ്‌ലാമിന്റേയും നബിﷺ തിരുമേനിയുടേയും പതാക ലോകത്ത് പറത്തുകയുമാണ്. ഇതൊരു നിസ്സാരകാര്യമല്ല. ഈ സന്ദേശം ലോകത്ത് പരത്തുകയെന്നത് വളരെ ബൃഹത്തായ പദ്ധതിയാകുന്നു. ഏതായാലും അതിനുവേണ്ടി സാമ്പത്തിക ചെലവുകളും അനിവാര്യമാണ്. അല്ലാഹുവിന്റെ അനുഗ്രഹത്താൽ അഹ്മദികൾ അല്ലാഹുവിന്റെ കല്പന, അതായത് തങ്ങളുടെ സമ്പത്ത് ദൈവമാർഗത്തിൽ ചെലവഴിക്കുക എന്നതനുസരിച്ച് ഈ ചെലവുകൾ പൂർത്തിയാക്കാൻ പരിശ്രമിക്കുന്നു. ലോകത്തിലെ വിവിധ രാജ്യങ്ങളിൽ പരന്നുകിടക്കുന്ന അഹ്മദികൾ തങ്ങളുടെ സാമ്പത്തിക ത്യാഗത്തിൽ കാണിക്കുന്ന മാതൃകകൾ കാണുമ്പോൾ തീർച്ചയായും ഹദ്റത്ത് മസീഹ് മൗഊദ്(അ)ദൈവിക നിയോഗിതനാണെന്നും അദ്ദേഹം മുഖേനയാണ് അവസാനകാലത്ത് ഇസ്‌ലാമിന്റെ സുന്ദര അധ്യാപനങ്ങൾ ലോകത്ത് പരക്കുകയെന്നുമുള്ള കാര്യങ്ങളിൽ ഓരോരുത്തർക്കും നേരത്തേതിലും അധികം ദൃഢവിശ്വാസമുണ്ടാകുന്നു. ഈ അടയാളം എതിരാളികൾ ശ്രദ്ധിക്കുകയും തങ്ങളുടെ ഹൃദയങ്ങളെ വെറുപ്പിൽനിന്നകറ്റി നീതിപൂർവ്വം വർത്തിക്കുകയുമാണെങ്കിൽ അഹ്മദിയ്യത്തിന്റെ സത്യസാക്ഷ്യത്തിന് അവരുടെ ഹൃദയങ്ങളെ അകാരണമായ എതിർപ്പുകളിൽനിന്ന് ശുദ്ധീകരിക്കുന്നതായിരിക്കും. എന്നാൽ, അവരുടെ ഹൃദയങ്ങൾ കല്ലിനേക്കാൾ കടുത്തുപോയിരിക്കുന്നു; പ്രത്യേകിച്ചും ഉലമാഇന്റെ, നാമമാത്ര പണ്ഡിതന്മാരുടെ! ഏതായാലും അവരുടെ കാര്യം അല്ലാഹുമായിട്ടാകുന്നു.

ഞാൻ പറഞ്ഞു വന്നതുപോലെ അഹ്മദികൾ അല്ലാഹുവിന്റെ മാർഗത്തിൽ ചെലവഴിക്കുന്നത് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ദൗത്യത്തെ പൂർത്തീകരിക്കണമെന്നും നബിﷺതിരുമേനിയുടെ പതാക ലോകത്ത് പറത്തണമെന്നുമുള്ള ചിന്തയോടുകൂടിയാണ്. നിങ്ങൾ സമ്പത്തിൽനിന്ന് ദൈവമാർഗ്ഗത്തിൽ എന്ത് ചെലവഴിച്ചാലും ഞാൻ അതിനെ പലമടങ്ങായി തിരിച്ചുതരുമെന്നത് അല്ലാഹു തീർച്ചയായും വിശ്വാസികളോട് ചെയ്ത വാഗ്ദാനമാകുന്നു. എന്നാൽ, നിരവധി അഹ്മദികൾ ചിന്തിക്കുന്നത് തങ്ങൾ അല്ലാഹിവിന്റെ തൃപ്തിയാണ് കാംക്ഷിക്കുന്നതെന്നാണ്. ഇനി ഭൗതികമായ നേട്ടമുണ്ടണ്ടായാൽ അത് അല്ലാഹുവിന്റെ ഔദാര്യമാണെന്നും അവരുടെ ചിന്ത ത്യാഗങ്ങളിലൂടെ അല്ലാഹു അവരോട് തൃപ്തരായിരിക്കണമെന്നതും തങ്ങളുടെ പര്യവസാനം ശുഭകരമാകാൻ സഹചര്യം ഒരുക്കണമെന്നതുമാത്രമാണ്.

അഹ്മദിയ്യ ജമാഅത്ത് കോടിപതികളുടെ ജമാഅത്തല്ല. ഈ ജമാഅത്തിലെ അധികമാളുകളും ദരിദ്രരോ അല്ലെങ്കിൽ മധ്യനിലയിലുള്ളവരോ ആകുന്നു. പക്ഷേ, ഇതൊക്കെയാണെങ്കിലും ത്യാഗത്തിനുള്ള ആവേ

ശമുണ്ട്. ഇസ്‌ലാമിന്റെ പുനർജീവനത്തിൽ തങ്ങളുടെ പങ്കുണ്ടാകണമെന്ന പരിശ്രമത്തിലാണ് അവർ കഴിയുന്നത്. തുടർന്ന് നിസ്സാര അവരുടെ ത്യാഗങ്ങളും അല്ലാഹുവിന്റെ പക്കൽ ലക്ഷങ്ങളുടെയും കോടികളുടെയും പൗണ്ടിന് തുല്യമായ ഫലങ്ങൾ നൽകുന്നു. ആയതിനാൽ ദൈവസവിധത്തിലുള്ള സ്വീകാര്യതയാണ് യഥാർഥകാര്യം. അല്ലാഹുവിന്റെ അനുഗ്രഹത്താൽ ജമാഅത്ത് തങ്ങളുടെ പരിമിതമായ ചുറ്റുപാടിൽ ആരംഭിക്കുന്ന ഏതൊരു പ്രവർത്തനത്തിലും അല്ലാഹു അനുഗ്രഹം ചൊരിയുന്നു. അത് കാണുന്നവർ മനസിലാക്കുന്നത് അതിൽ ഒരുപക്ഷേ, നിരവധി മില്യൻ പൗണ്ട് ചെലവഴിക്കുന്നുണ്ടെന്നാണ്. ദരിദ്രരായ ജനങ്ങളുടെ പൈസയിൽ അല്ലാഹുവിൽ നിന്നുള്ള അനുഗ്രഹം വർഷിക്കുകയാണെന്ന് ചെയ്യുന്നതെന്ന് അവർ അറിയുന്നില്ല. അതിന്റെ ഫലമായി നമ്മുടെ നിസ്സാര പ്രവർത്തനങ്ങളും വളരെ വലുതായി കാണപെടുന്നു.

ഇവിടെ ഒരു കാര്യംകൂടി ഞാൻ പറയട്ടെ, ജമാഅത്ത് വളരുമ്പോൾ വിവിധ ചിന്തകളുള്ള ആളുകളിൽ, തർബിയ്യത്ത് കുറവുള്ളവരിലും പഴയ അഹ്മദികളിലും തർബിയ്യത്ത് കുറവുള്ളവരിലും ചില ചിന്തകളുണ്ടാകുന്നു. വീടുകളിൽ സംസാരമുണ്ടാകുന്നു. കുട്ടികൾക്ക് മുന്നിലും സംസാരിക്കുന്നു. അപ്പോൾ കുട്ടികളുടെ ചിന്തയിലും ചോദ്യങ്ങളുയരുന്നു. അതായത് തങ്ങൾ എന്തുകൊണ്ട്, എന്തിനുവേണ്ടി ചന്ദ കൊടുക്കണമെന്ന ചോദ്യങ്ങൾ അവരിലുണ്ടാകുന്നു. അതിനാൽ തങ്ങളുടെ പെരുമാറ്റത്തിലൂടെയും കർമത്തിലൂടെയും ജനങ്ങളുടെ സംശയങ്ങൾ അകറ്റേണ്ടത് ഭാരവാഹികളുടെ കർത്തവ്യമാകുന്നു. ചന്ദ കൊടുക്കുന്നത് ഒരു പ്രത്യേക ഉദ്ദേശ്യത്തിന് ചെലവഴിക്കാനാണെന്നും, ആ ലക്ഷ്യത്തിനുവേണ്ടിയാണ് ചെലവഴിക്കുന്നതെന്നുമുള്ള കാര്യത്തിൽ ജനങ്ങളുടെ വിശ്വാസമാർജിക്കുകയും അവർക്ക് അത് പറഞ്ഞുകൊടുക്കുകയും വേണം. മറ്റൊന്ന് സാമ്പത്തിക ത്യാഗത്തിന്റെ പ്രാധാന്യം എന്താണെന്നും ഇതിനു അല്ലാഹുവിന്റെ പക്കൽ എത്രത്തോളം പ്രാധാന്യമുണ്ടെന്നും ഈ ചെയ്യപ്പെടുന്ന ധനത്യാഗത്തിനുപകരം അല്ലാഹുവിന്റെ തൃപ്തി ലഭിക്കണമെന്നും ഈ ത്യാഗങ്ങൾ എവിടെയൊക്കെയാണ് ചെലവ് ചെയ്യപ്പെടുന്നതെന്നും അവർക്ക് സ്നേഹപൂർവ്വം പറഞ്ഞുകൊടുക്കേണ്ടതാണ്. ഇസ്‌ലാമിന്റെ പ്രചാരണത്തിനാണ് ചെലവഴിക്കപ്പെടുന്നത്. നമ്മുടെ ടി.വി ചാനലിന് വൻതുക ചെലവഴിക്കപ്പെടുന്നുണ്ട്. പുസ്തകങ്ങൾ പ്രസിദ്ധീകരിക്കുന്നു. വിശുദ്ധ ഖുർആൻ പ്രസിദ്ധീകരിക്കുന്നു. നിർധനരായ കുട്ടികളുടെ വിദ്യാഭ്യാസത്തിന് ചെലവ് ചെയ്യുന്നു. വിശന്ന് വലയുന്നവർക്ക് ഭക്ഷണം നൽകാൻ ചെലവഴിക്കുന്നു. മുബല്ലിഗുമാരുടെ പഠനത്തിനും അവർ മുഖേനയുള്ള തബ്ലീഗിനും ചെലവഴിക്കുന്നു. മസ്ജിദുകൾ നിർമിക്കുന്നു. ഇനിയും ജമാഅത്തിന് പല ചെലവുകളുമുണ്ട്. ഞാൻ ഇതൊക്കെ പറയുന്നത് ദൗർഭാഗ്യവശാൽ ജനങ്ങളിൽനിന്ന് ഒരുപാട് ചോദ്യങ്ങൾ ഉയരുന്നു എന്ന നിലക്കല്ല. ഞാനിത് പറയാൻ കാരണം ജമാഅത്ത് വ്യാപിക്കുന്നതിനനുസരിച്ച് തിന്മ പരത്തുന്നവരും സാത്താനിക ദുർബോധനങ്ങൾ പരത്തുന്നവരുമുണ്ടാകാറുണ്ട്. അവർ ഫിത്ന ഉണ്ടാക്കാൻ ശ്രമിക്കുന്നു. ശിക്ഷണം കുറഞ്ഞ ആളുകളുടെ ചിന്തകളിൽ സംശയങ്ങൾ ഉണ്ടാക്കാൻ ശ്രമിക്കുന്നു. അല്ലാഹുവിന്റെ അനുഗ്രഹത്താൽ ജമാഅത്തിൽ ഉറച്ച ബോധ്യമുള്ള ആളുകൾക്ക് ജമാഅത്തീ സംവിധാനം ചെലവഴിക്കാൻ ഒരുപാട് ചെലവുകൾ അത്യാവശ്യമാണെന്നും അല്ലാഹുവിന്റെ മാർഗത്തിൽ ചെലവഴിക്കുക എന്നത് അവന്റെ കൽപ്പനയാണെന്നും അറിയാം. ചുരുക്കത്തിൽ നിങ്ങളുടെ പക്കൽ ഒന്നുമില്ലാതിരുന്നിട്ടുകൂടി അല്ലാഹുവിന്റെ തൃപ്തി ലാക്കാക്കി എന്തെങ്കിലും സംവിധാനം ചെയ്ത് ചെലവഴിക്കുന്നവരുടെ ത്യാഗങ്ങൾ അല്ലാഹുവും നഷ്ടപ്പെടുത്തുന്നില്ല. ഇതിനും നിരവധി ഉദാഹരണങ്ങളുണ്ട്. അല്ലാഹു അവർക്ക് തന്റെ വാഗ്ദാനമായ വ യർസുഖ്ഹു മിൻ ഹയ്ഥു ലാ യഹ്തസിബ്(65:4) അവനുദ്ദേശിക്കാത്ത ഭാഗത്തൂടെ അല്ലാഹു അവന് ഉപജീവനം നല്കുകയും ചെയ്യും എന്നതനുസരിച്ച് അല്ലാഹുവും തന്റെ വാഗ്ദാനം പൂർത്തിയാക്കുന്നു. അഹ്മദികൾ അത് വിശുദ്ധ ഖുർആനിൽ പാരായണം ചെയ്യുക മാത്രമല്ല, ഇന്നും അത് പൂർത്തിയാകുന്നത് കാണുകയും ചെയ്യുന്നു. ഇത് സംബന്ധിച്ച് തങ്ങളുടെ അനുഭവങ്ങൾ എഴുതുകയും ചെയ്യുന്നു. ഞാൻ അതിനുള്ള ഉദാഹരണങ്ങൾ കേൾപ്പിക്കാം. ഇത് പഴയ കാര്യങ്ങളെന്നുമല്ല. പഴയകാലയാളുകളുടെ കഥകൾ നമ്മൾ കേൾക്കുകയല്ല. മറിച്ച് അത്തരം അനുഭവങ്ങളിലൂടെ അല്ലാഹു ഇന്നും വിശ്വാസികളുടെ വിശ്വാസം കരുത്തുറ്റതാക്കുന്നു. അല്ലാഹുവിന്റെ അനുഗ്രഹം നേരിട്ട് കരസ്ഥമാക്കുന്നവർക്ക് പ്രയോജനം കിട്ടുകയും അവരുടെ വിശ്വാസം ബലവത്താകുകയും ചെയ്യുക മാത്രമല്ല പ്രത്യുത അവരുടെ സാമീപ്യമുള്ളവരുടെ വിശ്വാസവും ബലവത്താകുന്നു. അവരും ഈ സാമ്പത്തിക ത്യാഗം കാരണം തങ്ങളുടെ ത്യാഗത്തിൽ മുന്നേറാനും അങ്ങനെ ദൈവപ്രീതി കരസ്ഥമാക്കാനും ശ്രമിക്കുന്നു. ഞാൻ പറഞ്ഞതുപോലെ എങ്ങനെയാണ് അല്ലാഹു അനുഗ്രഹിച്ചത് എന്നുള്ളതിന് ചില ഉദാഹരണങ്ങൾ ഞാൻ കേൾപ്പിക്കാം. തങ്ങളുടെ ത്യാഗങ്ങളെ സംബന്ധിച്ച് അവർ കത്തുകളെഴുതുന്നു.

ഗിനികൊണാക്രി(Guinea Conakry)യിലെ ഒരു സംഭവമാണ്. മുബല്ലിഗ് ഇൻചാർജ് എഴുതുന്നു: 'തഹ്‌രീക്കെ ജദീദ് ചന്ദയെപ്പറ്റി ഞാൻ നൽകിയ ഖുത്ബയിൽനിന്ന് ചില വിശ്വാസ വർദ്ധക സംഭവങ്ങൾ ജമാഅത്തിന് കേൾപ്പിച്ചു കൊടുത്തുകൊണ്ടു പറഞ്ഞു: 'ഈ മാതൃക നിങ്ങളും കാണിക്കേണ്ടതാണ്. അവിടെയുള്ള മൈമൂന സാഹിബായുടെ ഫോൺ വന്നു. വീട്ടുചെലവുകൾക്ക് വീട്ടിൽ പൈസയുണ്ടായിരുന്നില്ല. ഭർത്താവ് ജോലി ആവശ്യാർഥം പുറത്ത് പോയതാണ്. ജുമുഅ നമസ്കാരത്തിന് ശേഷം അവരുടെ പിതാവ് അവർക്ക് ഒരു ലക്ഷം 'ഗിനി ഫ്രാങ്ക്' ഉപഹാരമായി നൽകി. അവർ പറയുന്നു: 'ഞാൻ ഈ തുക ചന്ദയിൽ നൽകണമോ വീട്ടുചെലവുകൾക്ക് എടുക്കണമോ എന്ന ആശങ്കയിലായി. പിന്നെ ഞാൻ ദുആ ചെയ്ത് പകുതി തുക 50,000 ഫ്രാങ്ക് തഹ്‌രീക്കെ ജദീദ് ചന്ദയിൽ നൽകി. അവർ പറയുന്നു: ഇക്കാര്യത്തിൽ 24 മണിക്കൂർ കഴിയുന്നതിനുമുമ്പേ അല്ലാഹു എനിക്ക് മൂന്ന് ലക്ഷം ഫ്രാങ്ക് അത്ഭുതകരമായ നിലയിൽ നൽകുകയുണ്ടണ്ടായി. എനിക്ക് ആ തുക കിട്ടുമെന്നതിനെപ്പറ്റി ചിന്തപോലും ഉണ്ടായിരുന്നില്ല. എനിക്ക് ശരിയായ തീരുമാനമെടുക്കാൻ തൗഫീഖ് നൽകിയതിൽ ഞാൻ അല്ലാഹുവിന് നന്ദി പ്രകടിപ്പിച്ചു.' അവർ പറയുന്നു: 'എന്റെ ഈമാനിൽ ഒരുപാട് വർധനയുണ്ടായി.'

കനഡ (Canada)യിലെ ഒരു മജ്‌ലിസിന്റെ സദ്ർ പറയുന്നു: 'തഹ്‌രീക്കെ ജദീദ് സെക്രട്ടറി ബജറ്റ് പൂർത്തിയാകുന്നതുമായി ബന്ധപ്പെട്ട് കൊടുക്കാത്തവരുടെ കുടിശ്ശിക പൂർത്തിയാക്കാൻ ആവശ്യപ്പെട്ടു. അത് ഒരു നിസ്സാര തുക അതായത് 325 ഡോളറാണ് അവിടെയുണ്ടായിരുന്നത്. ഈ തുക ഞാൻ സ്വന്തമായി അടക്കാമെന്നു കരുതിയതാണ്. എന്നാൽ, ഞാൻ ബാങ്ക് അക്കൗണ്ട് നോക്കിയപ്പോൾ അതിൽ ഒരു പൈസയും ഇല്ലായിരുന്നു. മാത്രമല്ല അക്കൗണ്ട് മൈനസിലായിരുന്നു. മൂന്ന് ഡോളർ അധികം ചെലവഴിച്ചിട്ടുമുണ്ടായിരുന്നു.' അവർ പറയുന്നു: 'ഞാൻ പിറ്റേന്ന് അക്കൗണ്ട് ചെക്ക് ചെയ്തപ്പോൾ എന്റെ അത്ഭുതത്തിന് അതിരില്ലായിരുന്നു. എന്റെ അക്കൗണ്ടിൽ 3000 ഡോളറിലുമധികം തുക ഉണ്ടായിരുന്നു.' അവർ പറയുന്നു: 'ഈ തുക വളരെ കാലമായി പെന്റിംഗ്(Pending)ആയിരുന്നു. അതു കിട്ടാൻ ഒരു നിവൃത്തിയുമില്ലായിരുന്നു. എന്നാൽ, അല്ലാഹുവിന്റെ അനുഗ്രഹത്താൽ കുടിശ്ശിക തീർക്കാനുള്ള എന്റെ നിയ്യത്ത് കണ്ടപ്പോൾ അല്ലാഹു അത് അടയ്ക്കാനുള്ള സംവിധാനം ഒരുക്കിത്തന്നതാണ്. ഉടൻതന്നെ വർഷങ്ങളായി പെന്റിംഗിൽ(Pending) ഉണ്ടായിരുന്ന തുക ലഭിക്കാൻ ഇടവന്നു.'

സൗത്ത് ആഫ്രിക്ക(South Africa)യിലുള്ള ഒരു സഹോദരൻ ശാഹീൻ സാഹിബ് പറയുന്നു: 'ഞാൻ തഹ്‌രീക്കെ ജദീദിന്റെ ചന്ദ കൊടുത്തു. എന്റെ ബാങ്ക് അക്കൗണ്ടിൽ ഉണ്ടായിരുന്ന തുക ഈ ചന്ദയിൽ നൽകി.' അത് വലിയ തുകയൊന്നുമായിരുന്നില്ല. അദ്ദേഹത്തിന്റെ ഉദ്ദേശ്യം ഇത് തഹ്‌രീക്കെ ജദീദ് ചന്ദയുടെ അവസാന മാസമാണ് ഇപ്പോൾ നൽകിയില്ലെങ്കിൽ പിന്നെ കൊടുക്കാൻ കഴിയുമോ എന്നതായിരുന്നു. അദ്ദേഹം പറയുന്നു: 'ഞാൻ ആ തുക ചന്ദ നൽകി.' അന്നേ ദിവസം അദ്ദേഹത്തിന്റെ പിതാവ് അദ്ദേഹത്തെ കാണാൻ വന്നിരുന്നു. അദ്ദേഹം പറയുന്നു: 'പിതാവ് എന്നോടു പറഞ്ഞു, 'കുറച്ചു പൈസ ഞാൻ ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. അത് കിട്ടുന്നതാണ്. ആവശ്യങ്ങൾ നടക്കുകയും ചെയ്യും.' ശാഹീൻ സാഹിബ് പറയുന്നു: 'പിതാവ് നൽകിയ തുക, അല്ലാഹു തഹ്‌രീക്കെ ജദീദിൽ നൽകിയ തുകയെക്കാളും ഇരുപത് ഇരട്ടി അധികമായിരുന്നു.' അങ്ങനെ അദ്ദേഹം പിതാവിൽനിന്ന് കിട്ടിയ തുകയ്ക്കും ചന്ദ നൽകി. തുടർന്ന് പറയുന്നു: 'എന്റെ വരുമാനം വർധിച്ചു. എനിക്ക് പ്രതീക്ഷയില്ലാത്ത സ്ഥലത്തുനിന്ന് അല്ലാഹു പണം നൽകി. ചന്ദ കൊടുത്തപ്പോൾ അന്നേദിവസം വൈകുന്നേരം അദ്ദേഹത്തിന് മുതലാളിയുടെ ഫോൺ വന്നു. താങ്കൾ ആഗ്രഹിക്കുന്നെങ്കിൽ താങ്കൾക്ക് ഞങ്ങൾ ദുബായിൽ ജോലി നൽകാൻ ആഗ്രഹിക്കുന്നു.' ഏതായാലും അദ്ദേഹം അത് സമ്മതിച്ചു. അങ്ങനെ അദ്ദേഹത്തിന് വിദേശത്ത് നല്ലൊരു ജോലിയും തരപ്പെട്ടു. അദ്ദേഹം പറയുന്നു: 'ഈ രണ്ടു കാര്യങ്ങളും യാദൃച്ഛികമല്ല. പ്രത്യുത ചന്ദ കൊടുത്തുകൊണ്ട് ത്യാഗം ചെയ്തതിനാൽ മാത്രം അല്ലാഹുവിന്റെ അനുഗ്രഹം ഉണ്ടായതാണെന്ന് എനിക്ക് ഉറപ്പാണ്.'

ഓസ്ട്രേലിയാ(Australia)യിലെ മുറബ്ബി സാഹിബ് എഴുതുന്നു: 'ജമാഅത്തിലെ ഒരു അംഗം പറയുന്നു: 'അദ്ദേഹം ചന്ദ കൊടുക്കാമെന്ന് വാഗ്ദാനംചെയ്തു.പക്ഷേ,സാമ്പത്തികസ്ഥിതി നല്ലതായിരുന്നില്ല. വാഗ്ദാനമനുസരിച്ച് ചന്ദ

നൽകിയപ്പോൾ അല്ലാഹു എനിക്ക് 100 ഇരട്ടി വർധിപ്പിച്ചു തരുമെന്ന് ഞാൻ മനസ്സിൽ ഉറപ്പിച്ചു. അല്ലാഹുവിന്റെ വാഗ്ദാനമാണ് എന്ന രീതിയിലും ചിന്തിക്കുന്നവരുണ്ട്. അദ്ദേഹം ഒരു ഭൂമി വാങ്ങിയിരുന്നു. അതിന്റെ വില വർധിക്കുമെന്നുള്ള ഒരു പ്രതീക്ഷയുമില്ലായിരുന്നു. എന്നാൽ, ചന്ദ കൊടുത്തതിനുശേഷം പറയുന്നു: 'അത്ഭുതകരമായി പ്ലോട്ടിന്റെ ലാഭം 100%ത്തിൽ അധികം വർധിച്ചു. അല്ലാഹു സാമ്പത്തിക ത്യാഗം സ്വീകരിച്ചുകൊണ്ട് അനുഗ്രഹം നൽകിയതാണെന്ന് എനിക്ക് ദൃഢബോധ്യമുണ്ട്.'

കസാഖ്സ്ഥാൻ(Ka-zakhs-t-a-n-) മുബല്ലിഗ് എഴുതുന്നു: 'അവിടെ പ്രാദേശികതലത്തിൽ അലിബേഗ് എന്ന ആത്മാർഥനായ ഒരു അഹ്മദിയുണ്ട്. അദ്ദേഹം അവിടുത്തെ കറൻസി, ആയിരം പത്തായിരം ടെൻകെ തഹ്‌രീക്കെ ജദീദിലും മറ്റും അടച്ചു. പറയുന്നു: ശേഷം അദ്ദേഹം ജോലിക്കുപോയി. കുറച്ചു ദിവസങ്ങൾക്കു ശേഷം കമ്പനിയുടെ ഉന്നത ഉദ്യോഗസ്ഥൻ എന്നെ വിളിച്ചിട്ട് പറഞ്ഞു: 'നമ്മുടെ കമ്പനിക്ക് ഇത്തവണ നല്ല ലാഭം ഉണ്ടായിരിക്കുന്നു. അതുകൊണ്ട് നല്ല അധ്വാനത്തിന് കമ്പനി മൂന്നുപേർക്ക് ബോണസ് നൽകുന്നുണ്ട്.' പറയുന്നു: അല്ലാഹു ചന്ദ കൊടുത്ത കാരണത്താൽ പതിന്മടങ്ങ് എനിക്കു വർധിപ്പിച്ചു തന്നു. അതേകുറിച്ച് എനിക്ക് ഒരു പ്രതീക്ഷയുമില്ലായിരുന്നു.'

യു.കെ.ബർമിങ്ങ്ഹാമിൽ(Birmingham) നിന്നുള്ള ഒരു സഹോദരൻ പറയുന്നു: 'ഞാൻ എന്റെ കുടുംബത്തോടൊപ്പം 2016ലാണ് ബയ്അത്ത് ചെയ്തത്. ബയ്അത്തിനുമുമ്പേ സാമ്പത്തിക അവസ്ഥ വളരെ മോശമായിരുന്നു. വളരെയധികം കടവുമുണ്ടായിരുന്നു. എന്റെ നിലവാരമനുസരിച്ച് ജമാഅത്തിൽ വന്ന് ചന്ദകൾ കൊടുത്തു തുടങ്ങിയപ്പോൾ എന്റെ അവസ്ഥയ്ക്ക് അതീതമായി ചില (സാമ്പത്തിക) പദ്ധതികളിൽ ഭാഗഭാക്കാകാൻ തുടങ്ങി.' പറയുന്നു: 'ബയ്അത്തിന്റെ ആദ്യകാലത്തുണ്ടായ സംഭവമാണ്. എന്റെ ഭാര്യക്ക് ഒരു സ്കൂൾ പ്രോഗ്രാമിൽ ബുക്ക്സ്റ്റാൾ ഇടേണ്ടിയിരുന്നു. കുട്ടികളെ നോക്കാൻ ഞാൻ എന്റെ ജോലിയിൽനിന്ന് ലീവെടുത്തു. ഈ ലീവ് കാരണം 1000 പൗണ്ടിന്റെ നഷ്ടം വരേണ്ടതായിരുന്നു. അത് അന്നത്തെ സാമ്പത്തിക ചുറ്റുപാടിൽ ഒരിക്കലും ഗുണകരമായിരുന്നില്ല. ഞങ്ങളുടെ വലിയൊരു സംഖ്യയുണ്ടായിരുന്നു. അല്ലാഹുവിന്റെ ജോലിക്കുവേണ്ടി ലീവെടുത്തുകൊണ്ട് ത്യാഗം ചെയ്യേണ്ടതാണെന്ന് കരുതി ലീവെടുത്തു. പക്ഷേ, അല്ലാഹു മറ്റൊന്നാണ് കരുതിവെച്ചിരുന്നത്.' പറയുന്നു: 'എന്റെ ഭാര്യ തന്റെ ജോലി കഴിഞ്ഞ് വീട്ടിലെത്തിയപ്പോൾ എനിക്ക് എന്റെ ബോസിന്റെ ഫോൺ വന്നു. 'കഴിയുമെങ്കിൽ ഒരു മണിക്കൂറിനകം ജോലിസ്ഥലത്തെത്തുക. ഒരു അടിയന്തര ജോലി വന്നിട്ടുണ്ട്.' പറയുന്നു: 'ഞാൻ ഉടനെതന്നെ അവിടേക്ക് തിരിച്ചു. അന്ന് ഒരു മണിക്കൂർ മാത്രമാണ് ജോലി ചെയ്തത്. പക്ഷേ, അന്നത്തെ ദിവസത്തെ മുഴുവൻ വേതനവും അതായത് 100 പൗണ്ട് കിട്ടി. വീട്ടിൽ വന്ന് ഞാൻ എന്റെ ഭാര്യയോട് വിവരം പറഞ്ഞു. രണ്ടുപേരും നവഅഹ്മദികളായിരുന്നു. അല്ലാഹുവിൽ നിന്ന് ലഭ്യമായ ഈ സമ്മാനത്തിൽ ദിവസങ്ങളോളം ഞാൻ സന്തോഷിക്കുകയും അല്ലാഹുവിന് നന്ദി പ്രകടിപ്പിക്കുകയും ചെയ്തുകൊണ്ടിരുന്നു.

ഖാദിയാൻ വക്കീലുൽ മാൽ തഹ്‌രീക് ജദീദ് പറയുന്നു: 'ഇന്ത്യയിലെ കേരള സംസ്ഥാനത്തിലെ കരുളായി ജമാഅത്തിൽ ഒരു സിനേഹിതനുണ്ട്. നല്ല (സാമ്പത്തിക) നിലയുള്ള വ്യക്തിയാണ്. നല്ല കച്ചവടക്കാരനുമാണ്. തഹ്‌രീക്കെ ജദീദിന്റെ കാര്യത്തിൽ അസാധാരണമാം വിധം ആവേശമുള്ളയാളാണ് എല്ലാ വർഷവും വലിയൊരു തുക നൽകുകയും ചെയ്യുന്നു. പറയുന്നു: ഈ വർഷം കൊറോണ കാരണം സാമ്പത്തിക സാഹചര്യം വലിയ സംഖ്യ നൽകാൻ പറ്റുന്നതായിരുന്നില്ല. ഹിസ്സ ആമദ് തുടങ്ങിയ മറ്റു ചന്ദകളെല്ലാം കൊടുത്തു. എന്നാൽ, തഹ്‌രീക്കെ ജദീദ് കൊടുക്കാൻ മിച്ചമൊന്നുമുണ്ടായില്ല. പറയുന്നു: എപ്പോഴും അല്ലാഹുവാണ് ചന്ദ കൊടുക്കാൻ തൗഫീഖ് നൽകുന്നത്. ബാഹ്യമായി നോക്കുമ്പോൾ ഒരു മാർഗവും കാണുന്നുണ്ടായിരുന്നില്ല. എന്നാൽ, അല്ലാഹു സാഹചര്യം ഉണ്ടാക്കുമെന്ന കാര്യത്തിൽ തവക്കുൽ ഉണ്ടായിരുന്നു. പറയുന്നു: സാമ്പത്തികവർഷം അവസാനിക്കുന്നതിന് കേവലം രണ്ടുദിവസം മുമ്പേ 10 ലക്ഷം രൂപയുടെ വലിയൊരു തുക അദ്ദേഹം തഹ്‌രീക്കെ ജദീദിൽ നൽക്കുകയുണ്ടായി. ജുമുഅ ദിവസം മുറബ്ബി സാഹിബ് ഖുത്ബക്കിടയിൽ തഹ്‌രീക്കെ ജദീദിലേക്ക് ശ്രദ്ധക്ഷണിച്ചുകൊണ്ട് എന്റെ ഖുത്ബയിൽ നിന്നുള്ള ചില സംഭവങ്ങൾ വായിച്ചു കേൾപ്പിച്ചിരുന്നു. അതിൽ അദ്ദേഹം വളരെ പ്രഭാവിതനായി. തുടർന്ന് പത്തുലക്ഷത്തിനു പകരം ഏകദേശം പതിനെട്ടു ലക്ഷം രൂപ ചന്ദ നൽകി. ഒരു സർക്കാരി പ്രൊജക്റ്റ് കിട്ടുമെന്ന് അദ്ദേഹത്തിന് പ്രതീക്ഷ ഉണ്ടായിരുന്നു. പറയുന്നു: എനിക്ക് അത് കിട്ടുകയാണെങ്കിൽ തഹ്‌രീക്കെ ജദീദിൽ ഇനിയും വലിയ തുക കൂടി നൽകുന്നതാണ്. ഏതായലും അല്ലാഹുവിന്റെ അനുഗ്രഹത്താൽ അഹ്മദികളുടെ ധനാഢ്യരിലും ത്യാഗ സന്നദ്ധരായ ഒരു വിഭാഗമുണ്ട്. അവർക്ക് ധനം വന്നുചേരുമ്പോൾ ഒളിപ്പിച്ച് വെക്കുന്നില്ല. മിറച്ച് അല്ലാഹുവിന്റെ മാർഗത്തിൽ ചെലവഴിക്കാൻ ശ്രമിക്കുന്നു.

ബുർക്കിനാ ഫാസോ (Burkina Faso)യിലെ മുബല്ലിഗ് ഹബീബ് സാഹിബ് എഴുതുന്നു: സോറെ സയീദൗ (Sore Seydou)സാഹിബ് എന്നൊരു അഹ്മദിയുണ്ട്. 1700 'ഫ്രാങ്ക് സീ എഫ് എ' അദ്ദേഹത്തിന് കുടുശ്ശിക ഉണ്ടായിരുന്നു. വർഷം തീരാൻ കേവലം 3 ആഴ്ചയേ ബാക്കി ഉണ്ടായിരുന്നുള്ളു. ഏതായിരുന്നാലും അദ്ദേഹം നല്ലപോലെ ശ്രമിച്ചുകൊണ്ട് രണ്ടായിരം ഫ്രാങ്ക് സീ എഫ് എ അടച്ചു. അത് കുടിശ്ശികയെക്കാൾ അല്പം കൂടുതലായിരുന്നു. പറയുന്നു: ഞാൻ ചന്ദ കൊടുത്ത് 1 മണിക്കൂർപോലും ആകുന്നതിനുമുമ്പേ ഒരു പരിചയക്കാരൻ എനിക്ക് 10,000 ഫ്രാങ്ക് സീ എഫ് എ അയച്ചുതന്നു. പിന്നെ ഒരു മണിക്കൂറിന് ശേഷം വീണ്ടും പതിനായിരം ഫ്രാങ്ക് സീ എഫ് എ അയച്ചുതന്നു. എന്നിട്ട് ഫോൺചെയ്ത് പറഞ്ഞു: മൊത്തം '20,000 ഫ്രാങ്ക് സീ എഫ് എ ഞാൻ നിങ്ങൾക്ക് ഉപഹാരമായി അയച്ചിട്ടുണ്ട്.' സയീദ് സാഹിബ് പറയുന്നു: 'ഈ സുഹൃത്ത് ഇന്നേവരെ എനിക്ക് പൈസ അയച്ചിട്ടേ ഇല്ല. ഇതാദ്യമായിട്ടാണ് അയക്കുന്നത്.' പറയുന്നു: 'ഞാൻ 2000 ഫ്രാങ്ക് സീ എഫ് എ കുടിശ്ശിക തീർത്തപ്പോൾ അല്ലാഹു അത് വർധിപ്പിച്ച് 20,000 ഫ്രാങ്ക് സീ എഫ് എ രണ്ട് മണിക്കൂറിനുള്ളിൽതന്നെ എനിക്ക് തന്നു. ഇങ്ങനെ ജനങ്ങളുടെ വിശ്വാസത്തിലും വർധന ഉണ്ടാകുന്നു.

സിയറ ലിയോണി(Sierra Leone)ലെ ഒരു പ്രവിശ്യയായ ലുങ്കി(Lungi)യിലെ മുഅല്ലിം അബ്ദുല്ല സാഹിബ് എഴുതുന്നു: പാ ജെ.എം. കായിൻ(Pa J.M. Kaline) സാഹിബ് പ്രായമുള്ള ഒരു അഹ്മദിയാണ്. കഴിഞ്ഞ വർഷം അദ്ദേഹത്തിന്റെ തഹ്‌രീക്കെ ജദീദ് വാഗ്ദാനം 25,000 ലിയോൺ ആയിരുന്നു. ഈ വർഷം അദ്ദേഹം 50,000 ലിയോൺ എഴുതുകയുണ്ടായി. അദ്ദേഹം സാമ്പത്തികമായി പ്രയാസത്തിലുമായിരുന്നു. തഹ്‌രീക്കെ ജദീദ് ചന്ദ അടക്കുന്നത് സംബന്ധിച്ച് വിളംബരപ്പെടുത്തിയപ്പോൾ തന്റെ വാഗ്ദാനം എത്രയാണെന്ന് അദ്ദേഹം ലോക്കൽ മിഷണറിയോട് ചോദിച്ചു. അദ്ദേഹം പറഞ്ഞു: 50,000 ലിയോൺ. അദ്ദേഹം ഇത് എങ്ങനെയാണ് എഴുതിച്ചതെന്ന കാര്യത്തിൽ അദ്ദേഹത്തിനുതന്നെ ആശ്ചര്യമുണ്ടായിരുന്നു. അത് അദ്ദേഹം തന്നെ എഴുതിച്ചതാണെന്നും തനിക്ക് സ്വയം കൊടുത്തുതീർക്കാൻ കഴിയില്ലെന്നും പറഞ്ഞു. ഏതായാലും അദ്ദേഹം നിശബ്ദനായി. അടുത്തയാഴ്ച അൻസ്വാർ മീറ്റിംഗുണ്ടായിരുന്നു. അദ്ദേഹം വന്ന് പറഞ്ഞു: 'എന്റെ പക്കൽ 60,000 ലിയോണുണ്ടായിരുന്നു. 20,000 വീട്ടിൽ വച്ചിട്ടുണ്ട് 40,000 ലിയോൺ തഹ്‌രീക്കെ ജദീദ് ചന്ദയിൽ കൊടുക്കാൻ കൊണ്ടുവന്നിട്ടുണ്ട്. ഇനി എനിക്ക് തിരിച്ചു പോകാനുള്ള പൈസപോലുമില്ല. ഞാൻ അദ്ദേഹത്തോട് പറഞ്ഞു: 'താങ്കൾ ത്യാഗം ചെയ്തതിന് അല്ലാഹു താങ്കൾക്ക് സംവിധാനം ഒരുക്കുന്നതാണ്.' അദ്ദേഹം വീട്ടിലേക്ക് നടന്നുപോകുകയായിരുന്നു. പറഞ്ഞു: 'വഴിയിൽ ഒരു പഴയകാല സുഹൃത്തിനെ കണ്ടുമുട്ടി. അദ്ദേഹം സംസാരിച്ചുകൊണ്ടുനിന്നു. അങ്ങനെ ആ സുഹൃത്ത് തിരിച്ചുപോകുമ്പോൾ ആ വയോധികന് 30,000 ലിയോൺ ഉപഹാരമായി നൽകി. അദ്ദേഹം പറയുന്നു: 'പിന്നെ പരിചയമുള്ള ഒരു സ്ത്രീയുടെ ആരോഗ്യാവസ്ഥകളെ സംബന്ധിച്ച് അറിയാൻ അവരുടെ വീട്ടിൽ പോയി. അവിടെനിന്ന് പുറപ്പെടുമ്പോൾ അവർ 10,000 ലിയോൺ തന്നിട്ട് പറഞ്ഞു: 'യാത്രാകൂലിയായി ഇത് ഉപയോഗിക്കുക.' പറയുന്നു: 'അങ്ങനെ അല്ലാഹു ചന്ദയിൽ കൊടുത്ത തുക തിരിച്ചു തന്നു. അദ്ദേഹത്തിന് അതിൽനിന്ന് തന്റെ 10,000 ന്റെ വാഗ്ദാനവും പൂർത്തിയായി. പറയുന്നു: ഇവിടംകൊണ്ട് തീർന്നില്ല. അതിനുശേഷം മറ്റൊരു അനുഗ്രഹമുണ്ടായി. ഒരു അടുത്ത ബന്ധു വിദേശത്ത് താമസിക്കുന്നുണ്ടായിരുന്നു. അദ്ദേഹത്തിന്റെ ഫോൺ വന്നു. പറയുന്നു: കുറേ നാളുകളായി താങ്കളെ ബന്ധപ്പെടാൻ ശ്രമിക്കുന്നു, പക്ഷേ, കഴിഞ്ഞിരുന്നില്ല. ഞാൻ താങ്കൾക്ക് 4 ലക്ഷം ലിയോൺ ഉപഹാരമായി അയക്കുന്നു. കേവലം തത്തുല്യമായ തുക മാത്രമല്ല മിറച്ച് 10 മടങ്ങ് വർധിപ്പിച്ച് അല്ലാഹു നൽകുകയുണ്ടായി. പറയുന്നു: ഇങ്ങനെ എനിക്ക് ധനത്യാഗത്തിനുള്ള തൗഫീഖ് ലഭിക്കുകയും എന്റെ വിശ്വാസ വർദ്ധനവിന് അത് കാരണമായിത്തീരുകയും ചെയ്തു.

ഗിനികൊണാക്രി(Guinea Conakry)യിലെ റീജനാണ് ബോക്കെ(Boke). അവിടുത്തെ ഒരു ഗ്രാമത്തിലെ മിഷണറി പറയുന്നു: 'തഹ്‌രീക്കെ ജദീദ് ചന്ദ പിരിവുമായി ബന്ധപ്പെട്ട് തഹ്‌രീക്കെ ജദീദ് വാരം സംഘടിപ്പിച്ചിരുന്നു. ജുമുഅ ഖുത്ബയിൽ ആളുകളുടെ ശ്രദ്ധക്ഷണിക്കുകയും വ്യക്തിഗതമായി വീടുകൾ സന്ദർശിക്കുകയും ചെയ്തു. അവിടെ ആത്മാർഥനായ ഒരു അഹ്മദിയുണ്ട്. ജിബ്‌റായേൽ സാഹിബ്. ആശാരിപ്പണിയായിരുന്നു അദ്ദേഹത്തിന്റെ ജോലി. അദ്ദേഹത്തിന്റെ വീട്ടിൽപോയി ചന്ദ കൊടുക്കാൻ ശ്രദ്ധക്ഷണിച്ചു. അദ്ദേഹം പറഞ്ഞു: ഇന്നത്തെ ചെലവിന് 20,000 ഫ്രാങ്ക് വെച്ചിട്ടുണ്ട്. അതെല്ലാം ചന്ദയിൽ നൽകുകയാണ്. ഇതല്ലാതെ ഇനി

ഞങ്ങളുടെ പക്കൽ ഒന്നുമില്ല. അല്ലാഹു ഈ ത്യാഗം സ്വീകരിക്കാൻ ദുആ ചെയ്യുകയാണ്. ജിബ്റായേൽ സാഹിബ് പറയുന്നു: കഴിഞ്ഞ 3 മാസമായി വിൽപ്പനക്കു വേണ്ടി ഒരു മരക്കട്ടിൽ തയ്യാറാക്കി വെച്ചിരുന്നു. പക്ഷേ, വാങ്ങാൻ ആരും വരുന്നുണ്ടായിരുന്നില്ല. ചന്ദ കൊടുത്ത് കുറച്ച് കഴിഞ്ഞപ്പോൾ കട്ടിൽ വാങ്ങാൻ ഒരാൾ വന്നു. അയാൾ അത് 15 ലക്ഷം ഫ്രാങ്കിന് വാങ്ങി. ഉടൻതന്നെ ജിബ്റായേൽ സാഹിബ് മിഷണറിയെ ഫോൺ ചെയ്തു പറഞ്ഞു: 'അല്ലാഹു ഞങ്ങളുടെ ത്യാഗം സ്വീകരിച്ചു. മാത്രമല്ല പലമടങ്ങ് വർധിപ്പിച്ച് തിരിച്ചു തരികയും ചെയ്തിരിക്കുന്നു. സുഹൃത്തുക്കളുടെ വിശ്വാസ വർധനവിനുവേണ്ടി അത് അദ്ദേഹം സുഹൃത്തുക്കൾക്ക് കേൾപ്പിക്കുകയുമുണ്ടായി.

സിയറ ലിയോൺ (Sierra Leone)ഫ്രീ ടൗണിലെ മുബല്ലിഗ് മുനീർ ഹുസയ്ൻ സാഹിബ് പറയുന്നു: 'സൂഫി സോങ്കോ(Sufi Songo)എന്ന ഒരു ഖാദിം സഹോദരരണ്ട്. പഠിക്കുകയാണ്, വിദ്യാർഥിയാണ്. പഠനാവശ്യത്തിനുവേണ്ടി പള്ളിയിലാണ് താമസിക്കുന്നത്. അദ്ദേഹം എന്റെ ജുമുഅ ഖുത്ബ കേട്ടു. റെക്കാർഡിംഗ് കേട്ടുകഴിഞ്ഞിരിക്കുന്നു. അല്ലെങ്കിൽ കഴിഞ്ഞ വർഷത്തെ തഹ്‌രീക്കെ ജദീദ് ഖുത്ബ കേട്ടിരിക്കും. അതിൽ ഞാൻ സാമ്പത്തിക ത്യാഗം ചെയ്യുന്നവരുടെ കാര്യങ്ങൾ വിവരിച്ചിരുന്നു. പറയുന്നു: ഞാൻ ശ്രദ്ധാപൂർവ്വം ഖുത്ബ കേട്ടു. എനിക്ക് ധനത്യാഗത്തിന് കഴിഞ്ഞെങ്കിൽ എന്ന ആവേശവും താൽപര്യവും എനിക്കുണ്ടായി. പക്ഷേ,എന്റെ മുന്നിലുള്ള ബുദ്ധിമുട്ട് ഞാൻ വിദ്യാർഥിയാണെന്നുള്ളതാണ്. ജോലിയൊന്നും ചെയ്യുന്നില്ല. പഠനച്ചെലവുതന്നെ കഷ്ടിച്ചാണ് പൂർത്തിയാക്കുന്നത്. എന്നാൽ, ഈ പ്രശ്നങ്ങളെല്ലാം ഉണ്ടായിരുന്നെങ്കിലും എന്റെ ഉള്ളിൽ വളരെ അസ്വസ്ഥതയായിരുന്നു. ഞാൻ തഹ്‌രീക്കെ ജദീദ് സെക്രട്ടരിക്ക് 5 ലക്ഷം ലിയോൺ എന്റെ വാഗ്ദാനം എഴുതിച്ചു. അത് എനിക്ക് ഏറെ ബുദ്ധിമുട്ടുള്ള കാര്യവുമാണ്. അതിനുശേഷം അത് കൊടുത്തുവീട്ടാൻ കുറച്ച് പ്രയാസപ്പെടുകയും ചെയ്തു. അല്ലാഹുവേ! എന്റെ വാഗ്ദാനം പൂർത്തിയാക്കാൻ എന്തെങ്കിലും വഴി കാണിച്ചുതരണമേ എന്ന് രാപ്പകൽ ഞാൻ ദുആകൾ ചെയ്യാൻ തുടങ്ങി. കുറച്ചു ദിവസത്തിനുശേഷം എന്റെ ഒരു ബന്ധു തന്റെ മകനേയുംകൊണ്ട് അഹ്മദിയ്യാ സ്കൂളിൽ ചേർക്കാൻ വന്നു. ഞാൻ സ്കൂൾ പ്രിൻസിപ്പാലിനോട് സംസാരിച്ചു. അദ്ദേഹം അഡ്മിഷൻ കൊടുത്തു. കുട്ടിയുടെ പിതാവ് എനിക് 1 ലക്ഷം ലിയോൺ തന്നിട്ട് പറഞ്ഞു, ഇത് ഇരിക്കട്ടെ, നിനക്ക് ഭക്ഷണത്തിനും മറ്റും ഉപകാരപ്പെടും. ആ ദിവസം ഭക്ഷണത്തിന് എന്റെ പക്കൽ ഒന്നുമുണ്ടായിരുന്നില്ല. പക്ഷേ, ഞാൻ ആ തുക മുഴുവനും തഹ്‌രീക്കെ ജദീദ് ചന്ദയിൽ കൊടുത്തു. അങ്ങനെ വാഗ്ദാനത്തിന്റെ കുറച്ചു പൂർത്തിയായി. പറയുന്നു: കുറച്ചു ദിവസം കഴിഞ്ഞപ്പോൾ ഒരു അപരിചിതമായ നമ്പറിൽ നിന്ന് ഒരു ജോലി ചെയ്താൽ അതിന് നല്ല പ്രതിഫലം നൽകുന്നതാണ്. അതിന് തയ്യാറാണോ? എന്നു ചോദിച്ചുകൊണ്ട് എനിക്ക് ഫോൺ വന്നു. ഞാൻ ഉടനെതന്നെ സമ്മതിച്ചു. അല്ലാഹുവിന്റെ അനുഗ്രഹത്താൽ അതിന്റെ പ്രതിഫലമായി എനിക്ക് 1 മില്യൻ ലിയോൺ കിട്ടി. അതുകൊണ്ട് ഞാൻ എന്റെ തഹ്‌രീക്കെ ജദീദ് വാഗ്ദാനം ഉടൻതന്നെ പൂർണമായും അടക്കുകയുണ്ടായി.

ഗീബോണിലെ മുബല്ലിഗ് ഇൻചാർജ് എഴുതുന്നു: ഈസാ ദീൻദാനെ (Issa Dindane) സാഹിബ് എന്ന ഒരു നവഅഹ്മദിയുണ്ട്. അദ്ദേഹം പറയുന്നു: ബയ്അത്തിനും കൃത്യമായി ചന്ദ കൊടുക്കുന്നതിനും മുമ്പേ എന്റെ അവസ്ഥ ചിലപ്പോൾ രണ്ടുമൂന്ന് ആഴ്ചകൾ ജോലിയില്ലാതെ കഴിഞ്ഞുപോകുമായിരുന്നു. എന്നാൽ, കൃത്യമായി ചന്ദ കൊടുക്കുവാൻ തുടങ്ങിയപ്പോൾ ഏറെകുറെ എല്ലാ ദിവസവും ജോലി കിട്ടുന്നുണ്ട്. ഇദ്ദേഹം വളരെ ദൂരെനിന്നു വന്ന് കൃത്യമായി ചന്ദ കൊടുക്കുന്നു. ചന്ദ കൊടുക്കുന്ന അത്രയും ടാക്സിക്കും കൊടുക്കേണ്ടിവരുന്നു. ഇപ്പോൾ വീട്ടിൽനിന്നുതന്നെ ചന്ദ കൊടുക്കുന്നതിനുള്ള ഏർപ്പാട് ചെയ്തിരിക്കുന്നു.

ജോർഡാനിലുള്ള ഫജ്ജർ അത്വായാ സാഹിബ പറയുന്നു: 'അഹ്മദിയ്യത്തിൽ ചേർന്നിട്ട് 22 വർഷമായി. ഞാൻ അഹ്മദിയായതുമുതൽ ചന്ദ കൊടുക്കാൻ നിയ്യത്ത് ചെയ്തപ്പോഴെല്ലാം അല്ലാഹു അദൃശ്യത്തിൽ നിന്ന് സഹായം ചെയ്യുകയും പൈസയുടെ സംവിധാനമൊരുക്കുകയും ചെയ്യുന്നതായി എനിക്ക് കണാൻ കഴിഞ്ഞിട്ടുണ്ട്. ചിലപ്പോൾ എത്രയാണോ ചന്ദ കൊടുക്കാൻ നിയ്യത്ത് ചെയ്തത് അത്രയും സംഖ്യതന്നെ വന്നിട്ടുണ്ട്. ഇത് ജമാഅത്തിന്റെ അനുഗ്രഹമാകുന്നു.' പറയുന്നു: 'ഞാൻ എഞ്ചിനിയറിംഗ് ചെയ്തിട്ടുണ്ട്. വീട്ടിൽതന്നെ ജോലികിട്ടുമ്പോൾ ചെയ്യാറുണ്ട്. ചന്ദ കൊടുക്കാൻ ഭർത്താവിൽനിന്ന് പൈസ വാങ്ങുന്ന ശീലമില്ല. കാരണം അദ്ദേഹം അധികവും ബുദ്ധിമുട്ടിലായിരിക്കും. ഞാൻ എന്റെ സ്വന്തം വരുമാനത്തിൽ നിന്നാണ് ചന്ദ കൊടുക്കുന്നത്. ഈ വർഷം ഞാൻ ചന്ദ കൊടുത്തു എന്നാണ് കരുതിയിരുന്നത്. പക്ഷേ, വാസ്തവത്തിൽ ഞാൻ മറന്നതായിരുന്നു. ഓർമപ്പെടുത്തിയപ്പോൾ എന്റെ കൈയിൽ ഒരു ദീനാർപോലും ഇല്ലായിരുന്നു. എങ്ങനെ ചന്ദ കൊടുക്കും എന്നതായിരുന്നു എന്റെ ചിന്ത. എന്നാൽ, ഒരു വിദ്യാർഥിനി വന്ന് തനിക്ക് ട്യൂഷൻ എടുക്കണമെന്ന് പറഞ്ഞു. അല്ലാഹുവിന്റെ അനുഗ്രത്താൽ ട്യൂഷൻ ഫീസുകൊണ്ട് ചന്ദയും പൂർത്തിയാക്കും കുറച്ച് തുക ബാക്കിവരുകയും ചെയ്യും.

ബുർക്കിനാ ഫാസോ (Burkina Faso)യിലെ ബോകുബാഡാല(Bokubadala) ജമാഅത്തിന്റെ സ്വദ്ർ സാഹിബ് പറയുന്നു: എന്റെ അടുത്ത് കുറച്ച് അനഹ്മദി സുഹൃത്തുക്കൾ വന്നു പറഞ്ഞു: 'ഞങ്ങൾ നിങ്ങളുടെ കൃഷിയെപറ്റി അത്ഭുതപ്പെടുകയാണ്. കാരണം നിങ്ങൾ ജമാഅത്തിന്റെ സ്കൂൾ പണി നടക്കുന്നതിലാണ് കൂടുതൽ സമയവും ചെലവഴിച്ചത്. അതുകൊണ്ട് നിങ്ങൾക്ക് കൃഷിയിൽ ശ്രദ്ധിക്കാൻ കഴിഞ്ഞിരുന്നില്ല. എന്നിട്ടും നിങ്ങളുടെ കൃഷി ഞങ്ങളുടെതിനെക്കാൾ നന്നായി ഉണ്ടായി. അപ്പോൾ സ്വദ്ർ സാഹിബ് അവരോട് പറഞ്ഞു: 'ഞാൻ ഈ വഖാറെ അമൽ അല്ലാഹുവിനും ജമാഅത്തിനും വേണ്ടിയാണ് ചെയ്തത്. ഞങ്ങൾ സ്കൂളിനുവേണ്ടി സമയം ചെലവഴിക്കുന്ന നേരത്ത് ഞങ്ങൾ ഇങ്ങനെ ദുആ ചെയ്തിരുന്നു: അല്ലാഹുവേ നീ തന്നെ ഞങ്ങളുടെ വിളകളെ സംരക്ഷിക്കേണമേ. കാരണം ഞങ്ങൾ നിന്നിൽ ഭരമേൽപ്പിക്കുന്നു. അതുകൊണ്ട് അല്ലാഹു ഞങ്ങളുടെ ദുആ സ്വീകരിച്ചു. ഞങ്ങളുടെ വിളകളും നന്നായി. അതിനാൽ ഞങ്ങൾ അതനുസരിച്ച് ചന്ദയും കൊടുത്തു.

കുട്ടികൾ എത്രമാത്രം ധനത്യാഗബോധമുള്ളവരാണെന്ന് നോക്കുക. ഇവരെല്ലാം ദരിദ്ര രാജ്യങ്ങളിലെ ആളുകളാകുന്നു. ഈ കുട്ടികൾക്കുള്ള ബോധ്യം ചിലസ്ഥലങ്ങളിൽ വിദ്യാസമ്പന്നരായ കുട്ടികൾക്കില്ല. അതുസംബന്ധമായി ഒരു സംഭവമുണ്ട്. സഗ്ബാറ ഏരിയയിലെ മുബല്ലിഗ് ഹുസയ്നി യുസുഫ് സാഹിബ് പറയുന്നു: കുട്ടികൾ മസ്ജിദിന് പുറത്ത് കളിക്കുകയായിരുന്നു. അതിലൂടെ പോയിരുന്ന വയോധികൻ കുട്ടികളെ കണ്ട് സന്തോഷത്താൽ മിഠായി വാങ്ങുന്നതിന് 1400 ഷില്ലിംഗ് കൊടുത്തു. കുട്ടികൾ പൈസയുമായി അഹ്മദീ കച്ചവടക്കാരന്റെ അടുക്കൽപോയി അത് ചില്ലറയാക്കി. തങ്ങളുടെ പൈസക്ക് കോഴി വാങ്ങുന്നതിനുപകരം തങ്ങളുടെ ഭാഗത്തുനിന്ന് നൂർ വീതം ഷില്ലിംഗ് ചന്ദ കൊടുത്തു. വളരെ സന്തോഷത്തോടെ തങ്ങളുടെ രസീതുകൾ വാങ്ങി വെച്ചു. അഹ്മദി കടക്കാരന്, കുട്ടികൾ ചന്ദകൊടുക്കാനാണ് ചില്ലറ മാറ്റിയത് എന്നറിഞ്ഞപ്പോൾ അത്ഭുതം അടക്കാൻ കഴിഞ്ഞില്ല. ഇൻശാ അല്ലാഹ് ഈ കുട്ടികൾ അഹ്മദിയ്യാ ജമാഅത്തിന്റെ ശക്തിയുള്ള അടിത്തറയായി മാറുന്നതാണ്. ഇനി കുട്ടികളുടെ ത്യാഗത്തിന്റെ അത്ഭുതാവഹമായ ഒരു കാഴ്ച കൂടിയുണ്ട്. ഇത് ടാൻസാനിയാ(Tanzania)യിലേതാണ്. സമൂയേയിലെ(Samuye) മുബല്ലിഗ് എഴുതുന്നു: 4-ാം ക്ലാസിൽ പഠിക്കുന്ന ജമാഅത്തിലെ 3 കുട്ടികളുണ്ട്. അവർ തുടർച്ചയായി മസ്ജിദിലെ തഅ്ലീം തർബിയത്ത് ക്ലാസുകളിൽ പങ്കെടുക്കാറുണ്ട്. മൂന്ന് കുട്ടികളുടെയും കുടുംബം സാമ്പത്തികമായി ദരിദ്രരാണ്. സ്ഥിരമായ വരുമാനമൊന്നുമില്ല. കഴിഞ്ഞ മാസംമുതൽ ഇവർ തഹ്‌രീക്കെ ജദീദ് ചന്ദ കൊടുക്കുന്ന കാര്യത്തിൽ മത്സരിക്കുകയാണ്. ഓരോരുത്തരും വെവ്വേറെ ചന്ദ കൊണ്ടുവന്നിരുന്നു. തന്റെ

ശേഷം പേജ് 10 ൽ

## അല്ലാഹുവിന്റെ കലാം:

**"ഞങ്ങളുടെ നാഥാ, ഞങ്ങളുടെ പാപങ്ങളേയും ഞങ്ങളുടെ കാര്യങ്ങളിലുള്ള അമിതത്വത്തേയും നീ ഞങ്ങൾക്ക് പൊറുത്തുതരേണമേ. ഞങ്ങളുടെ പാദങ്ങളെ ഉറപ്പിച്ചുനിറുത്തേണമേ. അവിശ്വാസികളായ ജനങ്ങൾക്കെതിരിൽ നീ ഞങ്ങളെ സഹായിക്കുകയും ചെയ്യേണമേ."**

*(വിശുദ്ധ ഖുർആൻ 3:148)*

ത്വാലിബെ ദുആ:
Rahman Shakeer & Family
Ahmadiyya Jama-ath Karulai, Kerala

## അല്ലാഹുവിന്റെ കലാം:

**"എന്നെ ആരാധിക്കാൻ വേണ്ടിയല്ലാതെ ജിന്നിനേയും ഇൻസിനേയും ഞാൻ സൃഷ്ടിച്ചിട്ടില്ല."**

*(വിശുദ്ധ ഖുർആൻ 51:57)*

ത്വാലിബെ ദുആ:
P.Abdul Ameer
Sadr, Ahmadiyya Jama-ath Pathapiriyam, Kerala

## ഖുത്ബ ജുമുഅ

ഹദ്റത്ത് ഈഇശؓപറയുന്നു.നബിﷺതിരുമേനിപറഞ്ഞു:
'ജിന്നിന്റേയും ഇൻസിന്റേയും ശയ്ത്വാൻ ഉമറിനെ കാണുമ്പോൾ ഓടുന്നതായി ഞാൻ കാണുന്നു.'
'ഞാനിഷ്ടപ്പെടുന്നിടത്ത് ഉമർ ബിൻ ഖത്ത്വാബ് എന്റെ കൂടെയുണ്ട്. അദ്ദേഹം ഇഷ്ടപ്പെടുന്നിടത്ത് ഞാൻ അദ്ദേഹത്തിന്റെ കൂടെയുമുണ്ട്. '(അൽഹദീഥ്)

ഹദ്റത്ത് ഉമറിന്റെ നാവിലും മനസ്സിലും സക്കീനത്ത് അഥവാ സമാധാനം ഒഴുകുന്നു.(ഹദ്റത്ത് അലി)

ഹദ്റത്ത് നബിﷺതിരുമേനി ഹദ്റത്ത് അബൂബക്റിനേയും ഹദ്റത്ത് ഉമറിനേയും കുറിച്ച് പറഞ്ഞു: സ്വർഗത്തിലെ നബിമാരും മുർസലീങ്ങളുമൊഴികെ വലിയ പ്രായമുള്ളവരായ മുമ്പേയുള്ളവരുടേയും പിമ്പേയുള്ളവരുടേയുമെല്ലാം നേതാക്കളാണ്.

**നബിﷺതിരുമേനിയുടെ ഉന്നതസ്ഥാനീയനായ ഖലീഫ റാശിദ്, ഫാറൂഖ് അഅ്ളം ഹദ്റത്ത് ഉമർ ബിൻ ഖത്ത്വാബ്ؓന്റെ സ്തുത്യർഹമായ ജീവിതത്തിന്റെ ചർച്ച**

പിശാവറിലെ കാമ്റാൻ അഹ്മദ് സാഹിബ് ശഹീദ്, ഡോക്ടർ മിർസാ നബീർ അഹ് മദ് സാഹിബ് അദ്ദേഹത്തിന്റെ ഭാര്യ അമേരിക്കയിലെ ആഇശ അമ്പർ സയ്യിദ് സാഹിബ, കറാച്ചിയിലെ ചൗദരി നസ്വീർ അഹ്മദ് സാഹിബ്, പശ്ചിമ റബ് വയിലെ ദാറുർറഹ് മത്തിൽ സർദാറാൻ ബീബീ സാഹിബ എന്നിവരെ കുറിച്ചുള്ള അനുസരണവും ജനാസ ഗാഇബും.

**ഖുത്ബ ജുമുഅ 2021 നവംബർ 12/1400 നുബുവ്വത്ത് 12,**
**മസ്ജിദ് മുബാറക് ഇസ്ലാമാബാദ്, ടിൽഫോർഡ്, (സർറെ)യു.കെ.**

ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്
ایدہ اللہ تعالیٰ بنصرہ العزیز

اَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَاَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ
اَمَّا بَعْدُ فَاَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ ○ بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ ○
اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ ○ الرَّحْمٰنِ الرَّحِيْمِ ○ مٰلِكِ يَوْمِ الدِّيْنِ ○ اِيَّاكَ نَعْبُدُ وَاِيَّاكَ نَسْتَعِيْنُ ○
اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ ○ صِرَاطَ الَّذِيْنَ اَنْعَمْتَ عَلَيْهِمْ ۙ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ ○

കഴിഞ്ഞ ഖുത്ബകളിൽ ഹദ്റത്ത് ഉമർؓനെ കുറിച്ചാണ് പറഞ്ഞിരുന്നത്. ഇന്നും ആ വിഷയം തന്നെയാണ് തുടരുന്നത്.

ഹദ്റത്ത് ഹഫ്സ്വ ബിൻത് ഉമർ ഹദ്റത്ത് ഉമറിന്റെ ലൗകികതയോടുള്ള വിരക്തിയേയും ഭയഭക്തിയേയും പരാമർശിച്ചുകൊണ്ട് വിവരിക്കുന്നു. ഹദ്റത്ത് ഹഫ്സ്വ ഒരിക്കൽ തന്റെ പിതാവിനോടു പറഞ്ഞു:'യാ അമീറൽ മുഅ്മിനീൻ! ഒരു നിവേദനത്തിൽ വന്നിട്ടുള്ളത് എന്റെ പിതാവേ! എന്നു സംബോധന ചെയ്തതായാണ്. അല്ലാഹു ആഹാരാദി കാര്യങ്ങൾ വിശാലമാക്കിയിരിക്കുന്നു. അങ്ങയ്ക്ക് വിജയങ്ങൾ പ്രദാനം ചെയ്തിരിക്കുന്നു. യഥേഷ്ടം സമ്പത്തും നല്കിയിരിക്കുന്നു. അങ്ങ് എന്തുകൊണ്ട് മാർദവമുള്ളതും മയമുള്ളതുമായ ഭക്ഷണം കഴിക്കുന്നില്ല. എന്തുകൊണ്ട് മാർദവമുള്ള വസ്ത്രങ്ങൾ ധരിക്കുന്നില്ല. ഹദ്റത്ത് ഉമർؓപറഞ്ഞു:'ഞാൻ നിന്നിൽനിന്നുതന്നെ ഇക്കാര്യത്തിൽ വിധിയാഗ്രഹിക്കുകയാണ്. നിനക്ക് ഓർമയില്ലേ? നബിﷺതിരുമേനിയുടെ കാലഘട്ടത്തിൽ എത്രമാത്രം കഠിനമായ വിഷമങ്ങൾ സഹിക്കേണ്ടി വന്നിട്ടുണ്ട്.' നിവേദകൻ പറയുന്നു:'അവിടന്ന് തുടർച്ചയായി ഹദ്റത്ത് ഹഫ്സ്വയെ ഇക്കാര്യം ഓർമപ്പെടുത്തിക്കൊണ്ടിരുന്നു. അങ്ങനെ ഹദ്റത്ത് ഹഫ്സ്വയെ കരയിച്ചു. പിന്നീട് ഹദ്റത്ത് ഉമർ പറഞ്ഞു. അല്ലാഹുവാണ!എന്നിൽ ശക്തിയുള്ളിടത്തോളും ഞാൻ നബിﷺതിരുമേനിയുടേയും അബൂബക്ർؓന്റേയും ജീവിതങ്ങളുടെ കഷ്ടപ്പാടുകളിൽ എന്നെ പെടുത്തി വെക്കുന്നതായിരിക്കും. ഒരുപക്ഷേ, അവരിരുവരുടേയും റാഹത്തായ ജീവിതത്തിലും പങ്കാളിയാകും.

ഒരു നിവേദനത്തിൽ ഇങ്ങനേയും വന്നിട്ടുണ്ട്. ഹദ്റത്ത് ഹഫ്സ്വയോടു ഹദ്റത്ത് ഉമർؓപറഞ്ഞു: ഉമറിന്റെ മകളായ ഹഫ്സ്വാ! നീ നിന്റെ ജനതയുടെ അഭ്യുദയകാംക്ഷിയായി. പക്ഷേ, നിന്റെ പിതാവിന്റെ അഭ്യുദയകാംക്ഷിയായില്ല. നീ എനിക്ക് അഭിപ്രായം പറഞ്ഞുതന്നു. ഇങ്ങനെയായാൽ ജനതയ്ക്ക് നല്ല നിലയിൽ സേവനം ചെയ്യാൻ കഴിയുന്നതായിരിക്കുമെന്ന്! പക്ഷേ, ഇത് എന്റെ നന്മ ആഗ്രഹിക്കലല്ല. എന്നിട്ടു പറഞ്ഞു:'എന്റെ കുടുംബക്കാർക്ക് എന്റെ ജീവനിലും എന്റെ ധനത്തിലും മാത്രമാണ് അവകാശമുള്ളത്. പക്ഷേ, എന്റെ ദീനിലും എന്റെ അമാനത്തിലും അവർക്ക് ഒരു അവകാശവുമില്ല.'*(അത്ത്വബഖാത്തുൽകുബ്റാ ലിഇബ്നി സഅ്ദ് ഭാഗം 3, പേജ് 148, ദിക്ർ ഹിജറത്തു ഉമർബിൻ അൽഖത്ത്വാബ് പ്രസാധനം ദാറുൽകുതുബിൽഇൽമിയ്യ ബെയ്റുത്ത് 1996)*

അതായത് ഏതൊരു അമാനത്താണോ(സൂക്ഷിക്കാൻ ഏല്പിക്കപ്പെട്ട വസ്തു)ഞാൻ നിർവഹിച്ചുകൊണ്ടിരിക്കുന്നത് അതിനെ കുറിച്ച് നീ എന്നോടു ഒന്നും പറയേണ്ട ആവശ്യമില്ല. ഇക്കാര്യത്തിൽ, ഇതിനെക്കുറിച്ച് പറയാൻ നിനക്കൊരു അവകാശവുമില്ല.

ഹദ്റത്ത് ഇക്രിമ ബിൻ ഖാലിദ് വിവരിക്കുന്നു: ഹദ്റത്ത് ഹഫ്സ്വയും ഹദ്റത്ത് അബ്ദുല്ലായും അവർക്കുപുറമെ കുറച്ചാളുകളും ഹദ്റത്ത് ഉമറിനോടു സംസാരിച്ചുകൊണ്ടു പറഞ്ഞു:'അങ്ങ് കൂടുതൽ നല്ല ഭക്ഷണം കഴിക്കുകയാണെങ്കിൽ അവകാശത്തിനുവേണ്ടി പണിയെടുക്കാൻ അങ്ങയ്ക്ക് കൂടുതൽ കരുത്ത് ലഭിക്കുന്നതാണ്. ഹദ്റത്ത് ഉമർؓപറഞ്ഞു:ഇതു നിങ്ങളെല്ലാവരുടേയും അഭിപ്രായമാണോ?അവർ പറഞ്ഞു:അതേ! ഹദ്റത്ത് ഉമർؓപറഞ്ഞു:ഞാൻ നിങ്ങളുടെ അഭ്യുദയകാംക്ഷ മനസ്സാലാക്കിയിരിക്കുന്നു. പക്ഷേ, ഞാനെന്റെ രണ്ടു സ്നേഹിതരുടേയും അതായത് നബിﷺതിരുമേനിയേയും ഹദ്റത്ത് അബൂബക്റിനേയും ഏതൊരു അവസ്ഥയിലാണോ വിട്ടത്, ഞാൻ അവരിരുവരുടേയും ആ വഴി വിട്ടുകളഞ്ഞാൽ എനിക്ക് അവരിരുവരുടേയും പ്രാപ്യസ്ഥാനത്ത് കണ്ടുമുട്ടാനാകുകയില്ല. *(താരീഖുൽഖുലഫാ, ഇമാം ജലാലുദ്ദീൻ സുയൂത്വി, പേജ് 101, ഉമർ ബിൻ ഖത്ത്വാബ്, പ്രസാധനം ദാറുൽകിതാബു അൽഅറബി, ബെയ്റുത്ത് ലബിനാൻ 1999)*

ഹദ്റത്ത് മുസ്ലിഹ് മൗഊദ്ؓപറയുന്നു:നബിﷺതിരുമേനിയുടെ കാലം ഭയാശങ്കകളുടെ കാലമായിരുന്നു. ആ നേരത്ത് നബിﷺതിരുമേനി മുസ്ലിമീങ്ങൾക്കു നല്കിയ കൽപനകളിൽനിന്ന് നമുക്ക് പാഠം ഉൾക്കൊള്ളാൻ കഴിയുന്നതാണ്. അവിടത്തെ സ്വന്തം പ്രവർത്തനരീതിയും ഇതുതന്നെയായിരുന്നു. അവിടന്ന് നല്കിയ നിർദേശവും ഒന്നിൽക്കൂടുതൽ കറി ഉപയോഗിക്കരുതെന്നായിരുന്നു. ഹദ്റത്ത് മുസ്ലിഹ് മൗഊദ്ؓതഹ്രീക്കെ ജദീദിനെ കുറിച്ചുള്ള തന്റെ ഒരു ഖുത്ബയിലാണ് ഇക്കാര്യം വിവരിച്ചത്. എന്തായാലും പറയുന്നു:നബിﷺതിരുമേനി നല്കിയ നിർദേശവും ഒന്നിൽക്കൂടുതൽ കറി ഉപയോഗിക്കരുതെന്നായിരുന്നു. അത് എത്രമാത്രം ശക്തമായി പറഞ്ഞിരുന്നുവെന്നാൽ ചിലസ്വഹാബാക്കൾ നബിﷺതിരുമേനി അതിൽ അതിരുകവിഞ്ഞതായാണ് പറയുന്നത്. അതിരറ്റനിലയിൽ പറഞ്ഞു. ഒരിക്കൽ ഹദ്റത്ത് ഉമറിന്റെ മുമ്പിൽ സിർക്കയും ഉപ്പും വെക്കപ്പെട്ടു. അപ്പോൾ അവിടന്ന് പറഞ്ഞു:'നബിﷺതിരുമേനി ഒരു ഭക്ഷണം കഴിക്കാൻ കല്പിച്ചിട്ടുള്ളപ്പോൾ ഈ രണ്ടു ഭക്ഷണം എന്തിനാണ് വെച്ചിട്ടുള്ളത്? ഹദ്റത്ത് ഉമർؓനോടു ആളുകൾ പറഞ്ഞു:'ഇതു രണ്ടല്ല. പ്രത്യുത ഉപ്പും സിർക്കയും കൂട്ടിച്ചേർത്ത ഒരു കറിയാണ്. എന്നാൽ, അവിടന്ന് പറഞ്ഞു:അല്ല. ഇതു രണ്ടെണ്ണം തന്നെയാണ്. ഹദ്റത്ത് ഉമറിന്റെ പ്രവൃത്തി നബിﷺ

തിരുമേനിയോടുള്ള സ്നേഹവികാരങ്ങൾ കാരണത്താൽ അതിരുകവിയലിന്റെ വശം ഉൾക്കൊള്ളുന്നതായി മനസ്സിലാകുന്നു. ഒരു പക്ഷേ, നബിﷺതിരുമേനി ഉദ്ദേശിച്ചത് ഇതായിരിക്കുകയില്ല. പക്ഷേ, ഈ ഉദാഹരണത്തിൽനിന്ന് നബിﷺതിരുമേനി മുസ്‌ലിമീങ്ങൾക്ക് ലളിത ജീവിതമാണ് വേണ്ടതെന്ന് പറഞ്ഞ് എത്രമാത്രം അതിൽ ഊന്നൽ നല്കിയിരുന്നുവെന്ന് തീർച്ചായായും മനസ്സിലാകുന്നുണ്ട്. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്رضപറയുന്നു: ഹദ്റത്ത് ഉമർ പറയുന്ന ലളിതമെന്ന ആവശ്യമല്ല ഞാൻ ഉന്നയിക്കുന്നത്. ഉപ്പും സിർക്കയും വെവ്വേറെ കറിയാണെന്നു പറയുന്നുമില്ല. എന്നാൽ, ഇന്നുമുതൽ മൂന്നു വർഷംവരെ ഇതിനിടയിൽ ഓരോ വർഷത്തിനുശേഷവും ഞാൻ വീണ്ടും വിളംബരം ചെയ്തുകൊണ്ടിരിക്കുന്നതുമാണ്. ഈ മൂന്നു വർഷങ്ങളിൽ ഭയാവസ്ഥ നീങ്ങിയാൽ കല്പനകളും മാറുന്നതാണ്. ഈ യുദ്ധത്തിൽ നമ്മോടൊപ്പം ഭാഗഭാക്കാകാൻ ആഗ്രഹിക്കുന്ന ഓരോ അഹ്മദിയും ഇന്നു മുതൽ ഒരു കറിമാത്രമെ കൂട്ടുകയുള്ളുവെന്ന് സത്യം ചെയ്യുക. റൊട്ടിയും കറിയും അല്ലെങ്കിൽ ചോറും കറിയും. ഇത് രണ്ടുസാധനങ്ങളല്ല. മറിച്ച് രണ്ടുംചേർന്ന് ഒന്നായിരിക്കും. പക്ഷേ, റൊട്ടിയോടൊപ്പം രണ്ടു കറിയ്ക്കോ ചോറിനോടൊപ്പം രണ്ടു കറിയ്ക്കോ അനുമതി ഉണ്ടായിരിക്കില്ല.'*(ഖുത്ബാത്തെ മഹ്മൂദ് വാള്യം 15, പേജ് 426)*

ഇതു തഹ്‌രീക്കെ ജദീദ് വിളംബരപ്പെടുത്തിയ കാലത്തുള്ള കാര്യമാണ്. അക്കാലത്ത് ജമാഅത്തിന് ആവശ്യമുണ്ടായിരുന്നു. അതുകൊണ്ട് തങ്ങളുടെ ചെലവുകൾ ചുരുക്കി ചന്ദ നല്കാൻ ആഹ്വാനം ചെയ്തു. അല്ലാഹുവിന്റെ കൃപയാൽ ഇപ്പോൾ അവസ്ഥകൾ വ്യത്യസ്തമാണ്. അതുകൊണ്ട് ഈ നിയന്ത്രണമില്ല. എങ്കിലും അമിതവ്യയം പാടുള്ളതല്ല.

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്رض **വല്ലദീന ഇദാ അൻഫഖൂ ലം യുസ് രിഫൂ വലം യഖ്തറൂ വ കാന ബയ്ന ദാലിക്ക ഖവാമൻ** എന്നതിനെഴുതിയ തഫ്സീറിൽ പറയന്നു:ആരെങ്കിലും 'അബ്ദുർറഹ്മാൻ'ആകാനാഗ്രഹിക്കുന്നെങ്കിൽ അയാൾ തന്റെ സമ്പത്ത് ചെലവഴിക്കുമ്പോൾ രണ്ടു കാര്യങ്ങൾ ശ്രദ്ധിക്കേണ്ടതാണ്. ഒന്ന് തന്റെ സമ്പത്ത് അമിതവ്യയം ചെയ്യരുത്. അയാളുടെ ആഹാരം കേവലം ആചാരത്തിനും സ്വാദിനും ആകരുത്. മറിച്ച് അത് ശരീരത്തിന്റെ ശക്തിയും ബലവും നിലനിറുത്താൻ വേണ്ടിയുള്ളതാണ്. അയാൾ വസ്ത്രം ധരിക്കുന്നത് ചമയം എന്ന നിലക്കല്ല. മറിച്ച് ശരീരം മറക്കാനും അല്ലാഹു അതിനുനല്കിയ നിലയെ സംരക്ഷിക്കാനും സ്വഹാബാക്കളുടെ ചര്യകൾ അങ്ങനെയായിരുന്നുവെന്ന് മനസ്സിലാക്കി തരാനുമത്രെ. ഒരിക്കൽ ഹദ്റത്ത് ഉമർرضശാംദേശത്ത് പോയി. അതായത് സിറിയയിലേക്ക്. അവിടെ ചില സ്വഹാബാക്കൾ പട്ടുവസ്ത്രം ധരിച്ചിരുന്നു. (പട്ടുവസ്ത്രം കൊണ്ടുള്ള വിവക്ഷിതം അതിൽ കുറച്ചു പട്ടുപയോഗിച്ചിരുന്നുവെന്നാണ്. അല്ലാതെ മുഴുവൻപട്ടുകൊണ്ടു നിർമിച്ചിട്ടുള്ള വസ്ത്രം ചികിത്സാർഥം രോഗികൾക്കല്ലാതെ പുരുഷന്മാർക്ക് അനുവദനീയല്ല). ഹദ്റത്ത് ഉമർرض തന്റെ കൂടെയുള്ളവരോടു, അവരുടെമേൽ മണ്ണുവിതറാൻ പറഞ്ഞു. അതായത് അതിൽ അനിഷ്ടം പ്രകടിപ്പിച്ചുകൊണ്ട് പറഞ്ഞു. നിങ്ങൾ പട്ടുവസ്ത്രം ധരിക്കുന്ന അവസ്ഥയിലേക്ക് സുഖലോലുപതയിൽ എത്തിയിരിക്കുകയാണ്. അപ്പോൾ അവരിൽ ഒരു സ്വഹാബി കുപ്പായം പൊക്കിക്കാണിച്ചപ്പോൾ മനസ്സിലായി അദ്ദേഹം അതിന്നടിയിൽ കട്ടിയുള്ള പരുക്കൻ പരുത്തിവസ്ത്രം ധരിച്ചിട്ടുണ്ടന്ന്. അദ്ദേഹം ഹദ്റത്ത് ഉമറിനോടു പറഞ്ഞു. ഞങ്ങൾ പട്ടുവസ്ത്രം ധരിച്ചത് അത് ഇഷ്ടപ്പെട്ടിട്ടല്ല. മറിച്ച് ഈ നാട്ടിലെ ജനങ്ങളുടെ രീതി ഇതായതുകൊണ്ടാണ്. ഇവിടെയുള്ളവർ പ്രൗഢിയിൽ കഴിയുന്ന നേതാക്കന്മാരെയാണ് ചെറുപ്പം മുതലെ കണ്ടു ശീലിച്ചിരിക്കുന്നത്. അവർ വളരെ പ്രൗഢഗംഭീരമായാണ് ജീവിക്കുന്നത്. അതിനാൽ ഞങ്ങളും അക്കാര്യം പരിഗണിച്ചുകൊണ്ട് ഞങ്ങളുടെ വസ്ത്രങ്ങളും ദേശീയപരവും രാഷ്ട്രീയപരവുമായി മാറ്റിയതാണ്. അതല്ലാതെ അതു ഞങ്ങളെ സ്വാധീനിച്ചിട്ടില്ല. ചുരുക്കത്തിൽ അമിതവ്യയം കൊണ്ടുള്ള ഉദ്ദേശ്യമെന്താണെന്ന് സ്വഹാബാക്കളുടെ കർമങ്ങൾ പറയുന്നു. ഇതുകൊണ്ടുള്ള ഉദ്ദേശ്യം ആവശ്യമില്ലാത്ത കാര്യത്തിനുവേണ്ടി ധനം ചെലവഴിക്കരുതെന്നാണ്. അതിന്റെ ഉദ്ദേശ്യം പ്രദർശനപരതയും സൗന്ദര്യ പ്രകടനവുമായിരിക്കരുത്. അതുകൊണ്ട് അല്ലാഹു പറയുന്നു: ഇബാദുർറഹ്മാൻ എന്നു പറയുന്നവർ തങ്ങളുടെ ധനത്തിൽ അമിതവ്യയം ചെയ്യുകയില്ല.

അവർ സമ്പത്തുകൊണ്ട് അമിതവ്യയം ചെയ്യാത്തവരാണ്. തങ്ങളുടെ സമ്പത്തുകളെ പ്രദർശനപരതയ്ക്കും മറ്റുള്ളവരെ കാണിക്കുന്നതിനുവേണ്ടിയും ചെലവഴിക്കാത്തവരാണ്. പ്രത്യുത ഗുണത്തിനും ഫലത്തിനും വേണ്ടി ചെലവഴിക്കുന്നവരാണ്. മാത്രമല്ല തങ്ങളുടെ സമ്പത്ത് എവിടെയാണോ കൊടുക്കേണ്ടത് അതിൽനിന്ന് മുഖം തിരിക്കുകയുമില്ല. അവർ 'ഖവ്വാം' അതായത് മധ്യനിലയിലായിരിക്കും ആ നേട്ടത്തിന് കാരണക്കാരാകുന്നതാണ്. (അതായത് മധ്യമനിലയിൽ ചെലവഴിക്കും). അല്ലാഹുവിന്റെ ഇച്ഛയ്ക്കുവിരുദ്ധമായി തങ്ങളുടെ സമ്പത്ത് ഒഴുക്കുന്നതല്ല. മാത്രമല്ല അത്യാവശ്യകാര്യം പോലും ചെയ്യാതെ എടുത്തുവെക്കുന്നതുമല്ല. ഈ രണ്ടു നിബന്ധനയാണ് ഇബാദുർറഹ്മാന്റെ ധനം ചെലവഴിക്കുന്നതുമായി ബന്ധപ്പെട്ട് പറയുന്നത്. പക്ഷേ, നിരവധിയാളുകൾ ഒന്നുകിൽ അമിതവ്യയത്തിലേക്ക് നീങ്ങുന്നു. അല്ലെങ്കിൽ പിശുക്കിലേക്ക് നീങ്ങുന്നു.'*(ഖുത്ബാത്തെ മഹ്മൂദ് വാള്യം 5, പേജ് 3-4)*

ഹദ്റത്ത് ഉമർرض പ്രദർനപരതയ്ക്കും, വസ്ത്രങ്ങളിലെ ആഢ്യത്വത്തിനും എത്രത്തോളം എതിരായിരുന്നുവെന്നാൽ പരാജിതരായ ശത്രുക്കൾ അത്തരത്തിലുള്ള വസ്ത്രങ്ങൾ ധരിച്ചു മുന്നിൽ വരുന്നതു പോലും അദ്ദേഹം ഇഷ്ടപ്പെട്ടിരുന്നില്ല. പേർഷ്യൻ സൈന്യാധിപനായിരുന്ന ഹുർമുസാന്റെ സംഭവത്തിൽ ഇതിന്റെ വിശദീകരണം ലഭിക്കുന്നുണ്ട്. ഈ വിശദീകരണം ഞാൻ മുമ്പേ പറഞ്ഞു കഴിഞ്ഞിട്ടുള്ളതാണ്. ഇവിടേയും അല്പം വിശദീകരിക്കാം. തുസ്തർ വിജയ സമയത്ത് പേർഷ്യക്കാരുടെ സൈന്യാധിപൻ ഹുർമുസാൻ ആയുധം വലിച്ചെറിയുകയും സ്വയമേവ, തന്നെ മുസ്‌ലിമീങ്ങൾക്ക് ഏല്പിച്ചുകൊടുക്കുകയും ചെയ്തപ്പോൾ അയാൾ മദീനയിൽ ഹദ്റത്ത് ഉമറിന്റെ സന്നിധിയിൽ അയക്കപ്പെട്ടു. അപ്പോൾ മദീനയിൽ പ്രവേശിക്കുന്നതിനുമുമ്പേ അയാളെ കൊണ്ടുപോയ മുസ്‌ലിമീങ്ങൾ അയാളെ അയാളുടെ യഥാർഥ പ്രൗഢി ഉമറും മുസ്‌ലിമീങ്ങളും കാണുന്നതിനുവേണ്ടി പട്ടുവസ്ത്രം ധരിപ്പിച്ചു. ഉമർرضന്റെ മുന്നിൽ അയാൾ വന്നപ്പോൾ ഹദ്റത്ത് ഉമർرض ചോദിച്ചു: ഇതു ഹുർമുസാനാണോ? ആളുകൾ പറഞ്ഞു: അതേ. ഹദ്റത്ത് ഉമർ അയാളേയും അയാളുടെ വസ്ത്രത്തേയും സൂക്ഷിച്ചു നോക്കി. എന്നിട്ടു പറഞ്ഞു:ഞാൻ തീയിൽ നിന്നു അല്ലാഹുവിന്റെ അഭയത്തിൽ വരുന്നു. അല്ലാഹുവിനോടു സഹായം തേടുന്നു. യാത്രാസംഘത്തിലുണ്ടായിരുന്നവർ പറഞ്ഞു: 'ഇതു ഹുർമുസാനാണ്. ഇയാളുമായി സംസാരിച്ചാലും.' അവിടന്ന് പറഞ്ഞു: ഒരിക്കലുമില്ല. സംസാരിക്കണമെങ്കിൽ അയാളുടെ മിന്നിത്തിളങ്ങുന്ന വസ്ത്രവും ആഭരണങ്ങളും അയാൾ ഊരിമാറ്റണം. അങ്ങനെ അതെല്ലാം ഊരിമാറ്റപ്പെട്ടു. പിന്നീട് ഹദ്റത്ത് ഉമർرض അയാളോട് സംസാരിച്ചു.'*(സീറത്തു അമീറുൽമുഅ്മിനീൻ ഉമർ ബിൻ ഖത്ത്വാബ്, അസ്സ്വലാബീ പേജ് 424-425, ദാറുൽ മഅ്രിഫ ബെയ്റുത്ത് 2007)*

ഹദ്റത്ത് ഉമർرضന്റെ വിനയത്തിന്റേയും തഖ്‌വായുടേയും നിലവാരം ഇക്കാര്യത്തിൽ നിന്ന് വ്യക്തമാണ്. ഹദ്റത്ത് ഉർവ ബിൻ സുബയർرض നിവേദനം. ഞാൻ ഹദ്റത്ത് ഉമർ ബിൻ ഖത്ത്വാബിനെ വെള്ളം നിറച്ച പാത്രം തോളിലേറ്റി വരുന്നത് കണ്ടു. ഞാൻ പറഞ്ഞു: അമീറുൽ മുഅ്മിനീൻ താങ്കൾക്കിത് ചേർന്നതല്ല. അദ്ദേഹം പറഞ്ഞു: വിവിധ സമൂഹങ്ങളിൽ നിന്നുള്ള സംഘങ്ങൾ അനുസരണവും കീഴൊതുക്കവും കാണിച്ച് എന്റെ മുന്നിൽ വന്നപ്പോൾ എന്റെ മനസ്സിൽ അഹങ്കാരചിന്തയുണ്ടായി. അതുകൊണ്ട് ഞാൻ ഈ പൊങ്ങച്ചം തകർക്കേണ്ടത് നിർബന്ധമാണെന്നെ മനസ്സിലാക്കി. *(സീറത്ത് ഉമർ ബിൻ ഖത്ത്വാബ് അലി മുഹമ്മദ് അസ്സ്വലാബീ പേജ് 122,ദാറുൽ മഅ്രിഫ ബെയ്റുത്ത് 2007)*

ഈ പൊങ്ങച്ചം എന്തുകൊണ്ടുണ്ടായി?അതുകൊണ്ട് വെള്ളം തോളിലേറ്റിക്കൊണ്ടുപോയി ഈ പൊങ്ങച്ചത്തെ തകർക്കാമെന്ന് ഞാൻ ചിന്തിച്ചു.

ഹദ്റത്ത് യഹ്‌യാ ബിൻ ഹാത്വിബ്رضതന്റെ പിതാവിൽനിന്ന് നിവേദനം. ഞങ്ങൾ മക്കയിൽനിന്ന് ഹദ്റത്ത ഉമർ ബിൻ ഖത്ത്വാബിനോടൊപ്പം യാത്രാസംഘത്തിന്റെ രൂപത്തിൽ തിരിച്ചുവരികയായിരുന്നു.അങ്ങനെ ഞങ്ങൾ ഉജ്നാന്റെ താഴ്‌വരയിലെത്തിയപ്പോൾ ആളുകൾ അവിടെനിന്നു. മക്കയിൽനിന്ന് 25 മൈൽ ദൂരത്തുള്ള ഒരു സ്ഥലത്തിന്റെ പേരാണ് ഉജ്നാൻ. പറയുന്നു, ഹ്ദറത്ത് ഉമർرض പറഞ്ഞു:എനിക്ക് ഈ സ്ഥലത്ത് എന്റെ പിതാവ് ഖത്ത്വാബിന്റെ ഒട്ടകപ്പുറത്തിരുന്നത് ഓർമവരുന്നു. അദ്ദേഹം കഠിനസ്വഭാവിയായിരുന്നു. ഒരു പ്രാവശ്യം ഞാൻ ആ ഒട്ടകങ്ങളുടെ പുറത്ത് വിറകുംകൊണ്ടു പോകുമായിരുന്നു. മറ്റൊരു തവണ വൈക്കോലുംകൊണ്ടുപോകുമായിരുന്നു. ഇന്ന് എന്റെ അവസ്ഥയെന്താണെന്നാൽ ആളുകൾ എന്റെ പ്രദേശത്തുനിന്ന് വിദൂര സ്ഥലങ്ങളിൽ പോകുന്നു. എന്റെ മീതെയാണെങ്കിൽ ആരുമില്ലതാനും. അതായത് ഞാനൊരു വിശാലമായ പ്രദേശത്തിന്റെ ഭരണാധികാരിയാകുന്നു. അതിൽ ആളുകൾ ദൂരദൂര ദിക്കുകളിലേക്ക് യാത്ര ചെയ്യുന്നു. എന്നെ കാണാനും വരുന്നു. എനിക്കുമേൽ ഭരണം നടത്തുന്ന ഒരു ഭരണാധികാരിയും ഇല്ലതന്നെ. തുടർന്ന് അദ്ദേഹം ഈ ഈരടികൾ പാടി.

**ലാ ശയ്അ ഫീമാ തറാ**
**ഇല്ലാ ബശാശത്തഹു**
**യബ്ഖൽ ഇലാഹു വ**
**യൂദിൽമാലു വൽ വലദു**

അതായത് എന്തൊന്നാണോ നിങ്ങൾ കാണുന്നത് അതിന് താൽക്കാലിക സുഖമല്ലാതെ ഒരു യാഥാർഥ്യവുമില്ല. സമ്പത്തും സന്താനങ്ങളും മരിച്ചുകഴിയുമ്പോൾ അല്ലാഹു മാത്ര

മായിരിക്കും ബാക്കിയുണ്ടാകുക.' **(അത്ത്വബ ഖാത്തുൽകുബ്റാ ലിഇബ്നി സഅ്ദ് ഭാഗം 3, പേജ് 202, ഉമർബിൻ അൽഖത്ത്വാബ് പ്രസാധനം ദാറുൽകുതുബുൽഇൽമിയ്യ ബെയ്റൂത്ത് 1990)(ഫത്ഹുൽബാരി വാല്യം 2, പേജ് 144, പ്രസാധനം ഖദീമി കുതുബ് ഖാന ആരാംബാഗ് കറാച്ചി)**

ഇതു സംബന്ധമായി ഹദ്റത്ത് ഖലീഫത്തുൽമസീഹ് അവ്വൽﷺപറയുന്നു: ഹദ്റത്ത് ഉമർ ഹജ്ജിൽനിന്ന് മടങ്ങി വരുമ്പോൾ ഒരു മരത്തിന്നടുത്തുനിന്നു. ഔപചാരികത ഒന്നും ഇല്ലാത്ത ആളായിരുന്നു ഹദ്റത്ത് ഹുദയ്ഫﷺ. അദ്ദേഹം ധൈര്യം അവലംബിച്ച് കാരണം ചോദിച്ചു. അവിടന്ന് പറഞ്ഞു:ഞാനെന്റെ ഒട്ടകത്തെ മേയിച്ചിരുന്ന ഒരു കാലമുണ്ടായിരുന്നു. ഈ മരത്തിനു താഴെ എന്റെ പിതാവ് എന്നെ അസഹ്യമായി മർദിച്ചു. ഇപ്പോൾ ഒരു കാലം വന്നിരിക്കുന്നു, ഒട്ടകം അവിടെ നിൽക്കട്ടെ,ലക്ഷക്കണക്കിനാളുകൾ എന്റെ കണ്ണിന്റെ സൂചനകൊണ്ട് ജീവൻ നല്കാൻ തയ്യാറാണ്.'*(ഹഖാഇഖുൽ ഫുർഖാൻ വാല്യം 3, പേജ് 326)* ഇതു സംബന്ധമായി ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്ﷺപറയുന്നു:ഒട്ടകങ്ങളെ മേയിച്ചു നടന്ന ഒരാൾ മഹാനായ രാജാവായത് അത്ഭുതപ്പെടുത്തുന്ന കാര്യമല്ലേ? വെറും ഭൗതിക രാജാവല്ല. പ്രത്യുത ആത്മീയ രാജാവുമായിരുന്നു. ഇത് ആരംഭകാലങ്ങളിൽ ഒട്ടകത്തെ മേയിച്ചു നടന്നിരുന്ന ഉമറാണ്. ഒരിക്കൽ അദ്ദേഹം ഹജ്ജിനു പോയി. വഴിയിൽ ഒരു സ്ഥലത്ത് നിന്നു. വളരെ ശക്തമായ വെയിലായിരുന്നു. അതുകൊണ്ട് ആളുകൾ ഒരുപാട് വിഷമിച്ചു. എന്നാൽ, എന്തിനാണ് ഇവിടെ നിൽക്കുന്നതെന്ന് ഉമറിനോടു ചോദിക്കാൻ ആർക്കും ധൈര്യമുണ്ടായില്ല. അവസാനം ഹദ്റത്ത് ഉമറിന്റെ സ്നേഹിതനായ ഒരു സ്വഹാബിയോടു-അദ്ദേഹത്തോടു ഉമർ ഫിത്നയെ സംബന്ധിച്ച് ചോദിക്കാറുണ്ടായിരുന്നു-എന്തിനാണ് ഇവിടെ നില്ക്കുന്നതെന്ന് ചോദിക്കാൻ ആളുകൾ പറഞ്ഞു. അദ്ദേഹം ഹദ്റത്ത് ഉമറിനോടു ചോദിച്ചു:മുന്നോട്ടു പോകുക. ഇവിടെ എന്തിനാണ് നില്ക്കുന്നത്? ഹദ്റത്ത് ഉമർﷺപറഞ്ഞു:ഞാൻ ഇവിടെ നില്ക്കുന്നത് ഒരിക്കൽ ഞാൻ ഒട്ടകത്തെ മേയിച്ച കാരണത്താൽ ക്ഷീണിതനായി ഈ മരത്തിന്റെ കീഴിൽ കിടന്നു. എന്റെ പിതാവ് വന്നു. ഇവിടെ വന്ന് കിടക്കാനാണോ നിന്നെ അയച്ചതെന്ന് ചോദിച്ചായിരുന്നു മർദിച്ചത്. ഒരു കാലത്ത് എന്റെ അവസ്ഥ അതായിരുന്നു. പക്ഷേ, ഞാൻ നബിﷺതിരുമേനിയെ സ്വീകരിച്ചു. അപ്പോൾ അല്ലാഹു എനിക്ക് ഈ ദർജ നല്കി. ഇന്ന് ലക്ഷക്കണക്കിനാളുകളോടു ഞാൻ പറയുകയാണെങ്കിൽ അവർ എന്റെ സ്ഥാനത്ത് ജീവൻ നല്കാൻ തയ്യാറാണ്. ഈ സംഭവത്തിൽനിന്നും ഇതുപോലുള്ള മറ്റു പല സംഭവങ്ങളിൽനിന്നും സ്വഹാബത്ത് ഏതവസ്ഥയിലായിരുന്നുവെന്നും നബിﷺ തിരുമേനിയെ പിൻപറ്റിയതോടെ അവരുടെ അവസ്ഥ എങ്ങനെയായി മാറിയെന്നും മനസ്സിലാകുന്നു. അവർ മറ്റാർക്കും കരസ്ഥമാകാത്ത ആ ദർജയും അറിവും പ്രാപിച്ചു.' ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്ﷺപറയുന്നു:ഈ സംഭവങ്ങൾ ഞാൻ കേൾപ്പിക്കാൻ കാരണമുണ്ട്. ഒട്ടകങ്ങൾ മേയിച്ചു നടന്നിരുന്ന ഒരാൾക്ക് ആർക്കും ലഭിക്കാത്തതായ ആത്മീയവും ഭൗതികവുമായ അറിവുകൾ പ്രദാനം ചെയ്യപ്പെട്ടു. ഒരു ഭാഗത്ത് ആടുകളേയും ഒട്ടകങ്ങളേയും മേയിച്ചു നടക്കുന്നവരിൽനിന്ന് അറിവുകൾ എത്രമാത്രം അകലത്താണെന്ന് നോക്കുക. മറുഭാഗത്ത് ഇക്കാര്യത്തിൽ ചിന്തിക്കുക, ഇന്നും യൂറോപ്പിലെ ജനങ്ങൾ രാജ്യതന്ത്രജ്ഞതയിലും ഭരണഘടനയിലും വളരെ അവഗാഹമുള്ളവരും അറിവാളന്മാരുമാണ്. അവർ ഹദ്റത്ത് ഉമർﷺഉണ്ടാക്കിയ നിയമങ്ങളെ വളരെ ആദരപൂർവം നോക്കിക്കാണുന്നു.

ഒട്ടകം മേയിക്കുന്ന ആൾക്ക് രാജാധികാരവുമായി എന്തു ബന്ധം? എന്നാൽ, നോക്കുക. അദ്ദേഹം ചെയ്തുകാണിച്ച കാര്യങ്ങൾക്കു മുന്നിൽ നു ലോകം തലകുനിക്കുന്നു. അദ്ദേഹത്തിന്റെ രാഷ്ട്രമീമാംസയെ അവർ പ്രകീർത്തിക്കുന്നു. ഇനി നോക്കുക, ഹദ്റത്ത് അബൂബക്ർ ഒരു സാധാരണ കച്ചവടക്കാരനായിരുന്നു. എന്നാൽ, അദ്ദേഹത്തിന് ഇത്രമാത്രം ബുദ്ധിയും വിവേകവും ചിന്താവൈഭവവും എവിടെനിന്നു കിട്ടി എന്നതിൽ ലോകം അത്ഭുതപ്പെടുന്നു. ഞാൻ പറയുന്നു, അവർക്ക് വിശുദ്ധ ഖുർആനിൽനിന്നാണ് സവർവ്വതും കിട്ടിയത്. അവർ പരിശുദ്ധ ഖുർആനിൽ വിചിന്തനം ചെയ്തു. അതുകൊണ്ട് ലോകത്ത് ആർക്കും കിട്ടാത്തത് അവർക്കു കിട്ടി. കാരണം വിശുദ്ധ ഖുർആനാകുന്ന ആയുധംകൊണ്ട് ഹൃദയത്തെ മിനുക്കുകയാണെങ്കിൽ എത്രമാത്രം നിർമലമായിത്തീരുമെന്നാൽ ലോകത്തിലെ സകല ജ്ഞാനങ്ങളും അതിൽ കാണാൻ കഴിയുന്നതാണ്. മനുഷ്യന് അതുമുഖേന എങ്ങനെയുള്ള ജ്ഞാനത്തിന്റെ കവാടമാണ് തുറക്കപ്പെടുന്നതെന്നാൽ ആരെക്കൊണ്ടും അതിനെ അടയ്ക്കാൻ സാധിക്കുകയില്ല. അതുകൊണ്ട് ഓരോ വ്യക്തിയും വിശുദ്ധ ഖുർആൻ പഠിക്കാനും അതിൽ വിചിന്തനം നടത്താനും ശ്രമിക്കേണ്ടതാണ്.'*(അൻവാറെ ഖിലാഫത്ത്, അൻവാറുൽഉലൂം വാല്യം 3, പേജ് 130-131)*

ഹദ്റത്ത് ഉമറിന്റെ വിനയത്തേയും എളിമയേയും സംബന്ധിച്ച് ഇങ്ങനേയും നിവേദനം കാണാവുന്നതാണ്. ജുബയ്ർ ബിൻ നുഫയ്ർ നിവേദനം. ഒരു സംഘം ഹ്ദറത്ത് ഉമർ ബിൻ ഖത്ത്വാബിനോടു പറഞ്ഞു:അമീറുൽമുഅ്മിനീൻ!അല്ലാഹുവാണ! ഞങ്ങൾ ആരേയും അങ്ങയെക്കാൾ കൂടുതൽ നീതി പുലർത്തുന്നവനും സത്യം പറയുന്നവനും കപടവിശ്വാസികൾക്കുമേൽ കാഠിന്യം പ്രവർത്തിക്കുന്നവനുമായി കണ്ടിട്ടില്ല. നബിﷺതിരുമേനിക്കുശേഷം അങ്ങ് ആലുകളിൽ ഏറ്റവും ഉത്തമൻ നിസംശയം അങ്ങുതന്നെയാണ്. ഔഫ് ബിൻ മാലിക് അതു പറഞ്ഞ ആളോടു പറഞ്ഞു:അല്ലാഹുവാണ! നീ കളവാണ് പറഞ്ഞത്. തീർച്ചയായും ഞങ്ങൾ നബിﷺതിരുമേനിക്കുശേഷം ഉമറിനെക്കാൾ ഉത്തമരായ ആളുകളെ കണ്ടിട്ടുണ്ട്. ഹദ്റത്ത് ഉമർ ചോദിച്ചു: ഔഫേ!അത് ആരാണ്? അദ്ദേഹം പറഞ്ഞു: അബൂബക്ർ. ഹദ്റത്ത് ഉമർ പറഞ്ഞു, തീർച്ചയായും ഔഫ് സത്യമാണ് പറഞ്ഞത്. അയാളോടു പറഞ്ഞു, താങ്കൾ കളവാണ് പറഞ്ഞത്. അല്ലാഹുവാണ!അബൂബക്ർ കസ്തൂരിയുടെ സുഗന്ധത്തെക്കാളേറെ പരിശുദ്ധനാണ്. ഞാനെന്റെ വീട്ടുകാരുടെ ഒട്ടകങ്ങളെക്കാളേറെ വഴിതെറ്റിയവനാണ്.'*(കൻസുൽ ഉമ്മാൽ വാല്യം 6, കിതാബു ഫളാഇലുസ്സ്വഹാബ നിവേദന നമ്പർ 35624, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റൂത്ത്)*

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്ﷺപറയുന്നു: ഹദീഥുകളിൽ വന്നിട്ടുണ്ട്. ഒരിക്കൽ ഹദ്റത്ത് അബൂബക്റും ഹദ്റത്ത് ഉമറും തമ്മിൽ തർക്കമുണ്ടായി. ആ തർക്കം വർധിച്ചു. ഹദ്റത്ത ഉമറിന്റെ സ്വഭാവം മൂർത്തമായിരുന്നു. അതുകൊണ്ട് അനാവശ്യമായ തർക്കം നീണ്ടുപോകാതിരിക്കാൻ അവിടെനിന്ന് പോകുന്നതാണ് നല്ലതെന്ന് അബൂബക്ർﷺ കരുതി. ഹദ്റത്ത് അബൂബക്ർ പോകാനൊരുങ്ങിയപ്പോൾ ഹദ്റത്ത് ഉമർ മുന്നോട്ടാഞ്ഞ് അബൂബക്റിന്റെ കുപ്പായം പിടിച്ച് തന്റെ കാര്യത്തിന് സമാധാനം പറഞ്ഞിട്ട് പോയാൽ മതിയെന്ന് പറഞ്ഞു. ഹദ്റത്ത് അബൂബക്ർﷺകൈമാറ്റി പോകാനൊരുങ്ങിയപ്പോൾ അദ്ദേഹത്തിന്റെ കുപ്പായം കീറി. അദ്ദേഹം തന്റെ വീട്ടിലേക്കു പോയി. ഹദ്റത്ത് അബൂബക്ർﷺനബിﷺതിരുമേനിയോടു തന്നെ പറ്റി പറായൻ പോയതാണെന്ന് ഹദ്റത്ത് ഉമറിനു തോന്നി. അദ്ദേഹം പിന്നാലെ പുറപ്പെട്ടു. നബിﷺതിരുമേനിയോടു തന്റെ ഒഴികഴിവ് പറയാൻ പിന്നാലെ പോയതാണ്. പക്ഷേ, വഴിയിൽവെച്ച് ഹദ്റത്ത് അബൂബക്ർ ഹദ്റത്ത് ഉമറിന്റെ ദൃഷ്ടിയിൽനിന്ന് മറഞ്ഞു. അദ്ദേഹം നബിﷺതിരുമേനിയോടു തന്നെപ്പറ്റി പരാതി പറയാൻ പോയതാണെന്നുതന്നെ ഉമർ ധരിച്ചു. അദ്ദേഹവും നേരെ നബിﷺതിരുമേനിയുടെ സവിധത്തിലെത്തി. അവിടെ എത്തിയപ്പോൾ ഹദ്റത്ത് അബൂബക്റിനെ കണ്ടില്ല. പക്ഷേ,അദ്ദേഹത്തിന് മനസ്സിൽ ഇളിഭ്യത ഉണ്ടായിരുന്നു. അതുകൊണ്ട് നബിﷺതിരുമേനിയെ കണ്ടുടനെ പറഞ്ഞു:'യാ റസൂലല്ലാഹ്! തെറ്റ് എന്റെ ഭാഗത്താണ്. ഞാൻ അബൂബക്റിനോടു കടുപ്പമായി പെരുമാറി. അദ്ദേഹത്തിന്റെ ഒരു കുറ്റവുമില്ല. കുറ്റം എന്റെ ഭാഗത്താണ്. ഹദ്റത്ത് ഉമർﷺനബിﷺതിരുമേനിയുടെ തിരുസന്നിധയിലെത്തിയപ്പോൾ ആരോ അബുബക്റിന്റെ അടുത്തുപോയി, ഹദ്റത്ത് ഉമർ താങ്കളെ പറ്റി പരാതി പറയാൻ നബിﷺതിരുമേനിയുടെ അടുത്തെത്തിയിട്ടുണ്ടെന്ന് പറഞ്ഞു. തന്റെ നിരപരാധിത്വം തെളിയിക്കാനും ഏകപക്ഷീയമായി കാര്യം നടക്കാതിരിക്കാനും താനും പോകേണ്ടതാണെന്ന് ഹദ്റത്ത് അബൂബക്റിനും തോന്നി. നബിﷺതിരുമേനിയുടെ സവിധത്തിൽ ഹദ്റത്ത് അബൂബക്ർﷺഎത്തിയപ്പോൾ ഹദ്റത്ത് ഉമർ പറയുന്നുണ്ടായിരുന്നു,'യാ റസൂലല്ലാഹ്!തെറ്റ് എന്റെ ഭാഗത്താണ്. ഞാനാണ് അബൂബക്റുമായി വഴക്കിട്ടത്. അദ്ദേഹത്തിന്റെ കുപ്പായം കീറിയതിനു കാരണക്കാരൻ ഞാനാണ്.' ഇതുകേട്ടപ്പോൾ നബിﷺതിരുമേനിയുടെ മുഖത്ത് ദേഷ്യത്തിന്റെ ലക്ഷണങ്ങൾ പ്രകടമായി. നബിﷺതിരുമേനി പറഞ്ഞു:'ജനങ്ങളേ! നിങ്ങൾക്കെന്തുപറ്റി? മുഴുവൻ ലോകവും എന്നെ തള്ളിപ്പറഞ്ഞപ്പോൾ, നിങ്ങളും എന്റെ എതിരാളികളായിരുന്നു, ആ നേരത്ത് എന്നെ വിശ്വസിക്കാൻ അബൂബക്ർ മാത്രമെ ഉണ്ടായിരുന്നുള്ളു. എല്ലാ വിധത്തിലും അദ്ദേഹം എന്നെ സഹായിച്ചു. പിന്നീടെ സങ്കടത്തോടെ പറഞ്ഞു:'ഇപ്പോഴും നിങ്ങൾ എന്നേയും അബൂബക്റിനേയും വെറുതെ വിടുകയില്ലേ?' നബിﷺതിരുമേനി ഇതു പറഞ്ഞുകൊണ്ടിരിക്കുമ്പോൾ ഹദ്റത്ത് അബൂബക്ർ അവിടെ എത്തി. തന്റെ തെറ്റല്ല, ഹദ്റത്ത് ഉമറിന്റെ തെറ്റാണ് എന്ന് ഒഴികഴിവ് പറയുന്നതിനു പകരം സത്യസന്ധമായ അനുരക്തിയുടെ മാതൃക ഇതാണ്:ഹദ്റത്ത് അബൂബക്ർ പ്രവേശിക്കുകയും നബിﷺതിരുമേനിയുടെ മുഖത്ത് ദേഷ്യമുണ്ടെന്ന് കാണുകയും ചെയ്തപ്പോൾ സത്യസന്ധനായ പ്രേമിയെന്ന നിലയിൽ അദ്ദേഹത്തിന് അതു സഹിക്കുമായിരുന്നില്ല. താൻ കാരണത്താലാണ് നബിﷺതിരുമേനിക്ക് ഈ ബുദ്ധിമുട്ടുണ്ടായത്. അതുകൊണ്ട് ഹ്ദറത്ത് അബൂബക്ർﷺവന്നുടനെ നബിﷺതിരുമേനിയുടെ മുമ്പിൽ മുട്ടുകുത്തിയിരുന്നുകൊണ്ട് പറഞ്ഞു:യാ റസൂലല്ലാഹ്! തെറ്റ് ഉമറിന്റേതല്ല, എന്റേതാണ്!'*(ഖുത്ബാത്തെ മഹ്മൂദ് വാല്യം 27, പേജ് 313-314)*

ഹദ്റത്ത് ഉമർﷺനിവേദനം. ഗർഭത്തിലെ ശിശു

വിനെ കൊന്നാൽ എന്താണ് പ്രായശ്ചിത്തം നല്കേണ്ടതെന്ന് ഉമർﷺജനങ്ങളോടു ചോദിച്ചു. മുഗീറﷺപറഞ്ഞു:നബിﷺഅതിൽ വിധിച്ചത് വിലയുള്ള ഒരു അടിമയെ അല്ലെങ്കിൽ അടിമസ്ത്രീയെ പ്രയാശ്ചിത്തം നല്കുവാനാണ്. ഹദ്റത്ത് ഉമർﷺപറഞ്ഞു: താങ്കളോടൊപ്പം ഇക്കാര്യത്തിന് സാക്ഷി പറയാൻ പറ്റിയ ആളെ കൊണ്ടുവരിക. പിന്നീട് ഹദ്റത്ത് മുഹമ്മദ് ബിൻ മസ്‌ലമ സാക്ഷി പറഞ്ഞു. അദ്ദേഹം നബിﷺതിരുമേനിയുടെ സന്നിധിയിൽ ഹാജരായിരുന്നു. നബിﷺതിരുമേനി അങ്ങനെതന്നെയാണ് വിധി പറഞ്ഞത്.*(സ്വഹീഹുൽ ബുഖാരി കിതാബുദ്ദിയാത്ത്, ഹദീഥ് നമ്പർ 6905-6096)*അതായത് ഏതെങ്കിലും ദ്രോഹം കാരണത്താലോ ബലാൽക്കാരമായോ ഏതെങ്കിലും സ്ത്രീയുടെ ഗർഭം അലസുകയോ അലസിപ്പിക്കുകയോ ചെയ്താൽ അതിന് ദീയത്ത് അഥവാ പ്രായശ്ചിത്തം ചെയ്യേണ്ടതാണ്. ആരാണോ ഈ ദ്രോഹം ചെയ്തത് അവനാണ് ദീയത്ത് നല്കേണ്ടത്.ഒരു അടിമയേയോ അടിമസ്ത്രീയേയോ മോചിപ്പിക്കുക.

ഹദ്റത്ത് അബൂസയീദ് ﷺനിവേദനം. അബൂമൂസാ അശ്അരിﷺ. ഉമർﷺനോടു അദ്ദേഹത്തിന്റെ അടുത്ത് ചെല്ലാൻ അനുവാദം ചോദിച്ചു. അസ്സലാമു അലയ്ക്കും അദ്ദേഹം പറഞ്ഞു. ഞാൻ ഉള്ളിൽ വരട്ടെയോ? ഉമർﷺ മനസ്സിൽ പറഞ്ഞു: അതായത് മറുപടി മനസ്സിൽ നല്കി. ഇപ്പോൾ ഒരു പ്രാവശ്യമാണ് അനുവാദം ചോദിച്ചത്. കുറച്ചുനേരം മൗനം പാലിച്ചതിനുശേഷം അദ്ദേഹം പറഞ്ഞു, അസ്സലാമുഅലയ്ക്കും. എനിക്ക് ഉള്ളിലേക്ക് വരാമോ? ഹദറ്ത്ത് ഉമർﷺമനസ്സിൽ പറഞ്ഞു, അതായത് മനസ്സിൽ മറുപടി പറഞ്ഞു. ഇപ്പോൾ രണ്ടുവട്ടം അനുവാദം ചോദിച്ചിരിക്കുന്നു. കുറച്ചുനേരം വീണ്ടും മിണ്ടാതിരുന്നതിനുശേഷം അദ്ദേഹം പറഞ്ഞു: അസ്സലാമു അലയ്ക്കും. എനിക്ക് ഉള്ളിലേക്ക് വരാമോ? ഹദ്റത്ത് അബൂമൂസാ അശ് അരി ﷺമൂന്നു പ്രാവശ്യം അനുവാദം ചോദിച്ചു കഴിഞ്ഞിരിക്കുന്നു. പിന്നീട് തിരിച്ചുപോയി. മൂന്നു പ്രാവശ്യം അദ്ദേഹം അനുവാദം ചോദിക്കുകയും ഹദ്റത്ത് ഉമറിന്റെ ശബ്ദം കേൾക്കാതിരിക്കുകയും ചെയ്തപ്പോൾ മടങ്ങിപ്പോയി. ഉമർﷺകാവൽക്കാരനോടു പറഞ്ഞു:അബൂ മൂസാ എന്താണ് ചെയ്തത്? അയാൾ പറഞ്ഞു:മടങ്ങിപ്പോയി. അദ്ദേഹത്തെ വിളിച്ച് തന്റെയടുത്ത് കൊണ്ടു വരാൻ ഉമർﷺ പറഞ്ഞു. പിന്നീട് അദ്ദേഹം ഉമറിന്റെ അടുത്തു വന്നപ്പോൾ ഹദ്റത്ത് ഉമർﷺപറഞ്ഞു:ഇത് താങ്കളെന്താണ് ചെയ്തത്? അദ്ദേഹം പറഞ്ഞു:ഞാൻ സുന്നത്തനുസരിച്ച് പ്രവർത്തിച്ചതാണ്. ഹദ്റത്ത് ഉമർﷺപറഞ്ഞു:സുന്നത്തനുസരിച്ചോ? അല്ലാഹുവാണ!ഇതു സുന്നത്താണെന്നതിന് താങ്കൾ സാക്ഷ്യവും പ്രമാണവും സമർപിക്കേണ്ടി വരും. ഇല്ലെങ്കിൽ ഞാൻ താങ്കളോടു കഠിനമായി പെരുമാറും. അബൂസയീദ് ഖുദ്‌രീ ﷺപറയുന്നു:പിന്നീട് അദ്ദേഹം നമ്മുടെ അടുത്തുവന്നു. ആ നേരത്ത് ഞങ്ങൾ അൻസ്വാറിന്റെ ഒരു സംഘത്തോടൊപ്പമായിരുന്നു. അബൂ മൂസാ അശ് അരി പറഞ്ഞു:അൻസ്വാറിന്റെ സംഘമേ!നിങ്ങൾ നബിﷺതിരുമേനിയുടെ ഈ ഹദീഥ് മറ്റുള ഉവരെക്കാൾ കൂടുതൽ അറിയുന്നവരല്ലേ? നബിﷺതിരമേനി ഇങ്ങനെ പറഞ്ഞിരുന്നില്ലേ? അൽ ഇസ്തിഅ്ദാനു ഥലാഥുൻ? അതായത് അനുവാദം ചോദിക്കൽ മൂന്നു തവണയാണ്. നിങ്ങൾക്ക് അനുവാദം കിട്ടിയാൽ വീട്ടിൽ കയറുക അല്ലെങ്കിൽ മടങ്ങിപ്പോകുക. ഇതു കേട്ട് ആളുകൾ അദ്ദേഹത്തെ പരിഹസിക്കാനും കളിയാക്കാനും തുടങ്ങി. ഞാൻ എന്റെ തല അബൂമൂസാ അശ്അരിയിലേക്ക് ഉയർത്തികൊണ്ട് ഇതു സംബന്ധമായി ഏതു ശിക്ഷ താങ്കൾക്കു കിട്ടിയാലും ഞാനതിൽ ഭാഗഭാക്കായിരിക്കും. അദ്ദേഹം പറഞ്ഞു, ശരി ഞാൻ സാക്ഷ്യം വഹിക്കുന്നു. താങ്കൾ പറഞ്ഞതു ശരിയാണ്. നിവേദകൻ പറയുന്നു, പിന്നീട് അബൂസയീദ് ഉമർﷺന്റെ അടുത്തുവന്നു. അദ്ദേഹത്തിനോടു ഈ ഹദഥിനെ സംബന്ധിച്ച് പറഞ്ഞു. ശരിയെന്ന് ഹദ്റത്ത് ഉമർﷺപറഞ്ഞു. എനിക്ക് ഈ ഹദീഥിനെപറ്റി അറിയുമായിരുന്നില്ല. ഇപ്പോൾ എനിക്ക് അറിവുണ്ടായി. *(സുനനുത്തിർമിദി, കിതാബുൽ ഇസ്തിഅ്ദാൻ ബാബു മാ ജാഅ ഫിൽ ഇസ്തിഅ്ദാൻ ഥലാഥ ഹദീഥ് 2690)*

സ്വഹീഹ് മുസ്‌ലിമിൽ നിന്നുള്ള നിവേദനം: ഹദ്റത്ത് അബൂഹുറയ്റﷺപറയുന്നു: ഞാൻ നബിﷺതിരുമേനിയുടെ അരികിൽ ഇരിക്കുകയായിരുന്നു. ഹദ്റത്ത് അബൂബക്ർ, ഹദ്റത്ത് ഉമർ തുടങ്ങിയവരും ഉണ്ടായിരുന്നു. നബിﷺതിരുമേനി ഞങ്ങൾക്കിടയിൽനിന്ന് എഴുന്നേറ്റു പോയി. നബിﷺതിരുമേനി തിരിച്ചു വരുന്നതിൽ വൈകിയപ്പോൾ ഞാൻ അസ്വസ്ഥനായി. ഞാൻ നബിﷺതിരുമേനിയെ അന്വേഷിക്കാൻ പുറപ്പെട്ടു. അങ്ങനെ ഒരു തോട്ടത്തിൽവെച്ച് നബിയെ കണ്ടു. നബിﷺതിരുമേനി തന്റെ രണ്ടു ചെരുപ്പുകൾ എനിക്ക് തന്നിട്ട് പറഞ്ഞു: 'ഈ തോട്ടത്തിന് പുറത്തുവെച്ച് ആരെങ്കിലും ആരാധനക്കർഹൻ അല്ലാഹുവല്ലാതെ മറ്റാരുമില്ലെന്ന് സാക്ഷ്യം വഹിക്കുകയും ഹൃദയാത്മനാ അതിൽ വിശ്വസിക്കുകയും ചെയ്യുന്നെങ്കിൽ അയാൾക്ക് സ്വർഗത്തിന്റെ സുവാർത്ത നൽകുക.'

പറയുന്നു: അങ്ങനെ ഞാൻ പോയപ്പോൾ ഏറ്റവും ആദ്യം കണ്ടത് ഹദ്റത്ത് ഉമറിനെയാണ്. അദ്ദേഹം ചോദിച്ചു അബൂഹുറയ്റ ഈ ചെരുപ്പേതാണ്? ഞാൻ പറഞ്ഞു:ഇത് നബിﷺതിരുമേനിയുടെ ചെരുപ്പാണ്. നബിﷺതിരുമേനി അടയാളമെന്ന നിലയിൽ ഇത് എനിക്കു തന്നതാണ്. ഇതു രണ്ടുമായി അയച്ചതാണ്. എന്നിട്ട് നബിﷺതിരുമേനി പറഞ്ഞു, ആരെയെങ്കിലും കണ്ടാൽ അല്ലാഹു അല്ലാതെ മറ്റൊരു ആരാധ്യനില്ലെന്ന് സാക്ഷ്യം വഹിക്കുകയും അതിൽ ഹൃദയാത്മനാ വിശ്വസിക്കുകയും ചെയ്താൽ അയാൾക്ക് സ്വർഗമുണ്ടെന്ന് സുവാർത്ത നല്കാൻ പറഞ്ഞു. ഹദ്റത്ത് അബൂഹുറയ്റﷺപറയുന്നു:അപ്പോൾ ഹദ്റത്ത് ഉമർﷺശക്തമായി എന്റെ നെഞ്ചത്തടിച്ചു. ഞാൻ പിന്നിലേക്ക് മറിഞ്ഞുവീണു. അദ്ദേഹം പറഞ്ഞു: അബൂഹുറയ്റാ തിരിച്ചുപോകുക. ആരോടും ഒന്നും പറയേണ്ട കാര്യമില്ല. അബൂഹുറയ്റ പറയുന്നു:ഞാൻ തിരിച്ച നബിﷺതിരുമേനിയുടെ അടുത്തെത്തി. എനിക്ക് കരച്ചിൽ വരുന്നുണ്ടായിരുന്നു. അദ്ദേഹവും എന്റെ പിറകെ നബിﷺതിരുമേനിയുടെ അടുക്കലെത്തി. താങ്കൾക്കെന്തുപറ്റിയെന്ന് നബി(സ) ചോദിച്ചു. ഞാൻ പറഞ്ഞു, ഞാൻ ഉമറിനെ കണ്ടു, അങ്ങ് പറഞ്ഞത് ഞാൻ അദ്ദേഹത്തോടു പറഞ്ഞു. അപ്പോൾ ഉമർ എന്റെ നെഞ്ചത്തടിച്ചു. ഞാൻ പിന്നിലേക്ക് മറിഞ്ഞുവീണു. ഉമറേ, താങ്കളെന്തിനാണ് ഇങ്ങനെ ചെയ്തതെന്ന് നബിﷺതിരുമേനി ചോദിച്ചു. അപ്പോൾ ഉമർ പറഞ്ഞു: എന്റെ മാതാപിതാക്കൾ അങ്ങയ്ക്കു തെണ്ടമായിരിക്കട്ടെ. അങ്ങ് 'ഈ തോട്ടത്തിന് പുറത്തുവെച്ച് ആരെങ്കിലും 'ആരാധനക്കർഹൻ അല്ലാഹുവല്ലാതെ മറ്റാരുമില്ലെന്ന് സാക്ഷ്യം വഹിക്കുകയും ഹൃദയാത്മനാ അതിൽ വിശ്വസിക്കുകയും ചെയ്യുന്നെങ്കിൽ അയാൾക്ക് സ്വർഗത്തിന്റെ സുവാർത്ത നൽകുക.' എന്നു പറഞ്ഞിരുന്നുവോ? നബിﷺതിരുമേനി പറഞ്ഞു, അതേ അയച്ചിരുന്നു. ഉമർ പറഞ്ഞു: 'യാ റസൂലല്ലാഹ്, അങ്ങനെ ചെയ്യാതിരുന്നാലും. കാരണം ജനങ്ങൾ അതിൽ മാത്രം പ്രതീക്ഷ അർപ്പിച്ചിരിക്കുമോ എന്ന് ഞാൻ ഭയപ്പെടുന്നു. നന്മയെ സംബന്ധിച്ച കല്പനകൾ പ്രാവർത്തികമാക്കികൊണ്ട് അവർ യഥാർഥ വിശ്വാസികളായി തീരട്ടെ. നബിﷺതിരുമേനി അതിനുള്ള അനുവാദം നൽകുകയുണ്ടായി.

ഹദ്റത്ത് സഅ്ദ് ബിൻ അബീ വഖാസ്ﷺ നിവേദനം. ഖുറയ്ശികളായ ചില സ്ത്രീകൾ നബിﷺതിരുമേനിയോടു ഉച്ചത്തിൽ സംസാരിക്കുകയായിരുന്നു. ഹദ്റത്ത് ഉമർﷺ വന്നപ്പോൾ അവർ അദ്ദേഹത്തോടുള്ള ഭയം നിമിത്തം എഴുന്നേറ്റ് പർദക്ക് പിന്നിലേക്ക് പോയി.

ഹദ്റത്ത് ആഇശﷺ നിവേദനം. ഒരിക്കൽ ഹബ്ശയിലെ ഒരു സ്ത്രീ നൃത്തം ചെയ്ത് അഭ്യാസങ്ങൾ കാണിക്കുകയായിരുന്നു. ഞാൻ വന്ന് എന്റെ താടി നബിﷺതിരുമേനിയുടെ ചുമലിൽ വെച്ച് അതു കാണാൻ തുടങ്ങി. ഹദ്റത്ത് ഉമർ വന്നപ്പോൾ ജനങ്ങൾ ഓടിപ്പോയി.

ഹദ്റത്ത് ബുറയ്ദﷺ വിവരിക്കുന്നു. ഒരു അടിമസ്ത്രീ നബിﷺ തിരുമേനിയുടെ മുമ്പിൽ ദഫ് കൊട്ടി പാടുമെന്ന് നേർച്ച നേർന്നിട്ടുണ്ടായിരുന്നു. നേർച്ച പൂർത്തിയാക്കാൻ നബിﷺതിരുമേനി അനുവാദം നൽകി. ഹദ്റത്ത് അബൂബക്ർ, ഉഥ്മാൻ അലി എന്നിവർ വന്നു. ആ സ്ത്രീ ദഫ് മുട്ടിക്കൊണ്ടിരുന്നു. എന്നാൽ, ഉമർ വന്നപ്പോൾ അവർ ദഫ് മുട്ടുന്നത് നിറുത്തി വെച്ചു. നബിﷺതിരുമേനി പറഞ്ഞു: 'അല്ലയോ ഉമറേ, ശയ്ത്വാൻ പോലും താങ്കളെ ഭയക്കുന്നു.'

ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ ഉമറിൽനിന്ന് നിവേദനം , നബിﷺതിരുമേനി പറഞ്ഞു: അല്ലാഹു ഉമറിന്റെ നാവിൽ നിന്നും ഹൃദയത്തിൽ നിന്നും സത്യം പുറപ്പെടുവിക്കുന്നു.

ഹദ്റത്ത്ഇബ്നുഅബ്ബാസ്ﷺതന്റെസഹോദരൻ ഫള്‌ലിൽ നിന്നു നിവേദനം. ഞാൻ നബിﷺതിരുമേനി ഇപ്രകാരം പറയുന്നതായി കേട്ടു: ഞാൻ ഇഷ്ടപ്പെടുന്നിടത്ത് ഉമർ എന്റെ കൂടെ ഉണ്ടാകുന്നു. അദ്ദേഹം ആഗ്രഹിക്കുന്നിടത്ത് ഞാനും അദ്ദേഹത്തോടൊപ്പം ഉണ്ടാകുന്നു. എനിക്കുശേഷം ഉമർ ബിൻ ഖത്ത്വാബ് ഉണ്ടാകുന്നിടത്ത് സത്യം അദ്ദേഹത്തോടൊപ്പം ഉണ്ടായിരിക്കും

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്ﷺ വിവരിക്കുന്നു: ഉടമ്പടി ലംഘിച്ചതു കാരണം മക്കക്കാരുമായി ഏറ്റുമുട്ടുന്നതുമായി ബന്ധപ്പെട്ട് നബിﷺതിരുമേനി അഭിപ്രായം ആരാഞ്ഞപ്പോൾ നബിﷺതിരുമേനിയുടെ സംരക്ഷണത്തിനുവേണ്ടി നിഷേധികളുമായി യുദ്ധം ചെയ്യാൻ എല്ലാ ദിവസവും ദുആ ചെയ്യാറുണ്ടാ യിരുന്നെന്ന് ഉമർﷺ മറുപടി നൽകി. നബിﷺതിരുമേനി പറഞ്ഞു: യഥാർഥ കാര്യങ്ങൾ ഉമറിന്റെ അധരത്തിൽ നിന്നും കൂടുതലായി നിർഗമിക്കുന്നു.

ഹദ്റത്ത് അനസ്ﷺ നിവേദനം. നബിﷺതിരുമേനി സ്വഹാബാക്കളോടൊപ്പം ഇരിക്കാറുണ്ടായിരുന്നു. അവരിൽ അബൂബക്റും ഉമറും ഉണ്ടാകുമായിരുന്നു. അബൂബക്റും ഉമറും ഒഴികെ ആരും തന്നെ തങ്ങളുടെ ദൃഷ്ടി നബിﷺതിരുമേനിയുടെ നേർക്ക് ഉയർത്തിയിരുന്നില്ല. ഇവർ രണ്ടുപേരും നബിﷺതിരുമേനിയെ നോക്കുകയും പുഞ്ചിരിക്കുകയും ചെയ്തിരുന്നു. നബിﷺതിരുമേനിയും ഇവ

രെ നോക്കുകയും പുഞ്ചിരിക്കുകയും ചെയ്യു മായിരുന്നു.

ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ ഹൻതബ് ؓ നിവേദനം. നബി ﷺ തിരുമേനി ഹദ്റത്ത് അബൂ ബക്റിനെയും ഉമറിനെയും കണ്ടപ്പോൾ പറ ഞ്ഞു: ഇവർ രണ്ടു പേരും കണ്ണും കാതു മാകുന്നു.

ഹദ്റത്ത് ജാബിർ ബിൻ അബ്ദുല്ലാഹ് നിവേ ദനം. ഹദ്റത്ത് അബൂബക്ർ പറഞ്ഞു: നനബി ﷺ തിരുമേനി ഇപ്രകാരം പറയുന്നതായി ഞാൻ കേട്ടിട്ടുണ്ട്. ഉമറിനെക്കാളും ഉത്തമനായ ഒരു മനുഷ്യനുമേലും സൂര്യൻ ഉദിക്കുന്നില്ല.

ഹദ്റത്ത് ഹുദയ്ഫ ؓ നിവേദനം. നബി ﷺ തിരുമേനി പറഞ്ഞു: എനിക്കുശേഷം ഹദ്റത്ത് അബൂബക്റിനെയും ഉമറിനെയും പിൻപറ്റുക.

ഹദ്റത്ത് അബൂ സയീദ് ഖുദ്രി ؓ പറയുന്നു: നബി ﷺ തിരുമേനി പറഞ്ഞു: ഓരോ നബിക്കും വാനലോകത്ത് രണ്ട് മന്ത്രിമാരുണ്ടാകും. ഭൂമിയിലും രണ്ട് മന്ത്രിമാരുണ്ടാകും. വാന ലോകത്ത് എന്റെ രണ്ട് മന്ത്രിമാർ ജിബ്രീലും മീ കായീലും ആകുന്നു. ഭൂമിയിലെ രണ്ട് മന്ത്രി മാർ അബൂബക്റും ഉമറുമാകുന്നു.

അബൂ ഹുദയ്ഫ ؓ പറയുന്നു: ഞാൻ ഹദ്റത്ത് അലി ؓ ഇപ്രകാരം പറയുന്നതായി കേട്ടു: ഈ ഉമ്മത്തിൽ നബി ﷺ ക്കുശേഷം ഏറ്റവും ഉത്തമൻ അബൂബക്റാണ്. ശേഷം ഹദ്റത്ത് ഉമറും. ഈ അനുസ്മരണം തുടരുന്നതാണ്. ഇൻ ശാഅല്ലാഹ്.

ഖുത്ബയുടെ അവസാനം ഹുദൂർ പെശാവറി

ലെബഹുമാന്യകാമ്റാൻഅഹ്മദ്സാഹിബിന്റെ ശഹാ ദത്തിലും ബഹുമാന്യ ഡോക്ടർ മിർ സ നുബൈർ അഹ്മദ് സാഹിബിന്റേയും അദ്ദേഹത്തിന്റെ ഭാര്യ ബഹുമാന്യ ആഇശ അംബർ സാഹിബയുടേയും അമേരിക്കയിൽ വെച്ച് അപകടത്തിൽ ഉണ്ടായ മരണത്തിലും, ചൗദ്‌രി നസീർ അഹ്മദ് സാഹിബ് ക റാച്ചി, സർദാറാ ബീബി സാഹിബ റബ്‌വ എന്നിവരുടെ വഫാത്തിലും അവരെയെല്ലാം അനുസ്മരിക്കുകയും ജമാഅത്തിന് വേണ്ടി യുള്ള അവരുടെ സേവനങ്ങളെ കുറിച്ച് വിവരിക്കുകയും അവർക്ക് വേണ്ടി ദുആ ചെയ്യുകയും ചെയ്തു.

പേജ് 5 ൽ നിന്ന്

കൈയിലുള്ള മുഴുവൻ തുകയും കൊടു ത്തിരുന്നു. അങ്ങനെ അവരിൽ ഓരോരുത്തരും നാന്നൂർ, എഴുന്നൂർ ഷില്ലിംഗ് അതായത് കൈയിലുള്ളത് കൊടുത്തിരുന്നു. പറയുന്നു: ആ ദിവസം ഞാൻ ചോദിച്ചു നിങ്ങൾ തഹ്‌രീക്കെജദീദിൽ ഈ പൈസ എവിടെ നിന്നാണ് കൊണ്ടുവന്നത്. ഒരാൾ പറഞ്ഞു: ഞാൻ എന്റെ ഉമ്മയുടെ കൂടെ കാട്ടിൽ വിറകുമുറിക്കാൻ സഹായത്തിനുപോകും. അതിൽ നിന്ന് പോക്കറ്റ് മണിയായി കിട്ടുന്നത് തഹ്‌രീക്കെജദീദ് ചന്ദയിൽ കൊടുക്കാൻ വെക്കുന്നു. ഞാൻ ചന്ദ കൊടുക്കാൻ തുട ങ്ങിയത് മുതൽ ഉടൻതന്നെ തനിക്ക് വിറകു കച്ചവടം ചെയ്യാൻ ആളെ കിട്ടുന്നുണ്ട്. ഒരിക്കലും നഷ്ടമുണ്ടായിട്ടില്ല. രണ്ടാമത്തെ കുട്ടി പറഞ്ഞു: അവൻ തന്റെ പോക്കറ്റ് മണിയിൽ നിന്നാണ് ചന്ദക്കുവേണ്ടി പൈസ മാറ്റിവെക്കുന്നത്. മൂന്നാമത്തെ കുട്ടി പറഞ്ഞു: അവന്റെ വീട്ടിനടുത്തുള്ള മരങ്ങളിൽ ഫലങ്ങളും മറ്റും ഉണ്ടാകാറുണ്ട്. ഫലങ്ങളിൽ കുറേയധികം ബാക്കിയാവാറുണ്ട്. അതിൽ നിന്ന് കിട്ടുന്ന തുകകൊണ്ട് ചന്ദ കൊടുക്കുന്നു. ഈ മൂന്ന് കുട്ടികളും ചന്ദയുടെ അനുഗ്രഹങ്ങളും വിവ രിക്കുന്നു. ചന്ദ കൊടുത്തതുകൊണ്ട് അവ രുടെ ജീവിതം സമാധാനത്തിലാണ്. അല്ലാ ഹു ഈ കുട്ടികളുടെ ഈമാൻ ആത്മാർ ഥമായും വർധിപ്പിക്കുമാറാകട്ടെ. അതിൽനി ന്ന് നമ്മുടെ കുട്ടികളും ആനന്ദം നുകരുന്നു.

ബെലീസ്(Belize)മുബല്ലിഗ് ഇൻചാർജ് എഴു തുന്നു: തികച്ചും മറ്റൊരു സ്ഥലത്തെ മറ്റൊരു കോണിലുള്ള കുട്ടിയുടെ ഉദാഹരണമുണ്ട്. ഒന്ന് ഒരറ്റത്ത് മറ്റേത് മറ്റേ അറ്റത്ത്. എന്നിട്ടും എത്രമാത്രം താദാത്മ്യമാണ് ഉള്ളതെന്ന് നോക്കുക. ബെലീസിൽ 14 വയസുള്ള ഒരു കുട്ടി മസ്ജിദ് നിർമാണത്തിൽ തന്റെ വരുമാനത്തിന്റെ മുഴുവൻ തുകയും മസ്ജിദ് നിർമാണത്തിന് കൊടുത്തു. അവൻ തഹ്‌രീക്കെ ജദീദിലും ത്യാഗത്തിന്റെ വലിയ മാതൃക സ്ഥാപിച്ചുകൊണ്ട് ചന്ദ നൽകുകയുണ്ടായി. ഈ കുട്ടി വളരെ ദരിദ്രനായിരുന്നു. വളരെ ദരിദ്ര കുടുംബത്തിൽ പെട്ടവനുമായിരുന്നു. വളരെ പ്രയാസപ്പെട്ടാണ് അവന്റെ പിതാവ് വീട്ടു ചെലവുകൾ നടത്തുന്നത്. പറയുന്നു: മുറബ്ബി സാഹിബ് തഹ്‌രീക്കെ ജദീദിന്റെ പ്രാധാന്യത്തെ പറ്റി പറഞ്ഞപ്പോൾ ഈ കുട്ടി ഇതു തന്റെ കുടുംബത്തിന്റേതാണെന്ന് പ റഞ്ഞ് ഒരു ഡോളർ കൊടുത്തു. മുറബ്ബി സാഹിബ് വളരെ സന്തോഷിച്ചു. കാരണം സാമ്പത്തികമായി അവർ ആ ത്യാഗം ചെ യ്തതുതന്നെ വലിയ കാര്യമായിരുന്നു. എന്നാൽ, ദാനിയേൽ പറഞ്ഞു: 'എന്റെ പേര് എഴുതേണ്ട. ഇത് ഞാൻ എന്റെ വീട്ടുകാർക്കു വേണ്ടി തന്നതാണ്. ഞാൻ എന്റെ വിഹിതം പിന്നീട് തരുന്നതാണ്. അങ്ങനെ അടുത്ത ദിവസം ആ കുട്ടി 10 ഡോളർ കൂടി കൊടുത്തുകൊണ്ട് പറഞ്ഞു: 'അല്ലാഹു എ ന്റെ വീടുകൾക്ക് മേലും തീർച്ചയായും അനു ഗ്രഹം ചൊരിയുമെന്ന് എനിക്കുറപ്പാണ്. അതായത് തന്റെ വകയായും പ്രത്യേകം ന ൽകുകയുണ്ടായി.

അല്ലാഹു എങ്ങനെയാണ് പുതുതായി വരു ന്നവരുടെ ഹൃദയത്തിൽ ത്യാഗത്തിനുള്ള ആവേശമു ണ്ടാക്കുന്നത്? എങ്ങനെയാണ് അനുഗ്രഹിക്കുന്നത്? ഇത് സംബന്ധിച്ച് മൊ റോക്കോ(Morocco)യിലുള്ള ഒരു സഹോദരൻ നുറുദ്ദീൻ സാഹിബ് പറയുന്നു: '2017-ൽ ബയ്അത്തിനുശേഷം സാമ്പത്തിക ത്യാഗ ത്തിൽ ഭാഗഭാക്കാകാൻ തുടങ്ങി. ആ സമയ ത്ത് എന്റെ വരുമാനം വളരെ തുച്ഛമായിരു ന്നു. ഒരു ദിവസം അദ്ദേഹം ജമാഅത്തിന്റെ വെബ്സൈറ്റിൽ എന്റെ ഖുത്ബ കേട്ടു. പ റയുന്നു: ഞാൻ അതിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സ്വഹാബാക്കളുടെയും മറ്റു അഹ്മദികളുടെയും ത്യാഗത്തെ പറ്റി പറ ഞ്ഞിരുന്നു. പറയുന്നു: അതിന് ഏതാനും ദിവസങ്ങൾക്കുശേഷം എന്റെ ഹൃദയത്തിൽ ഒരു ആവേശമുണ്ടായി. മൊറോക്കോ സദ്ർ ജമാഅത്തിനോട് ഞാൻ പറഞ്ഞു: 'ഞാൻ വസിയ്യത്ത് ചെയ്യാൻ ആഗ്രഹിക്കുന്നു. അ ദ്ദേഹം ചില നിബന്ധനകളും കടമകളും പ റഞ്ഞു തന്നു. അങ്ങനെ എന്റെ ആവേശം വീണ്ടും വർധിച്ചു. അങ്ങനെ വസിയ്യത്ത് ചെ യ്തു. പിന്നെ ഏതാനും മാസംകൊണ്ട് തന്റെ അവസ്ഥകൾ നന്നായിതുടങ്ങി. എനിക്ക് ഒരു കമ്പനിയിൽ നല്ല വരുമാനമുള്ള ജോലി കിട്ടി. ഇപ്പോൾ ഞാൻ ഈ കമ്പനിയിൽ മറ്റൊരു പട്ടണത്തിൽ മാനേജരായി ജോലി ചെയ്യുന്നു. എന്റെ ശമ്പളം 3 മാസം കൊ ണ്ട് ഇരട്ടിയായി. കമ്പനിക്ക് തന്റെമേൽ എത്രമാത്രം വിശ്വാസമുണ്ടെന്നാൽ ഞാൻ മൊറോക്കോയിലെ തലസ്ഥാനത്തുനിന്ന് മറ്റ് സ്ഥലത്തേക്ക് പോകുമ്പോൾ മാനേ ജർ എന്നോട് പറഞ്ഞു: 'നിങ്ങളെപ്പോലെ ജോലി ചെയ്യുന്ന മറ്റു അഹ്മദികൾക്കു ജോലി വേണമെങ്കിൽ അറിയിക്കണം.' പറയുന്നു: ഇതു കേട്ടപ്പോൾ ഞാൻ വളരെ വികാരഭരിതനായി എന്റെ കണ്ണുകളിൽ കണ്ണീർ നിറഞ്ഞു. ഞാൻ എന്റെ പട്ടണത്തിലെ ഒരു അഹ്മദി സുഹൃത്തിനോട് പറയുകയും അദ്ദേഹത്തിന് ജോലി കിട്ടുകയും ചെയ്തു. അദ്ദേഹത്തേയും ഇപ്പോൾ മാനേജരാക്കിയിട്ടുണ്ട്.' പറയുന്നു: ചന്ദ കൊടുക്കുന്നതുകൊണ്ട് കുടുംബത്തിന് എന്റെമേൽ പ്രഷർറുണ്ട്. ചില കുടുംബക്കാരും പരിഹസിക്കാറുണ്ട്. എന്നാൽ, അല്ലാഹുവിന്റെ അനുഗ്രഹത്താൽ ചന്ദ കൊടുത്തതുകൊണ്ട് ഒരിക്കലും സാമ്പത്തിക പ്രയാസങ്ങൾ അഭി മുഖീകരിക്കേണ്ടി വന്നിട്ടില്ല.

ഓസ്ട്രേലിയാ(Australia)യിലെ മുറബ്ബി സാ ഹിബ് പർഥിൽനിന്ന് എഴുതുന്നു: പർഥി ലുള്ള ഒരു ഖാദിം ഈ വർഷത്തെ തഹ്‌രീ ക്കെ ജദീദ് ചന്ദ കൊടുത്തിട്ടുണ്ടായിരുന്നില്ല. ചന്ദ കൊടുക്കാൻ ശ്രദ്ധക്ഷണിച്ചപ്പോൾ പ റഞ്ഞു: കോവിഡു കാരണം ജോലിയൊന്നും ഇല്ല. സാമ്പത്തിക പ്രയാസത്തിലാണ്. കുറ ച്ചു ദിവസം കഴിഞ്ഞ് കണ്ടപ്പോൾ പറഞ്ഞു: 'ഞാൻ ചന്ദ പൂർത്തിയാക്കാൻ വീട്ടിലെ ചി ല സാധനങ്ങൾ വിൽക്കുകയുണ്ടായി. ഞാൻ അങ്ങനെ ചെയ്തപ്പോൾ ഏതാനും ദിവസം കൊണ്ട് എനിക്ക് ജോലി സംബന്ധമായി പു തിയ നാലു കോൺട്രക്റ്റുകൾ കിട്ടി. അതി നോടൊപ്പം പുതിയൊരു ജോലിയും കിട്ടി. അതെല്ലാം Expences paid job ആയിരുന്നു. അതിന്റെ വരുമാനം നേരത്തേതിലും വളരെ കൂടുതലാണ്. പിന്നെ ഞാൻ കണ്ടത് തന്റെ വീട്ടിലെ ഏതൊരു സാധനം വിറ്റിട്ടാണോ ഞാൻ ചന്ദകൊടുത്തത് അല്ലാഹുവിന്റെ അനുഗ്രഹത്താൽ അവൻ അത് ഉടൻതന്നെ മടക്കി തരുന്നതാണ്!

ഓസ്ട്രേലിയാ(Australia) സൗത്തിലെ മറ്റൊ രു ടൗണിലുള്ള തഹ്‌രീക്കെ ജദീദ് സെ ക്രട്ടറി പറയുന്നു: ആത്മാർഥനായ ഒരു അഹ്മദിയുടെ തഹ്‌രീക്കെ ജദീദ് ചന്ദ കുടി ശ്ശികയുണ്ടായിരുന്നു. അതേകുറിച്ച് ഉണർ ത്തിയപ്പോൾ പറഞ്ഞു: 'ഞാൻ വീട് വിൽക്കാൻ വെച്ചിരിക്കുകയാണ്. വീട് വിറ്റയുടൻ തന്നെ ചന്ദ കൊടുക്കുന്നതാണ്. 2 ദിവസം കഴിഞ്ഞപ്പോൾ അദ്ദേഹത്തിന്റെ ഫോൺ വന്നു, അദ്ദേഹം പറ ഞ്ഞു: 'എന്റെ വീട് അവിചാരിതമായി ന ല്ല ലാഭത്തിൽ വിറ്റിരിക്കുന്നു. അത് ചന്ദ കൊ ടുക്കാമെന്ന വാഗ്ദാനം കാരണമാണെന്ന് അദ്ദേഹത്തിന് ഉറപ്പുണ്ടായിരുന്നു. അങ്ങനെ വാഗ്ദാനത്തേക്കാളും 6 ഇരട്ടി തഹ്‌രീക്കെ ജദീദ് ചന്ദ കൊടുക്കുകയുണ്ടായി. അല്ലാ ഹു ഭൗതിക ലാഭങ്ങൾകൊണ്ടും അനുഗ്ര ഹിക്കാറുണ്ട്. അതുമുഖേനയും ഒരു അഹ് മദിക്ക്, 'ഇതൊന്നും തന്റെ സാമർഥ്യം കൊണ്ടല്ലെന്നും മറിച്ച് ത്യാഗത്തിന്റെ ഫല മാണെന്നും അറിയാൻ കഴിയുന്നു. ഇതാണ് ഒരോ അഹ്മദിയുടെ ചിന്ത. മറ്റാർക്കും ഈ ചിന്ത ഉണ്ടാകണമെന്നില്ല.

അർജന്റീന(Argentina)യിലെ മുബല്ലിഗ് എഴു തുന്നു: 'ഞാൻ സാമ്പത്തിക ത്യാഗത്തിലേക്ക് ശ്രദ്ധ തിരിക്കാനുള്ള ലേഖനമെഴുതി. അ തിൽ അദ്ദേഹം എന്റെ ഖുത്ബയിൽ നി ന്നുള്ള ഒരു വാചകവും എഴുതിയിരുന്നു. സാ മ്പത്തിക ത്യാഗം ചെയ്യേണ്ടത് നിർബന്ധ മാണെന്ന് നവ അഹ്മദികളോട് പറയുക. അവരോട് പറയുക, നിങ്ങളുടെ പക്കൽ അഹ്മദിയാ സന്ദേശമെത്തിയത് തഹ്‌രീക്കെ ജദീദിന് സാമ്പത്തിക ത്യാഗം ചെയ്ത വർ കാരണമാണ്. അതുകൊണ്ട് അതിൽ ഭാഗഭാക്കാകുക. അങ്ങനെ തങ്ങളുടെ ജീവി

തത്തേയും സമ്പന്നമാക്കുക. ഈ സന്ദേശത്തെ മറ്റുള്ളവരിലേക്ക് എത്തിക്കണമെന്ന് അറിയിക്കുക.' ഈ ഉദ്ധരണി എന്റെ ഖുത്ബയിൽ നിന്നെടുത്ത് അവർ പ്രസിദ്ധീകരിച്ചിരുന്നു. പറയുന്നു: 'ഈ പ്രബന്ധം ജമാഅത്തംഗങ്ങൾക്ക് അയച്ചുകൊടുത്തു. ഖാദിമായ അനസ് ഇസ്ക്യുയേൽ(Anas Ezequiel) സാഹിബ് പറയുന്നു: ഞാനുമായി കോൺടാക്റ്റ് ചെയ്തിട്ട് പറഞ്ഞു, തഹ്രീക് ജദീദിൽ ചന്ദ കൊടുക്കാൻ മസ്ജിദിൽ വരാനാഗ്രഹിക്കുന്നു. കഠിനമായ ചൂടായിരുന്നെങ്കിലും സ്കൂൾ വിട്ട ഉടനെ പബ്ലിക്ക് ബസ്സിൽ 1 മണിക്കൂറിലധികം യാത്ര ചെയ്ത് മിഷൻ ഹൗസിലെത്തി. ആയിരം അർജന്റെയിൻ പെസോ തഹ്രീക്കെ ജദീദിൽ നൽകി. പറയുന്നു: എനിക്ക് വളരെ ആശ്ചര്യം തോന്നി. അയാളുടെ സാമ്പത്തിക സ്ഥിതി മെച്ചമായിരുന്നില്ല. സ്കൂളിൽ വിദ്യാർഥിയുമായിരുന്നു. അദ്ദേഹത്തിന് പ്രത്യേക വരുമാനത്തിനുള്ള മാർഗവുമില്ലായിരുന്നു. കുടുംബ സാഹചര്യവും മെച്ചമുള്ളതായിരുന്നില്ല. പറയുന്നു: പെസോയുടെ കുറവ് കാരണം അദ്ദേഹം ഉച്ചക്ക് ഭക്ഷണവും കഴിച്ചിരുന്നില്ല. ചോദിച്ചപ്പോൾ പറഞ്ഞു നവഅഹ്മദികളും തഹ്രീക്കെജദീദിൽ ഭാഗഭാക്കാകണമെന്ന് കാലത്തിന്റെ ഖലീഫയുടെ വാക്കുകൾ അദ്ദേഹത്തിന്റെ മനസ്സിനെ വല്ലാതെ സ്വാധീനിക്കുകയുണ്ടായി. കാരണം അദ്ദേഹത്തിന് തഹ്രീക്കെ ജദീദ് മുഖേനയാണ് അഹ്മദിയ്യത്തിന്റെ സന്ദേശം എത്തിയത്. പറയുന്നു: ഒരുവശത്ത് ഞാൻ ഈ സന്ദേശത്തിന്റെ വാക്കുകൾ വായിച്ചു. മറുഭാഗത്ത് അതേ ദിവസം വിശുദ്ധ ഖുർആൻ പാരായണത്തിൽ അല്ലാഹു പറയുന്നു: ശുഹദാക്കളും അവരുടെ ത്യാഗങ്ങളും മരിച്ചതാണെന്ന് കരുതരുത്.പ്രത്യുത അവർ എന്നെന്നും ജീവിക്കുന്നവരാകുന്നു.' പറയുന്നു: എന്റെ മരണ ശേഷവും എന്നെന്നും പ്രതിഫലവും പ്രയോജനവും കിട്ടുന്നതും എന്നെന്നും നിലനിൽക്കുന്നതുമായ ത്യാഗം ചെയ്യണമെന്ന് എന്റെ മനസ്സിലും ആഗ്രഹമുണ്ടായി. പറയുന്നു: 'എന്റെ കുടുംബത്തിൽ എല്ലാവരും അനഹ്മദികളാണ്. എന്റെ ജന്മദിനത്തിൽ കുറച്ചുതുക ഉപഹാരമായി തന്നിരുന്നു. എനിക്ക് കിട്ടിയതുപോലെ ഈ തുക മുഖേന മറ്റുള്ളവരിലേക്ക് അഹ്മദിയ്യത്തിന്റെ സന്ദേശം എത്തുന്നതിനുവേണ്ടി ഞാൻ ആ സംഖ്യയിൽ നിന്ന് ബാക്കി വന്നത് മുഴുവനും തഹ്രീക്കെജദീദിൽ നൽകി. ഇതാണ് അഹ്മദികൾ മുഖേന ജനങ്ങളിൽ ഉണ്ടാകുന്ന വിപ്ലവം.

പുതിയ അഹ്മദികളാണെങ്കിലും പഴയ അഹ്മദികളാണെങ്കിലും അഹ്മദിയ്യാ ജമാഅത്ത് എങ്ങനെയാണ് പണം ചെലവഴിക്കുന്നതെന്നും എവിടെയെല്ലാമാണ് ചെലവഴിക്കുന്നതെന്നും കേൾക്കുമ്പോൾ ഒരു പ്രത്യേക പ്രഭാവം ഉണ്ടാകുന്നു. ഏതെങ്കിലും ജമാഅത്തിൽ ഇക്കാര്യത്തിലേക്ക് ശ്രദ്ധ കുറവാണെങ്കിൽ ശ്രദ്ധക്ഷണിക്കുക. ഉദ്ദേശ്യങ്ങൾ വിവരിച്ചു കൊടുക്കുക. പ്രാധാന്യം പറഞ്ഞുകൊടുക്കുക അങ്ങനെയായാൽ അവരുടെ ചന്ദ വർധിക്കുന്നതാണ്.

ലൈബീരിയാ(LIberia)യിലെ ഒരു സംഭവമാണ്. ഒരു ലോക്കൽ മുഅല്ലിം മൂർതളാ സാഹിബ് പുതിയ അഹ്മദികൾ ധാരാളമുള്ള ജമാഅത്തിലേക്കു-അതായത്ഈജമാഅത്തിൽ ക്രിസ്തു മതത്തിൽ നിന്ന് ഇസ്ലാമിലേക്ക് വന്നവരാണ് കൂടുതലും-തഹ്രീക്കെ ജദീദ് സംബന്ധിച്ച് പര്യടനത്തിന് പോയി. അദ്ദേഹം ഗ്രാമത്തിലെത്തിയപ്പോൾ ഉച്ചസമയം ആയിരുന്നു. അധികമാളുകളും തങ്ങളുടെ ജോലിക്കുവേണ്ടി കൃഷിയിടങ്ങളിലേക്ക് പോയിരുന്നു. അദ്ദേഹം അവിടെ ഉള്ളവരോട് പറഞ്ഞു, 'ഞാൻ ഇന്ന് രാത്രി ഇവിടെ താമസിക്കുന്നതാണ്. നൂർ ശതമാനം ആളുകളും ഈ അനുഗൃഹീത പദ്ധതിയിൽ ഭാഗഭാക്കാകാതെ ഞാൻ ഇവിടെനിന്ന് പോകുന്നതല്ല.' രാത്രി എല്ലാവരും ഗ്രാമത്തിൽ തിരിച്ചെത്തിയപ്പോൾ അദ്ദേഹം അവർക്ക് മുന്നിൽ തഹ്രീക്കെ ജദീദിന്റെ മഹത്തായ ആഹ്വാനത്തിന്റെ പശ്ചാത്തലവും പ്രാധാന്യവും വിവരിച്ചു. എല്ലാവരോടും അതിൽ ചേരുവാൻ പറഞ്ഞു. അല്ലാഹുവിന്റെ അനുഗ്രഹത്താൽ സ്ത്രീകളുൾപ്പെടെ എല്ലാവരും അതിൽ ആവേശത്തോടെ ഭാഗഭാക്കായി. അടുത്ത ദിവസം രാവിലെ തിരിച്ചുവരാൻ ഒരുങ്ങുമ്പോൾ അൽഫാൻഷു സാഹിബ് എന്ന ആൾ 2 മാസമായി പുറത്ത് കൃഷിയിടത്തിലാണെന്നും അദ്ദേഹം തഹ്രീക്കെ ജദീദ് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ലെന്നും ആരോ വന്നു പറഞ്ഞു. പക്ഷേ, അവർക്ക് എത്താൻ കഴിയില്ല. കാരണം അദ്ദേഹത്തിന്റെ ഭൂമി കുറേ ദൂരെയാണ്. മഴ കാരണം വഴികൾ തടസപെട്ടിരിക്കുന്നു. മുഅല്ലിം സാഹിബ് പറഞ്ഞു: 'ഞാൻ അദ്ദേഹത്തിന്റെ അടുത്ത് എത്തുന്നതാണ്. നിങ്ങളുടെ ജമാഅത്തിൽ 100% ആളുകളും ഇതിൽ ഉൾപ്പെടണം.' ജമാഅത്തിലെ ആളുകൾ അദ്ദേഹം പോകുന്നത് തടയാൻ ശ്രമിച്ചെങ്കിലും അദ്ദേഹം നിർബന്ധം പിടിച്ചുകൊണ്ടിരുന്നു. ചില സുഹൃത്തുക്കൾ അദ്ദേഹത്തോടൊപ്പം പുറപ്പെട്ടു. രണ്ടര മണിക്കൂർ കാൽനട യാത്ര നടത്തി അവർ അൽഫാൻഷു സാഹിബിന്റെ അടുക്കലെത്തി. അപ്പോൾ അദ്ദേഹത്തിന് അതിൽ അതിയായ സന്തോഷമുണ്ടായി. ഉടൻ തന്നെ ആദ്ദേഹം തഹ്രീക്കെ ജദീദ് ചന്ദ കൊടുത്തു. അൽഫാൻഷു സാഹിബിന്റെ ഭാര്യയും മക്കളും അദ്ദേഹത്തോടൊപ്പംതന്നെ താമസിച്ചിരുന്നു. ഭാര്യ അഹ്മദിയായിട്ടുണ്ടായിരുന്നില്ല. ഈ കാര്യങ്ങളെല്ലാം കണ്ടപ്പോൾ ഭാര്യ പറഞ്ഞു, ഞാൻ അഹ്മദികളുടെ ദീനീ സേവനത്തിനുള്ള ആവേശത്തിൽ പ്രഭാവിതയാണ്. ആയതിനാൽ ഇന്ന് ഞാൻ ഈ ജമാഅത്തിൽ ചേരുകയാണ്. എന്റെ മക്കളും ഈ ജമാഅത്തിന്റെ ഭാഗമാകുന്നതാണ്. അങ്ങനെ അതിന്റെ അനുഗ്രഹഫലമായി ഒരു കുടുംബത്തിന് അഹ്മദിയ്യത്തിൽ ചേരാനും സൗഭാഗ്യം ലഭിച്ചു.

ബയ്അത്തിനുശേഷം സാമ്പത്തിക ത്യാഗം എത്രമാത്രം അനിവാര്യമാണെന്ന് ജനങ്ങൾക്ക് ബോധ്യംവരുന്നു. മാലി(Mali)യിലുള്ള മുബല്ലിഗ് സാഹിബ് എഴുതുന്നു: ഒരു റീജ്യണിൽ സയ്യിദു സാഹിബ് എന്നൊരാളുണ്ട്. ഒരു ദിവസം അദ്ദേഹം കേത്തയിലെ അഹ്മദിയ്യാ മിഷൻ ഹൗസിൽ വന്നു. തന്റെ തഹ്രീക്കെ ജദീദ് കൊടുത്തുകൊണ്ട് പറഞ്ഞു: 'തഹ്രീക്കെ ജദീദ് വർഷം അവസാനിക്കുകയാണ്. ഞാൻ വളരെ അസ്വസ്ഥനായിരുന്നു. അല്ലാഹു എനിക്ക് തഹ്രീക്കെ ജദീദ് വാഗ്ദാനം പൂർത്തിയാക്കാൻ തൗഫീഖ് നൽകട്ടെ എന്ന ആഗ്രഹത്തിലായിരുന്നു. ഇന്ന് അല്ലാഹു എനിക്ക് അതിന് തൗഫീഖ് നൽകി. അതുകൊണ്ടാണ് ഞാൻ വന്നത്. അദ്ദേഹത്തിന് ഒരു കാലിന് സ്വാധീനമില്ലായിരുന്നു. അദ്ദേഹത്തോട് പറഞ്ഞു: 'എന്തിനാണ് താങ്കൾ ബുദ്ധിമുട്ടിയത്. പറഞ്ഞിരുന്നെങ്കിൽ ഞാൻ അങ്ങോട്ട് താങ്കളുടെ അടുക്കൽ വരുമായിരുന്നു.' അപ്പോൾ വളരെ ആവേശത്തോടെ അദ്ദേഹം പറഞ്ഞു: 'ഞാൻ ഇമാം മഹ്ദിയിൽ വിശ്വസിച്ചിരിക്കുന്നു. ഞാൻ ഭൗതികമായ ശാരീരിക ന്യുനതയുള്ളവനാണെങ്കിലും ഞാൻ എന്നെ ശാരീരിക സൗഖ്യമുള്ളവരെക്കാളുംമെച്ചപ്പെട്ടവനാണെന്ന് കരുതുന്നു. അല്ലാഹുവിന്റെ അനുഗ്രഹത്താൽ ദീനിന്റെ കാര്യത്തിൽ വേദനയുണ്ട്. അതുകൊണ്ട് ഒരുപക്ഷെ, അല്ലാഹുവിന്റെ ദീനിന്റെ നന്മക്കുവേണ്ടി ഇവിടംവരെ നടന്നുവന്നത് അല്ലാഹുവിന്റെ സവിധത്തിൽ സ്വീകൃതമാകും. അതെനിക്ക് പൊറുക്കലിന് കാരണവുമാകും'

ബെനിൻ (Benin)നിൽ നിന്ന് മുബല്ലിഗ് സാഹിബ് എഴുതുന്നു: 'ലോക്കൽ മുഅല്ലിം മൗത്തോവാമ(Moutowama) സാഹിബ് പറയുന്നു: 'എന്റെ സോണിലുള്ള ഒരു പുതിയ ജമാഅത്തിൽ പോയി. അവിടെ സ്വദ്ർ ജമാഅത്ത് ഇസ്മായിൽ സാഹിബ് പറഞ്ഞു: ഞങ്ങൾ ആരംഭം മുതൽതന്നെ മുസ്ലിമീങ്ങളാണ്. എല്ലാവരും എല്ലാ വർഷവും സാമ്പത്തിക ത്യാഗം അഥവാ അല്ലാഹുവിന്റെ മാർഗത്തിൽ ഇമാമിന് കൊടുത്തുകൊണ്ടിരിക്കുന്നു. ഞങ്ങൾ അഹ്മദികളായി അഹ്മദിയ്യാ ജമാഅത്തിൽ ആദ്യമായി ധനത്യാഗം ചെയ്യുകയാണ്. ഇതിന് മുമ്പേ ഇമാമിന് നൽകുന്നത് അദ്ദേഹത്തിന്റെ ചെലവിലേക്കാണ് പോയിരുന്നത്. എന്നാൽ, ഞങ്ങൾ അഹ്മദിയ്യാ ജമാഅത്തിന്റെ മുബല്ലിഗിന് സാമ്പത്തിക ത്യാഗത്തിൽ നൽകിയ തുക ചെലവഴിക്കുന്നത് സംബന്ധിച്ച് ഞങ്ങൾ ചോദിച്ചപ്പോൾ അദ്ദേഹം ധനത്യാഗത്തിന്റെ മഹത്തായ ചെലവുകളെ പറ്റി പറഞ്ഞു തന്നു. അതേകുറിച്ച് ഞങ്ങൾക്ക് അറിയില്ലായിരുന്നു. ഈ നൽകുന്ന നിസാര തുകയേയും ജമാഅത്ത് പാഴാക്കുന്നില്ല. മറിച്ച് ഈ നിസാര തുകയും വലുതും ചെറുതുമായ നന്മയുള്ള പ്രവർത്തനങ്ങൾക്കും ഇസ്ലാമിന്റെ പ്രചാരണത്തിനും ചെലവഴിക്കുന്നു. ഒരാൾ ഏതാനും ഫ്രാങ്കാണ് ചന്ദ നൽകുന്നതെങ്കിലും അയാൾ അതിന്റെ ഏറ്റവും നല്ല പ്രതിഫലമാണ് നേടുന്നത്. ആയതിനാൽ ഞങ്ങൾ ത്യാഗത്തിന്റെ ഈ തത്ത്വം മനസിലാക്കിക്കൊണ്ടാണ് തഹ്രീക്കെ ജദീദിൽ ചന്ദ കൊടുക്കുന്നത്. ഈ


**അല്ലാഹുവിന്റെ കലാം:**

**"തീർച്ചയായും ഖുർആനിനെ(മനസ്സിലാക്കാനും) ഓർമിക്കാനും നാം എളുപ്പമുള്ളതാക്കിയിരിക്കുന്നു. എന്നാൽ, ഓർമവെക്കുന്ന വല്ലവനുമുണ്ടോ?"**

*(വിശുദ്ധ ഖുർആൻ 54:18)*

**താലിബെ ദുആ: K.Muhammad Safwan & Family**
**Ahmadiyya Jama-ath Kakkanad, Kerala**

**അല്ലാഹുവിന്റെ കലാം:**

**"ഇബ്റാഹീം (പ്രാർഥിച്ചുകൊണ്ടു) പറഞ്ഞ സന്ദർഭം (സ്മരിക്കുക). എന്റെ നാഥാ! ഈ പട്ടണത്തെ സമാധാന പൂർണമാക്കേണമേ. എന്നേയും എന്റെ സന്തതികളേയും ഞങ്ങൾ വിഗ്രഹങ്ങളെ ആരാധിക്കുന്നതിൽനിന്ന് അകറ്റുകയും ചെയ്യേണമെ."** *(വിശുദ്ധ ഖുർആൻ 14:36)*

**താലിബെ ദുആ: K.Muhammad Shareef &Family**
**Ahmadiyya Jama-ath Vaniyambalam, Kerala**

**EDITOR**
**H.Shamsuddin**

Sub Editor : Mohammad Ismaeel
Mobile : 91 9446656123
e-mail : badarkerla@gmail.com

REGISTERED WITH THE REGISTRAR OF THE NEWSPAPER FOR INDIA AT NO PUNMAL/2016/70551

ബദ്ർ വീക്കിലി ഖാദിയാൻ    Weekly **BADAR** Qadian

Distt. Gurdaspur (Pb.) INDIA Qadian - 143516

POSTAL REG NO GDP- 44/2020-2022 Vol-6 Thursday 16 December 2021 Issue-50

**MANAGER**
**SHAIKH MUJAHID AHMAD**

Mobile: +91 99153 79255
e-mail : managerbadrqnd@gmail.com
website : www.alislam.org/badr

**ANNUAL SUBSCRIPTION** : Rs. 575/- (Per Issue : Rs.11.50/-) (**WEIGHT** - 20-50 gms/issue)

വർഷം ഞങ്ങളുടെ വീടുകളിൽ സാമ്പത്തിക പ്രയാസമുണ്ടായിരുന്നില്ല എന്ന് ഞങ്ങൾക്ക് അനുഭവപ്പെട്ടതാണ്. ഞങ്ങളുടെയും മക്കളുടെയും ആരോഗ്യത്തിന് എല്ലാ ദിവസവും ചെലവഴിക്കാറുണ്ടായിരുന്നു. ഞങ്ങൾക്ക് ഇത്തവണ അതു വേണ്ടിവന്നില്ല. ഞങ്ങളുടെ നമസ്കാര ഹാജർ നേരത്തേതിലും മെച്ചപ്പെട്ടു. അല്ലാഹു ഞങ്ങളെ സംരക്ഷിച്ചു. അല്ലാഹുവിന്റെ അനുഗ്രഹത്താൽ ധനത്യാഗത്തിനുശേഷം ഞങ്ങളുടെ ത്യാഗം വ്യഥാവിലായില്ലെന്ന മനഃസമാധാനവും സംതൃപ്തിയും ഞങ്ങൾക്കു ലഭ്യമായി.

ചിലർ പറയുന്നത് ആഫ്രിക്കയിലെ വിദൂര നാട്ടിൽ കഴിയുന്ന നിരക്ഷരരായ ജനങ്ങൾക്ക് ചിന്താശേഷി ഇല്ലെന്നാണ്. എന്നാൽ, ഇത്തരം ചിന്തകളും ഉന്നതമായ ധാരണകളും വലിയ വിദ്യാസമ്പന്നരായ ആളുകൾക്കുപോലും ഉണ്ടാകാറില്ല. അവർ എങ്ങനെയാണ് എല്ലാ കാര്യങ്ങളും പറയുന്നത്. ധനത്യാഗത്തിന്റെ പ്രാധാന്യവും അവർക്ക് ബോധ്യമാകുന്നതാണ്. ബയ്അത്തിനുശേഷം ഈ വിപ്ലവമാണ് ജനങ്ങൾക്കുണ്ടാകുന്നത്.

അല്ലാഹു നമുക്കെല്ലാവർക്കും ഇസ്ലാമിക പ്രചാരണത്തിന് ത്യാഗം ചെയ്യാൻ തൗഫീഖ് നൽകുമാറാകട്ടെ. പരിശുദ്ധ സമ്പാദ്യത്തിൽ നിന്ന് ത്യാഗം ചെയ്യുന്നവരാക്കുമാറാകട്ടെ. അല്ലാഹുവിന്റെ പക്കൽ ഈ ത്യാഗങ്ങൾ സ്വീകരിക്കപ്പെടുമാറാകട്ടെ. അല്ലാഹു നമ്മളിൽ തൃപ്തനാകുമാറാകട്ടെ.

ഇനി ഞാൻ തഹ്‌രീക്കെജദീദ് പുതുവർഷം വിളംബരപ്പെടുത്തുകയാണ്. ചില കണക്കുകൾ സമർപ്പിക്കുന്നതാണ്. അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഒക്ടോബർ 31-ന് 87ാം വർഷം അവസാനിച്ചു.

88-ാം വർഷം ആരംഭിച്ചിരിക്കുന്നു. ദൈവകൃപ കൊണ്ട് തഹ്‌രീക്കെ ജദീദിനുള്ള സാമ്പത്തിക സഹായത്തിൽ 15.3 മില്യൺപൗണ്ട് ത്യാഗം ചെയ്യാൻ തൗഫീഖ് ലഭിച്ചിരിക്കുന്നു. ഇത് കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് 8 ലക്ഷത്തി 42-ായിരം പൗണ്ട് അധികമാണ്. ലോകംമുഴുവനുമുള്ള ജമാഅത്തുകളിൽ ജർമനി പ്രകടമായും വളരെ മുന്നിലാണ്. പാക്കിസ്താനിലെ സാമ്പത്തികാവസ്ഥയും മോശമാണ്. ത്യാഗത്തിൽ അവർ മുന്നേറുന്നുണ്ട്. അവർക്കുവേണ്ടിയും ദുആ ചെയ്യുക. ഇതു കൂടാതെയും ഇപ്പോൾ അവർ പൊതുവിൽ പ്രയാസങ്ങളിൽ അകപ്പെട്ടിരിക്കുകയാണ്. എന്നും കേസുകളുണ്ടാകുന്നു. ആർക്കെങ്കിലുമൊക്കെ എതിരിൽ കേസുണ്ടായിക്കൊണ്ടിരിക്കുന്നു. നിയമം അവരെ കഴിവതും ഞെക്കി ഞെരുക്കാനും പ്രയാസപ്പെടുത്താനും ശ്രമിക്കുന്നു. അല്ലാഹു അവരുടെ പ്രയാസങ്ങൾ അകറ്റുമാറാകട്ടെ. അവർക്ക് സ്വതന്ത്രമായി തങ്ങളുടെ ആക്റ്റിവിറ്റികൾ നടത്താൻ കഴിയുമാറാകട്ടെ. ഇജ്തിമകളും ജൽസകളും നടത്താൻ കഴിയുമാറാകട്ടെ. തുറന്ന രീതിയിൽ ത്യാഗങ്ങൾ പ്രകടിപ്പിക്കാൻ കഴിയട്ടെ. അവർ പ്രകടിപ്പിക്കുന്നത് നമുക്ക് വെളിപ്പെടുത്താൻ കഴിയുമാറാകട്ടെ. നിർബന്ധിത സഹചര്യങ്ങൾ കാരണം അവരുടെ ത്യാഗങ്ങളെ പറ്റി പരാമർശിക്കാൻപോലും കഴിയുന്നില്ല.

ഏതായിരുന്നാലും അവരെക്കൂടാതെ ത്യാഗം ചെയ്യുന്നവരിൽ ജർമനി ഒന്നാം സ്ഥാനത്താണ്. അതിനുശേഷം ബ്രിട്ടൻ, പിന്നെ അമേരിക്ക മൂന്നാം സ്ഥാനത്ത്. നാലാം സ്ഥാനത്ത് കനഡയാണ്. അഞ്ചാം സ്ഥാനത്ത് മധ്യേഷ്യയിലെ ഒരു ജമാഅത്താണ്. ആറാം സ്ഥാനത്ത് ഭാരതം. ഏഴാം സ്ഥാനത്ത് ഓസ്ട്രേലിയ, എട്ടാം സ്ഥാനത്ത് ഇന്തൊനേഷ്യ, ഒമ്പതാം സ്ഥാനത്ത് ഘാന, പത്താം സ്ഥാനത്ത് മിഡിൽ ഈസ്റ്റിലെ ഒരു ജമാഅത്താകുന്നു.

ആഫ്രിക്കൻ നാടുകളിൽ മൊത്തം പിരിവിന്റെ അടിസ്ഥാനത്തിൽ പ്രകടമായ സ്ഥാനം ഘാനക്കാണ്. പിന്നെ നൈജീരിയ, ശേഷം ബുർക്കിനാ ഫാസോ (Burkina Faso), തുടർന്ന് ടൻസാനിയ, പിന്നെ സിയറ ലിയോൺ (Sierra Leone) സിയറ ലിയോണിനെ പറ്റി നേരത്തേയും ഞാൻ പറഞ്ഞത്, മുന്നേറാൻ അവർക്കു സാധിക്കുമെന്നാണ്. അതിനുള്ള സഹചര്യവുമുണ്ട്. എന്നാൽ, നൽകേണ്ടത്ര ശ്രദ്ധ നൽകുന്നില്ല. ശരിയായ നിലയിൽ ജനങ്ങൾക്ക് ത്യാഗത്തെപറ്റി പറഞ്ഞുകൊടുത്താൽ ഞാൻ പറഞ്ഞുവന്നതുപോലെ ജനങ്ങൾ ത്യാഗം ചെയ്യുന്നവരാണ്. തുടർന്ന് ഗാംബിയ, പിന്നെ ബെനിൻ, ശേഷം ഉഗാണ്ട, അതുകഴിഞ്ഞ് കെനിയ. ശേഷം ലൈബീരിയ. ഭാഗഭാക്കായവരുടെ എണ്ണത്തിൽ നൈജീരിയയാണ് ഒന്നാമത്. പിന്നെ ഗാംബിയ, തുടർന്ന് സെനഗൽ, ശേഷം ഘാന, പിന്നെ ടൻസാനിയ. അത് കഴിഞ്ഞ് ഗിനികൊണാക്രി(Guinea Conakry), മലാവി(Malawi), ഉഗാണ്ട, ഗിനി-ബിസോ(GuineaBissau), കോംഗോ കിൻഷാസാ(Congo kinshasa), ബുർക്കിനാ ഫാസോ (Burkina Faso), കോംഗോ ബ്രസ്സാവേൽ (Congo Brazzaville).

ഭാഗഭാക്കയവരിൽ ആഫ്രിക്ക ഒഴികെയുള്ള രാജ്യങ്ങളിൽ വർദ്ധനത്തിന്റെ കാര്യത്തിൽ ആദ്യം ജർമനിയാകുന്നു. പിന്നെ ബ്രിട്ടൻ, പിന്നെ ഹോളണ്ട്. ശേഷം ബാംഗ്ലാദേശ്, തുടർന്ന് മൗറീഷ്യസ്(Mauritius), ഒന്നാം ലഡ്ജറിന്റെ എല്ലാ അക്കൗണ്ടുകളും അല്ലാഹുവിന്റെ അനുഗ്രഹത്താൽ സജീവമാണ്.

ജർമനിയിലെ ആദ്യ 10 ജമാഅത്തുകൾ റോഡർ മാർക്ക്(Rodermark), നോയിസ്(Neuss) മഹ്ദിയാബാദ്(MahdiAbad) കൊലൻ(Koln), റോഡ്ഗൌ(Rodgau), നേഡ(Nidda), ഫ്ളോറോസ്ഹൈം, (Florsheim)പിന്നർ ബോർഗ്(Pinnerberg), ഫ്രക്കട്ട്ഹാൽ(Frankenthal), ഹൗസംബർഗ്(Osnabruck)

ആദ്യത്തെ 10 ലോക്കൽ ജമാഅത്തുകൾ ഹംബർഗ്(Hamburg), ഫ്രാങ്ക്ഫർട്ട്(Frankfurt), ഗ്രോസ്-ഗ്രാവോ(Gross-Gerau), ഡീഡ്സ്റ്റാഡ്ട്ട് (Diedstadt), വേയസ്ബദൻ(Wiesbaden), മോർഫിൽഡൻ(Morfelden), റീഡ്സ്റ്റാഡ്ട്ട്(Riedstadt), മാൻഹൈം(Mannheim), ഡറംസ്റ്റാഡ്ട്ട്(Darmstadt), റസ്സൽശേം(Russelsheim).

പാക്കിസ്താൻ തഹ്‌രീക്കെ ജദീദിന്റെ ത്യാഗത്തിൽ പിരിവിൽ ഒന്നാം സ്ഥാനം ലാഹോർ. പിന്നെ റബ്‌വ, തുടർന്ന് കറാച്ചി. ജില്ലയിൽ ഇസ്ലാമാബാദ്. പിന്നെ ഗുജ്റൻവാല, സിയാൽക്കോട്ട്, തുടർന്ന് ഉമർക്കോട്ട് പിന്നെ മുൽത്വാൻ, ടോബ ടേക്ക് സിംഗ്, മീർപൂർ ഖാസ്, അട്ടക്ക്, മീർപൂർ കശ്മീർ, ഡേറ ഗാസിഖാൻ.

പിരിവിൽ ഏറ്റവും വലിയ ത്യാഗം ചെയ്ത ഇമാറത്തുകൾ: ഡിഫൻസ് ലഹോർ, ഇമാറത്ത് ഗുൽശൻ ഇഖ്ബാൽ കറാച്ചി, ഇമാറത്ത് അസീസാബാദ് കറാച്ചി, ഇമാറത്ത് ടൗൺഷിപ്പ് ലഹോർ, ഇമാറത്ത് മോഡൻ ടൗൺ ലഹോർ, ഇമാറത്ത് മുഗൾ പൂര ലഹോർ, ഇമാറത്ത് ഡൽഹിഗേറ്റ് ലഹോർ, ഇമാറത്ത് കുൽഫട്ടൺ കറാച്ചി, ബഹാവൽ നഗർ, ഹാഫിളാബാദ് പട്ടണം.

ബ്രിട്ടനിലെ ആദ്യത്തെ 5 റീജനുകൾ: ബയ്ത്തുൽ ഫുതൂഹ്, മസ്ജിദ് ഫള്ൽ, ഇസ്ലാമാബാദ്, മിഡ്ലാന്റ്സ്(Midlands)റീജ്യൺ, ബയ്ത്തുൽ ഇഹ്സാൻ റീജ്യൺ, മൊത്തം പിരിവിന്റെ അടിസ്ഥാനത്തിൽ ബ്രിട്ടനിലെ ആദ്യ പത്ത് ജമാഅത്തുകൾ: ഫർഹൻ ഹം (Farnham), ഇസ്ലാമാബാദ്, സൗത്ത് ചീം (South Cheam),മസ്ജിദ്ഫള്ൽ, വോർസെസ്റ്റർ പാർക്ക്(Worcester Park), ബ്രമിംഗ്ഹാം (Birmingham), സൗത്ത് വാൽസാൾ(South Walsall) ആൽഡർ ശോട്ട്(Aldershot), ജില്ലിൻഗ്ഗാ(Gillingha), ടിൽഫോർഡ്(Tilford)

മൊത്തം പിരിവിൽ യു.എസ്.എ.യിലെ ജമാഅത്തുകൾ: മേരിലാന്റ്(Maryland), ലോസ്ഏഞ്ചൽസ്,(Los Angeles) സിലികോൻ വാലി (Silicon Valley), ചിക്കാഗോ(Chicago), സീട്ടൽ(Seattle), സെൻട്രൽ വിർജീനിയ(Central Virginia), ഓശ്കോശ്(Oshkosh), അറ്റ്ലാന്റാ(Atlanta), ജോർജിയ(Georgia), സൗത്ത് വെർജീനിയCentral Virginia, ഹൂസ്റ്റൻ(Houston), യോർക്ക്(York), ബോസ്റ്റൻ(Boston)

മൊത്തം പിരിവിൽ കനഡയിലെ ലോക്കൽ ഇമാറത്തുകൾ: വാൻ(Vaughan), പീസ് വില്ലേജ്(Peace Village), കാൾഗരി(Calgary) ഇവ രണ്ടും തുല്യമാണ്. പിന്നെ വെൻകൗവർ(Vancouver), ടൊറോന്റോ വെസ്റ്റ്(Toronto West), ടൊറോന്റോ(Toronto)

ഇന്ത്യയിലെ ആദ്യത്തെ പത്ത് ജമാഅത്തുകൾ: ഖാദിയാൻ ഒന്നാം സ്ഥനത്താകുന്നു. പിന്നെ കോയമ്പത്തൂർ(Coimbatore), ഹൈദ്രാബാദ്, കരുളായി, പിന്നെ പത്തപ്പിരിയം, കൊൽക്കത്ത, ബഗ്ലൂരു, കേരംഗ്, കോഴിക്കോട്, മേലെപാളയം.

ത്യാഗത്തിൽ സംസ്ഥാന തലത്തിൽ: കേരളം ഒന്നാം സ്ഥാനത്താണ്. പിന്നെ തമിഴ്നാട്, ജമ്മു കശ്മീർ, കർണാടക, തെലുങ്കാന, ഒഡിശ, പഞ്ചാബ്, ബംഗാൾ, ഡൽഹി, ലക്ഷദ്വീപ്.

ഓസ്ട്രേലിയയിലെ ആദ്യത്തെ പത്ത് ജമാഅത്തുകൾ: മെൽബർൻ ലാങ്ങ്വാറൻ(Melbourne Long Warren), കാസ്റ്റിൽ ഹിൽ(Castle Hill), മാഴ്സഡൻ പാർക്ക്(Marsden Park), മൽബോറനി ബെർവിക് (Melbourne Berwick), ആഡിലൈഡ് സൗത്ത്(Adelaide South) പെൻറിത്ത്(Penrith), എ സി റ്റി കാൻബെർറ(ACT Canberra), പാറമട്ട(Paramatta), ആഡിലൈഡ് വെസ്റ്റ്,(Adelaid West).

അല്ലഹു ധനത്യാഗം ചെയ്ത എല്ലാവരുടെയും സമ്പത്തിലും ആയുസ്സിലും അനുഗ്രഹം ചൊരിയുമാറാകട്ടെ ആമീൻ

Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press. Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin